
വിവർത്തകൻ:
ദിവാകരൻ പോററി

# വഴിപിഴച്ചവർ



O32,3:g
K6
15291

MUL
284498

# വഴിപിഴച്ചവർ

# VAZHI PIZHACHAVAR

[Translated from the original Hindi Stories]

By

DIVAKARAN POTTI

First Impression—May 1966
One Thousand Copies

Publishers:
THE MANGALODAYAM (Private) LTD.,
TRICHUR

Price: Rs. 2—00

Printed at the Mangalodayam Press, Trichur.

# വഴിപിഴച്ചവർ

വിവർത്തകൻ:

ദിവാകരൻപോററി

UNIVERSITY LIBRARY
MADRAS

പ്രസാധകന്മാർ:

മംഗളോദയം (പ്രൈവററ്) ലിമിററഡ്,

തൃശ്ശിവപേരൂർ.

University Grants Commission

1966/1141

ഒന്നാംപതിപ്പ്:
1966 മേയ്
കോപ്പി: 1000

MADRAS UNIVERSITY LIBRARY
6 MAR 2003
CHENNAI-600 005

തൃശ്ശിവപേരൂർ
മംഗളോദയം പ്രസ്സിൽ
അച്ചടിച്ചതു്.

284498
O32,3:g.15ജ
K6

വില:
രണ്ടുറുപ്പിക

## രണ്ടു വാക്കു്

തനിക്കിഷ്ടപ്പെടാത്തതെന്തും പിഴയെന്നു വിധിച്ചു നിഷ്ഠുരണം ഹിംസിക്കാൻ തുനിഞ്ഞിരിക്കുന്ന ഒരു കൂട്ടമാളുകളുണ്ടു് ലോകത്തിൽ. അവക്കുവേണ്ടിത്തന്നെ തിരഞ്ഞെടുത്തു തർജ്ജമചെയ്തവയാണു്; ഇന്നു ജീവിച്ചിരിക്കുന്ന ഹിന്ദീകഥാകാരന്മാരിൽ പഴയതും പുതിയതുമായ തലമുറകളെ പ്രതിനിധീകരിക്കുന്നവരുടെ ഈ അഞ്ചുകഥകൾ. വാസ്തവത്തിൽ സ്നേഹവും സഹാനുഭൂതിയുമില്ലാത്ത പെരുമാററവും വെറുപ്പും വിദ്വേഷവും നിറഞ്ഞ പരിസരങ്ങളുംതന്നെയാണു് മനുഷ്യനെ വഴിതെററിക്കാൻ പ്രേരിപ്പിക്കുന്നതു്. ഇവിടെ വഴിപിഴച്ചവരാരെന്നു വായിക്കുന്നവർതന്നെ തീരുമാനിച്ചുകൊള്ളട്ടെ.

ഇതിൽ ചേർത്തിരിക്കുന്ന കഥകൾ തർജ്ജിമചെയ്തു മലയാളത്തിൽ പ്രസിദ്ധീകരിക്കാൻ സന്തോഷപൂർവ്വം സമ്മതം തന്നു സഹായിച്ച ഡോക്ടർ ധനീരാംപ്രേമ്, മോഹൻചോപ്ര, ദേവേന്ദ്ര, പ്രഭാസ്കുമാർ ചൗധരി, അജ്ഞേയൻ എന്നിവരോടുള്ള കടപ്പാടു പ്രത്യേകം പ്രസ്താവിക്കേണ്ടതുണ്ടു്.

—ദിവാകരൻപോററി

## ദിവാകരൻപോററിയുടെ തർജ്ജമകൾ

1. കൊലമരത്തിൽനിന്നുള്ള കുറിപ്പുകൾ
2. വോൾഗമുതൽ ഗംഗവരെ
3. കമ്പിവേലികൾ
4. ഗോദാനം
5. സേവാസദനം
6. പ്രേമാശ്രമം
7. പ്രേമപഞ്ചമി
8. പ്രേമവേദി
9. വരദാനം
10. വഞ്ചന
11. കർമ്മഭൂമി
12. കായാകല്പം
13. മണ്ണടിഞ്ഞ മംഗല്യം
14. അന്നയും കാറലും
15. പാർട്ടി കോമ്റേഡ്
16. കഴുമരം
17. കശാപ്പുശാല
18. ഭ്രാന്തൻ
19. അശയ
20. നാരി
21. വഴിപിഴച്ചവർ
22. ഹിന്ദിമലയാളനിഘണ്ടു

## ഇതിലുള്ള കഥകൾ

1. വഴിപിഴച്ചവൾ — സച്ചിദാനന്ദ് ഹീരാചന്ദ് 'അജ്ഞേയ്.'

2. പേനയും മഷിയും കുറെ പാട്ടുകളും — പ്രഭാസ്കുമാർ ചൗധരി.

3. ചെറിയ ചെറിയ ആകാശങ്ങളും വളരെയേറെ സൂര്യന്മാരും — ദേവേന്ദ്ര.

4. മൂകനായ മനുഷ്യൻ — മോഹൻചോപ്ര.

5. സഹോദരി — ഡോക്ടർ ധനീരാംപ്രേമ്.

# വഴിപിഴച്ചവൾ

അവൾ മാനുഷിയോ രാക്ഷസിയോ? ഇത്ര ദിവസമാലോചിച്ചിട്ടും എനിക്കിതു മനസ്സിലാക്കാൻ കഴിഞ്ഞിട്ടില്ല. അന്നത്തെ ആ സംഭവം ഒരു സ്വപ്നമല്ലാതെ വാസ്തവമാണെന്നുപോലും വിശ്വസിക്കാൻ ചിലപ്പോൾ പ്രയാസം നേരിടുന്നു. എന്നാൽ മുൻവശത്തെ പൂമരിൽ തൂങ്ങിക്കിടക്കുന്ന ആ മുറിവാളു കാണുമ്പോൾ അതിൻെറ യാഥാർത്ഥ്യം ബോധ്യമാകേണ്ടിവരുന്നു. എന്നിട്ടും അവൾ ഒരു മനുഷ്യസ്ത്രീതന്നെയോ എന്ന കാര്യം ഇതുവരെ തീർച്ചപ്പെടുത്താൻ കഴിഞ്ഞിട്ടില്ല.

അവളുടെ ശരീരത്തിൽ ലാവണ്യത്തിൻെറ മിനുപ്പുണ്ടായിരുന്നു, മുഖത്തു സൗന്ദര്യത്തിൻെറ ശോഭയുണ്ടായിരുന്നു, ചുണ്ടുകളിൽ ഒരമർത്തപ്പെട്ട ചിന്താശീലത്തിൻെറ പുഞ്ചിരിയുണ്ടായിരുന്നു. എന്നാൽ അവളുടെ കണ്ണുകൾ! അവയിൽ സ്നേഹമോ ദ്വേഷമോ, ക്രോധമോ വിനയമോ, പ്രസാദമോ വിഷാദമോ—ഒന്നുംതന്നെയു

ണ്ടായിരുന്നില്ല. അഗാധതയിൽനിന്നു പൊന്തിവന്ന ഭീഷണമായ ഒരു തീനാളമായിരുന്നു അവാം.

മനുഷ്യൻെറ കണ്ണുകളിൽ മരണത്തിൻെറ മരവിപ്പിനോടൊപ്പം ഇങ്ങനെയൊരു കത്തിയെരിച്ചിൽ ഉണ്ടാവാൻ കഴിയുന്നതാണോ? ഈ സംഗതി ഇന്നും എനിക്കൂഹിക്കാൻ സാധ്യമാവുന്നില്ല. എന്നാൽ ഇന്നു് ഒരു കൊല്ലത്തിനുശേഷവും, ഞാൻ അവളെപ്പററിയോക്കുമ്പോാം ആ കണ്ണുകളാണു് എൻെറ മുമ്പിൽ വരുന്നതു്. അവളുടെ നിറമോ രൂപമോ ഒന്നുംതന്നെ എനിക്കോൎമ്മ വരുന്നില്ല. ആ ഉജ്ജ്വലങ്ങളായ രണ്ടു ഗോളങ്ങാംമാത്രമാണു് കാണുന്നതു്—രാത്രിയിലെ അന്ധകാരത്തിൽ നോക്കുന്നിടത്തൊക്കെത്തന്നെ സ്ഫടികമണിപോലെ, നീലാകാശത്തിൽ ശുക്രനക്ഷത്രംപോലെ, തേജസ്വികളായ ആ വിടൎന്ന നേത്രങ്ങാം നിൎന്നിമേഷമായി എന്നെത്തന്നെ തറച്ചുനോക്കുന്നു.

ഞാൻ സങ്കല്പജീവിയായ ഒരു മനുഷ്യനല്ല. പഴയ സമ്പ്രദായത്തിലുള്ള ഒരു സാധാരണമനുഷ്യൻമാത്രമാണു്. എൻെറ ജീവിതോപായം ഈ പാരീസ്നഗരത്തിലെ ഒരു സ്കൂളിൽ ചരിത്രാധ്യാപകൻെറ ജോലിയാണു്. എനിക്കു സിനിമാശാലകാം സന്ദൎശിക്കാൻ താത്പര്യമില്ല. കവിതയിലും മനസ്സിന്നടുപ്പില്ല. വിനോദാൎത്ഥം ചിലപ്പോാം പല നാട്ടുകളിലെയും വിപ്ലവചരിത്രങ്ങാം വായിക്കാറുണ്ടു്. ഒന്നോ രണ്ടോ തവണ ഈ വിഷയത്തെപ്പററി പ്രസംഗിക്കയും ചെയ്തിട്ടുണ്ടു്. ഇതിലധികം ഒന്നും ചെയ്യാൻ സാധ്യമല്ല. കാരണം,

ഇതു വിദേശമാണു്. വായനയിൽ മനംമടുക്കുമ്പോൾ ചരിത്രപ്രാധാന്യമുള്ള പുരാതനവസ്തുക്കൾ ശേഖരിക്കാൻ ശ്രമം നടത്താറുണ്ടു്. വളരെപ്പണിപ്പെട്ടു് അവയുടെ ഒരു ചെറിയ ശേഖരം ഞാൻ സമ്പാദിച്ചുവെച്ചിട്ടുണ്ടു്. പീററർചക്രവത്തി തൻെറ കാമുകിയെ കൊല്ലാനുപയോഗിച്ച കഠാരിയുടെ പിടി, കാതറയിൻ തൻെറ പുത്രനു വിഷംകൊടുക്കാനെടുത്ത കോപ്പയുടെ മുറി, ഒരജ്ഞാതയായ സ്ത്രീ ആക്േഞ്ജലിലെ ഗവണ്ണറെ കൊല്ലാനുപയോഗിച്ച വെടിയുണ്ടയുടെ കാലിത്തോട്ട, നെപ്പോളിയൻ മോസ്കോവിൽനിന്നു പലായനംചെയ്യാനുപയോഗിച്ച കുതിരയുടെ ഒരു ലാടൻ—ഇതെല്ലാം എൻെറ ശേഖരത്തിലുണ്ടു്. ഇത്തരം ഒരു പുരാതനവസ്തുസംഗ്രഹം പാരീസിൽ വേറെയില്ല—ഒരുപക്ഷേ മോസ്കോവിലും കാണുകയില്ല.

ഞാൻ പറയാൻ പുറപ്പെട്ട കഥ വിട്ടുപോയി. അതെ, ഞാൻ സങ്കല്പജീവിയായ മനുഷ്യനല്ല. എൻെറ താൽപര്യം ഈ പുരാതനവസ്തുശേഖരത്തിലും ഇതു വിട്ടാൽ വിപ്ലവസംബന്ധമായ സാഹിത്യത്തിലും മാത്രമായി പരിമിതമാണു്. മറെറാരു കാര്യവും എനിക്കറിഞ്ഞുകൂടാ. എന്നിട്ടും അന്നത്തെ ആ സംഭവം എൻെറ സമാധാനപരമായ ജീവിതത്തെ കൊടുങ്കാററു പൂന്തോട്ടത്തെയെന്നുപോലെ ഇളക്കിമറിച്ചു. അന്നുമുതൽ എന്തുകൊണ്ടെന്നറിഞ്ഞുകൂടാ, ഒരജ്ഞാതവും അവ്യക്തവുമായ വിഭ്രാന്തി എൻെറ ഹൃദയത്തിൽ കുടികൊള്ളുകയാണു്. എൻെറ ദൃഷ്ടി ആ ഒടിഞ്ഞ വാളിൻെറ മുറി

യിൽ പതിയുമ്പോഴും ഗംഭീരവും ഭാവാതിരേകത്താൽ വിറകൊള്ളുന്നതുമായ ഒരു ശബ്ദം എന്റെ കണ്ണുകളിൽ മുഴങ്ങുകയാണു്.

"വിളക്കണയുമ്പോഴും പുക പൊങ്ങാറുണ്ടു്. എന്നാൽ നമ്മുടെ വിശാലമായ നാട്ടിലെ നിരാശ്രയരും ക്ഷുൽപീഡിതരുമായ കൃഷികകുടുംബങ്ങൾ പെരുവഴിയിൽ തെണ്ടിത്തിരിഞ്ഞു സ്വർണ്ണംപൊതിഞ്ഞ ഭൂമിയിലിരുന്നുകൊണ്ടു തങ്ങളുടെ വിധിയെ പഴിക്കുമ്പോഴും, അവരുടെ ഹൃദയത്തിൽ സുരക്ഷിതമായിരുന്ന ആശയുടെ അന്തിമദീപം പൊലിഞ്ഞുപോകുമ്പോഴും, ഒരു നെടുവീർപ്പുപോലും പൊങ്ങുന്നില്ല. ആ കെട്ടാറിയ ചാരം എന്നുവരെ ഇങ്ങനെ കിടക്കുമെന്നറിഞ്ഞുകൂടാ. എന്നാൽ എന്നെങ്കിലുമൊരു ദിവസം ഒരു ഘോരമായ കൊടുങ്കാററത്തു് അതിൽനിന്നു തീപ്പൊരി പറക്കാൻ തുടങ്ങും. അതിന്റെ നാളം—തടുക്കാനാവാത്ത ആ ഭീഷണമായ നാളം—എവിടെയൊക്കെയാണു് പരക്കുക, എന്തിനെയൊക്കെയാണു് നശിപ്പിക്കുക, ആക്കറിയാം?"

എനിക്കു രോമാഞ്ചമുണ്ടാകുന്നു. ഞാൻ നിസ്തബ്ധനായി അന്നത്തെ ആ സംഭവത്തെക്കുറിച്ചു ചിന്തിക്കാൻ തുടങ്ങുകയാണു്—

രാത്രി മണിയെട്ടടിക്കുന്നു ഞാൻ മോസ്കോവിൽ എന്റെ മുറിയിലിരുന്നു വിളക്കിന്റെ വെളിച്ചത്തിൽ പതുക്കെയെന്തോ എഴുതുകയാണു്. അടുത്തുതന്നെ ഒരു ചെറിയ മേശപ്പുറത്തു ഭക്ഷണം കഴിച്ച എച്ചിൽപ്പാത്രങ്ങൾ കിടക്കുന്നു. ഒരുങ്ങുമിങ്ങും ചുമരിന്മേൽ എന്റെ

പുരാതനവസ്ത്രശേഖരത്തിലെ അംഗങ്ങൾ തൂങ്ങിക്കിട ക്കുന്നു!

പുറത്തു മഴപെയ്യുന്നുണ്ടായിരുന്നു. പുരപ്പുറത്തുനി ന്നുള്ള ശബ്ദംകൊണ്ടു് ആലിപ്പഴങ്ങൾ പൊഴിയുന്നുണ്ടെ ന്നു ഞാനൂഹിച്ചു. എന്നാൽ ആ തണുപ്പത്തു് എഴുന്നേററു നോക്കാൻ എനിക്കു തൻേറടമുണ്ടായില്ല. ഇടയ്ക്കിടയ്ക്കു വിളക്കിൻെറ മങ്ങിയ വെളിച്ചത്തെ പഴിച്ചുകൊണ്ടു തി കച്ചും ഏകാഗ്രതയോടെ ഞാൻ അടുത്ത ദിവസം വാ യിക്കുവാൻ 'സഫലമായ വിപ്ലവ'ത്തെക്കുറിച്ചു് ഒരു ചെ റിയ പ്രബന്ധമെഴുതുകയായിരുന്നു.

'സഫലമായ വിപ്ലവം' എന്താണു്? അസംഖ്യം വിഫലമായ ജീവിതങ്ങളുടെ, അസംഖ്യം നിഷ്ഫലമായ യത്നങ്ങളുടെ, അസംഖ്യം വിസ്മൃതമായ ത്യാഗങ്ങളുടെ അസമാധാനപൂർണ്ണവും എന്നാൽ സമാധാനജനകവുമാ യ സാരാംശം!

അക്കാലത്തു ഞാൻ മോസ്ക്കോവിലെ ഒരു സ്കൂളിൽ അധ്യാപകനായിരുന്നു. ചരിത്രാധ്യാപനത്തിലും ഇട യ്ക്കിടയ്ക്കു വിപ്ലവത്തെക്കുറിച്ചു ലേഖനങ്ങൾ എഴുതി വാ യിക്കുന്നതിലുമായി എൻെറ സമയം കഴിഞ്ഞുപോയിരു ന്നു. വിപ്ലവമെന്നതിൻെറ അത്ഥം ഞാൻ മനസ്സിലാ ക്കിയിരുന്നോ എന്നു പറയുക സാധ്യമല്ല. വിപ്ലവത്തെ ക്കുറിച്ചുള്ള അനഭിജ്ഞത ഇന്നെനിക്കു കുറെയൊക്കെ മ നസ്സിലാക്കാൻ കഴിഞ്ഞിട്ടുണ്ടു്.

പെട്ടന്നാരോ വാതില്ക്കൽ മുട്ടി. ഞാൻ അവിടെ ത്തന്നെയിരുന്നുകൊണ്ടു കടന്നുവരാൻ അനുമതി കൊടു

ത്തു് എഴുത്തു തുടങ്ങി. വാതിൽ തുറക്കുകയും ഉടൻതന്നെ അടയുകയും ചെയ്തു. പുറത്തു് അതേ നിലയ്ക്കാത്ത ജലധാരയുടെ ശബ്ദം. മുറിക്കകത്തു നിശ്ശബ്ദത. ഞാൻ കുറെ വിസ്മയത്തോടെ തല പൊക്കി നോക്കി, അങ്ങനെ നോക്കിത്തന്നെയിരുന്നുപോയി.

വളരെ തടിച്ച ഒരോവർക്കോട്ടു ധരിച്ചു തലയിൽ നീണ്ട രോമങ്ങളുള്ള തൊപ്പി വെച്ചു്, കഴുത്തിൽ ചെമന്ന തുവാല കെട്ടി, വാതിലിന്നടുത്തുനിന്നു് ഒരു സ്ത്രീ കണ്ണിമയ്ക്കാതെ എൻെറ നേക്കു നോക്കുന്നുണ്ടായിരുന്നു. അവളുടെ വസ്ത്രങ്ങൾ നനഞ്ഞിരുന്നു; തൊപ്പിയിൽ അങ്ങിങ്ങായി ഒന്നുരണ്ടു മഞ്ഞുകട്ടിയുടെ ശകലങ്ങൾ തങ്ങിനിന്നിരുന്നു. കാലുകളിൽ മേലോട്ടു മുട്ടുവരെയെത്തുന്ന ബൂട്ട്സ് ധരിച്ചിരുന്നതു ചെളിയിൽ മുങ്ങിക്കുളിച്ചിരുന്നു. മുകളിൽ തൊപ്പിയും താഴെ തുവാലയുമുണ്ടായിരുന്നതുകാരണം മുഖത്തിൻെറ വളരെ ചെറിയ ഒരു ഭാഗംമാത്രമേ കാണാൻ കഴിഞ്ഞിരുന്നുള്ളു. ഇങ്ങനെ മറയ്ക്കപ്പെട്ടിരുന്നിട്ടും അവളുടെ ശരീരത്തിൽ ഒരു വളവിൻെറയും വലിവിൻെറയും പ്രതീതി സ്പഷ്ടമായിരുന്നു, ഞാണു വലിച്ചുകെട്ടിയ വില്ലു വസ്ത്രങ്ങളിൽ പൊതിഞ്ഞുവെച്ച മാതിരി. കണ്ണുകൾ പുറത്തു കണ്ടിരുന്നില്ല. എന്നാൽ ആ ചുണ്ടുകളിലെ നേരിയ രേഖ കാണുമ്പോൾ അതിൻെറ പിന്നിൽ മിന്നൽപ്പിണരിൻെറ ചാപല്യത്തോടൊപ്പം വജ്രത്തിൻെറ കാഠിന്യവും മറഞ്ഞിരിക്കുന്നുണ്ടെന്നു മനസ്സിലാക്കാമായിരുന്നു.

ഞാൻ നിമിഷനേരം അവളുടെ നേക്കു നോക്കിക്കൊണ്ടിരുന്നു. എന്നാൽ അവൾ ഒന്നും സംസാരിച്ചില്ല.

ഞാൻതന്നെ മൗനംഭഞ്ജിച്ചു—"പറയൂ, എന്തു വേണം?" ഒരുത്തരവും കിട്ടിയില്ല. ഞാൻ വീണ്ടും ചോദിച്ചു— "നിങ്ങളുടെ പേരെന്തെന്നു പറയാമോ?"

അവരം സാവധാനം പറഞ്ഞു, ഓരോ വാക്കും തൂക്കിയളന്നു വെയ്ക്കുന്ന മാതിരി—"വിപ്ലവകാരികളോട് അങ്ങേയ്ക്കു് അനുഭാവമുണ്ടെന്നു കേട്ടിട്ടുണ്ടു്. അങ്ങു വിപ്ലവത്തെക്കുറിച്ചു പ്രസംഗങ്ങരം ചെയ്തിട്ടുണ്ടെന്നറിയാം. അങ്ങയുടെ ഈ അനുഭാവത്തെ ലാക്കാക്കി വന്നിരിക്കയാണു് ഞാൻ."

ഞാൻ ഞെട്ടിപ്പോയി. എൻെറ ഈ അനുഭാവത്തിൻെറ വിവരം പുറത്തായിരിക്കുന്നു. അതു വിപ്ലവകാരികരംക്കുകൂടി മനസ്സിലായിരിക്കുന്നു. പിന്നെ ഞാനും വിപ്ലവകാരികളും തമ്മിൽ എന്താണു് ഭേദം? ഒരുപക്ഷേ ഈ വന്നിരിക്കുന്നതു മോസ്കോവിലെ ആഭ്യന്തരവകുപ്പിൽ പ്രവർത്തിക്കുന്ന ഒരു ചാരനാവില്ലേ? എൻെറ ഉദ്യോഗം—ഒരുപക്ഷേ സൈബീരിയയിലെ വിജനസ്ഥലത്തായിരിക്കും ആയുസ്സുമുഴുവൻ—എന്നാൽ ഇതു ചാരനാണെങ്കിൽ ഇങ്ങനെ വരാനെന്തു്? ഇങ്ങനെ പറയുന്നതെന്തു്? ചാരനായിരുന്നെങ്കിൽ വിശ്വസ്തത ജനിപ്പിക്കാൻ ശ്രമിക്കുമായിരുന്നല്ലോ. പക്ഷേ എന്തറിയാം, വിശ്വസ്തത ജനിപ്പിക്കാൻ ഇതായിരിക്കും ഇയാരം പ്രയോഗിക്കുന്ന തന്ത്രം. ശരി, എന്തുമാകട്ടെ. കരുതിസ്സംസാരിക്കണം.

ഞാൻ ഉദാസീനഭാവത്തിൽ പറഞ്ഞു—"നിങ്ങരം വ്യക്തമായിപ്പറയൂ സംഗതിയെന്തെന്നു്. എനിക്കു നിങ്ങളുടെയാശയം മനസ്സിലായില്ല."

അവൾ പറഞ്ഞു—"ഞാൻ വിപ്ലവകാരിയാണു്. എനിക്കിപ്പോൾ കുറച്ചു പണമാവശ്യമുണ്ടു്. അങ്ങത്തു തരാമോ?"

"എന്തിനു്?"

അവൾ കുറച്ചു നേരത്തേയ്ക്കു് ഒരു വിഷമസന്ധിയിൽപ്പെട്ട മറുപടി പറയണോ വേണ്ടയോ എന്നാലോചിക്കുന്നതുപോലെ തോന്നി. പിന്നീടവൾ സാവധാനം പുറംകോട്ടിൻെറ ബട്ടൻ തുറന്നു് അകത്തുനിന്നു് ഒരു ഖഡ്ഗം—രക്തംപുരണ്ട ഒരു ഖഡ്ഗം—പുറത്തെടുത്തു. ഈ സമയത്തിനിടയ്ക്കു് അവൾ ക്ഷണനേരത്തേയ്ക്കുപോലും കണ്ണുകൾ എന്നിൽനിന്നു പിൻതിരിക്കുകയുണ്ടായില്ല. അവൾ എൻെറ മാനസികവികാരങ്ങൾ ഊഹിച്ചറിയാൻ പരിശ്രമിക്കുന്നതുപോലെ തോന്നി. ഞാൻ മിഴിച്ചങ്ങനെ നോക്കിയിരുന്നു.

അവൾ പറഞ്ഞു—"ഇതു നോക്കു. ഇതു് ആരുടെ രക്തമാണെന്നറിയാമോ? കണ്ണൽ ഗൊറോവ്സ്കിയുടെ! ശവം അയാളുടെ വീടിരിക്കുന്ന തോട്ടത്തിൽ കിടപ്പുണ്ടു്."

ഞാൻ അമ്പരന്നു ചോദിച്ചു—"ഏ? എപ്പോൾ?"

"ഇതാ, ഒരു മണിക്കൂറായിട്ടില്ല. ഈ കൈകൾ അയാളുടെ വാളെടുത്തു് അയാളുടെതന്നെ ദേഹത്തിൽ കയററി. അങ്ങു ചോദിക്കും, എന്തിനെന്നു്. ഒരുപക്ഷേ അങ്ങയ്ക്കറിഞ്ഞുകൂടാ, സ്ത്രീ എത്ര ഭയങ്കരമായി പ്രതികാരം ചെയ്യുമെന്നു്."

"നിങ്ങൾ ഇവിടെയെന്തിനു വന്നു?"

"എനിക്കു പണമാവശ്യമുണ്ടു്, മോസ്കോവിൽനിന്നു പുറത്തു കടക്കാൻ."

"എനിക്കു നിങ്ങളെ സഹായിക്കാനാവില്ല, നിങ്ങൾ കൊലയാളിയാണു്."

അവൾ പെട്ടന്നു ഭയപ്പെട്ടതുപോലെ തോന്നി. ഈ മറുപടി എന്നിൽനിന്നു പ്രതീക്ഷിക്കാത്തതായിരിക്കണം. പിന്നെ സാവധാനം വിഷാദമയമായ ഒരു ചിരി ചിരിച്ചു പറഞ്ഞു—"മതി, ഇത്രത്തോളമേയുള്ളു നിങ്ങളുടെയനുഭാവം! ഇതേ വിപ്ലവത്തിനുവേണ്ടിയായിരിക്കും നിങ്ങൾ പ്രസംഗിക്കുന്നതു്, ഇതുതന്നെയായിരിക്കും നിങ്ങളുടെ ചരിത്രപഠനത്തിന്റെ സാരാംശം."

"ഞാൻ വിപ്ലവവാദിയാണു്, എന്നാൽ കൊലയാളിയല്ല. ഇത്തരത്തിലുള്ള കൊലയാളികളാൽ നാടിനു നന്മയല്ല, നാശമാണു് സംഭവിക്കുക. സർക്കാർ അതിന്റെ മർദ്ദനയന്ത്രം മുറുക്കും, മാർഷൽനിയമം നടപ്പിലാക്കും. വധശിക്ഷകൾ വർദ്ധിപ്പിക്കും. ഇതുകൊണ്ടു് എന്തു ഗുണമുണ്ടാകുന്നു?"

"വിപ്ലവം എന്താണെന്നാണു് നിങ്ങൾ ധരിച്ചുവെച്ചിരിക്കുന്നതു്? പാവകളിയാണെന്നാണോ?" അവൾ എന്റെ മേശയോടു ചേർന്നു വന്നുനിന്നു. മേശപ്പുറത്തു കിടന്ന കടലാസുകഷണങ്ങൾ നോക്കിക്കൊണ്ടു പറഞ്ഞു—"ഇതെന്തു്? സഫലമായ വിപ്ലവം! അസംഖ്യം വിഫലമായ ജീവിതങ്ങളുടെ....വിസ്മൃതമായ ത്യാഗങ്ങളുടെ....സാരാംശം!"

അവൾ പൊട്ടിച്ചിരിച്ചു—"സഫലമായ വിപ്ലവം! വിപ്ലവത്തിനു് എത്തരം ത്യാഗങ്ങളാണു് വേണ്ടിവരുന്നതെന്നറിയാമോ?"

എനിക്കു മറുപടി പറയാൻ കഴിഞ്ഞില്ല. അവൾ ആ ലേഖനം വായിക്കുന്നതു കണ്ടു ഞാൻ നാണിച്ചു പോയി.

അവൾ വീണ്ടും പറഞ്ഞു—"നിങ്ങളും സ്വയം വിപ്ലവകാരികളെന്നു പറയുന്നു! എന്നാൽ നമ്മുടെയാദർശങ്ങൾ തമ്മിൽ എന്തൊരന്തരം! നിങ്ങൾ പറയുന്നു, സ്വാതന്ത്ര്യത്തിൻെറ പേരിൽ ഈ ലോകം ജയിച്ചു ഭരണം നടത്തണമെന്നു്. ഞങ്ങളോ? ഞങ്ങൾ ഈ ലോകമാകെ ഉൾക്കൊള്ളത്തക്കവണ്ണം ഹൃദയത്തെ വിശാലമാക്കുന്ന പ്രവൃത്തിയിൽ മുഴുകിയിരിക്കയാണു്!

ഞാൻ ഒരു ഗൂഢാലോചനയിലും പങ്കെടുത്തിട്ടില്ല. വിപ്ലവത്തെക്കുറിച്ചു പ്രസംഗിക്കുകയല്ലാതെ യാതൊന്നും ചെയ്തിട്ടില്ല. എന്നാലും എൻെറ സിദ്ധാന്തത്തെ ഇങ്ങനെയാക്ഷേപിക്കുന്നതു് എനിക്കു സഹിക്കാൻ കഴിഞ്ഞില്ല. ഞാൻ നിവന്നുനിന്നു പറഞ്ഞു—"നിങ്ങൾ പൊളി പറയുന്നു. ഞാൻ ഒരു യഥാൎത്ഥസാമ്യവാദിയാണു്. ലോകത്തിൽ സാമ്പത്തികസമാനതയുണ്ടാകണമെന്നും ഭരണാധിപരും ഭരണീയരും തമ്മിലുള്ള വ്യത്യാസം നശിക്കണമെന്നും ഞാൻ ആഗ്രഹിക്കുന്നു. എന്നാൽ ഇങ്ങനെ കൊലപാതകങ്ങൾ നടത്തുന്നതുകൊണ്ടു് ആ ലക്ഷ്യം പ്രാപിക്കാൻ സാധ്യമാവില്ല. നിങ്ങൾ പറയുന്ന വിപ്ലവത്തിനുവേണ്ടി ഇതു കൂടിയേ കഴിയൂ എങ്കിൽ ഞാൻ

ആ വിപ്ലവത്തിനു വിരോധിയാണു്. അതിനെ തടുക്കാൻ കഴിയുന്നത്ര പരിശ്രമിക്കുകയും ചെയ്യും. വേണ്ടിവന്നാൽ പ്രാണൻപോലും....!

"നിങ്ങൾ വിപ്ലവത്തിനു വിരോധിയാകുമെന്നോ? വിപ്ലവത്തെ തടുക്കുമെന്നോ? സൂര്യനുദിക്കുമ്പോൾ അതിനെ തടുക്കുമെന്നോ? സമുദ്രത്തിൽ പ്രളയവീചികൾ പൊങ്ങുമ്പോൾ അതിനെ തടുക്കുമെന്നോ? അഗ്നിപർവ്വതം പൊട്ടിത്തെറിക്കുമ്പോൾ, ഭൂമിയാകെ വിറകൊള്ളാൻ തുടങ്ങുമ്പോൾ, അതിനെ തടുക്കുമെന്നോ? വിപ്ലവം സൂര്യനെക്കാൾ ദീപ്തിമത്തും പ്രളയത്തെക്കാൾ ഭയങ്കരവും തീജ്വാലയെക്കാൾ തീക്ഷ്ണവും ഭൂകമ്പത്തെക്കാൾ പൊട്ടിത്തെറിക്കുന്നതുമാണു്. അതിനെ തടുക്കുമെന്നോ?"

"പക്ഷെ തടുക്കാൻ കഴിയില്ലായിരിക്കാം. എന്നാലും എൻെറ കർത്തവ്യം നിറവേററും."

"എന്തു കർത്തവ്യം? പ്രസംഗമല്ലേ?"

"നാട്ടിൽ എൻെറയഭിപ്രായങ്ങൾ പ്രചരിപ്പിക്കും —അഹിംസാത്മകമായ വിപ്ലവത്തിനുവേണ്ടി വാദിക്കും."

"അഹിംസാത്മകമായ വിപ്ലവം! ഉണ്ണാതെയും ഉടുക്കാതെയും നരകിച്ചു കഴിയുന്നവരുടെ മുമ്പിൽ ചെന്നു പറയും, മിണ്ടാതെ, ഒരു നെടുവീർപ്പുപോലും വിടാതെ, മരിക്കാൻ. റഷ്യയിലെ ഭയങ്കരമായ തണുപ്പിൽ, മഞ്ഞുകട്ടികൾക്കിടയിൽ, തറഞ്ഞു കിടക്കാൻ. ഇതു പറഞ്ഞങ്ങു ചെന്നാൽ നിങ്ങളുടെ ശവം വല്ല വഴിയിലും കിടന്നേയ്ക്കു

മെന്നോക്കണം. കരയുന്ന കുട്ടികളോടു പറയുംപോലും അമ്മയുടെ അമ്മിഞ്ഞയിലേയ്ക്കു നോക്കരുതെന്നു്. പുറത്തെവിടെയെങ്കിലും പോയി മണ്ണോ കല്ലോ കടിച്ചു തിന്നു വിശപ്പടക്കണമെന്നു്. അപ്പോൾ അക്രമികളായ ഭരണാധികാരികൾ നിങ്ങളുടെ നേക്കു നോക്കി മനസ്സുകൊണ്ടു ചിരിക്കുന്നുണ്ടാവും. അവർ നിങ്ങളുടെ അഹിംസയുടെ തണൽപററി നിന്നുകൊണ്ടു പാവങ്ങളുടെ ചോരയൂററിക്കുടിക്കും. ഇതാണു് നിങ്ങൾ ഇത്രമാത്രമാഗ്രഹിക്കുന്ന സമാധാനപരമായ വിപ്ലവം!"

"ഭരണാധികാരികൾ അക്രമം ചെയ്യുന്നെങ്കിൽ അവക്കെതിരായി പ്രക്ഷോഭണം നടത്തുന്നതും നമ്മുടെ ധമ്മമാണു്."

"ധമ്മം! ഈ ധമ്മംതന്നെയല്ലേ നിങ്ങൾ ഒരു സ്കൂളിലെയുദ്യോഗത്തിനുവേണ്ടി വിററുതിന്നുന്നതു്? ഇതേ ധമ്മത്തിൻെറ പേരിലല്ലേ നിങ്ങൾ സ്കൂളിൽ ചരിത്രം പഠിപ്പിക്കുമ്പോൾ ഇത്ര വളരെ പൊളികൾ കെട്ടിച്ചമച്ചു പുലമ്പുന്നതു്?"

ഞാൻ ക്രോധംപൂണ്ടു—"വ്യക്തിഗതമായി ആക്ഷേപിച്ചിട്ടാവശ്യമില്ല. അങ്ങനെയാണെങ്കിൽ ഞാനും കുറച്ചു ചോദിക്കാം. നിങ്ങൾ എന്തൊരു ത്യാഗമാണു് ചെയ്തിരിക്കുന്നതു്? ഒരു മനുഷ്യനെ കൊന്നു തിരിച്ചോടിയിരിക്കുന്നു—ഇതല്ലേ?"

എനിക്കു് അവളുടെ നേരെ അരിശംകയറുന്നുണ്ടായിരുന്നു. എന്നാൽ അവൾ മാറത്തെ ബട്ടൻ തുറന്നു കൈയിൽ വാളെടുത്തു ഭദ്രകാളിയെപ്പോലെ എൻെറ

നേക്ക നോക്കിയ മാതിരി കണ്ടപ്പോൾ അവളെ പുറത്താക്കുവാൻ എനിക്ക ധൈര്യം വന്നില്ല. ഞാൻ ചോദ്യം ചോദിച്ച് അവളുടെ നേക്ക നോക്കി. അവൾ എന്നിൽ നിന്നു ദൃഷ്ടിതിരിക്കും, എൻെറ ചോദ്യത്തിനുത്തരം പറയാൻ പരിഭ്രമിക്കും—അങ്ങനെയെന്തെങ്കിലുമുണ്ടാകുമെന്നാണ് ഞാൻ വിചാരിച്ചതു്. എന്നാൽ അതൊന്നുമുണ്ടായില്ല. അവൾ സാവധാനം കടലാസുകൾ നീക്കിവെച്ച് എൻെറ മേശപ്പുറത്തു് ഒരു മൂലയിൽ ഇരിപ്പുറപ്പിച്ചു. വാളിൻെറ മുന എൻെറ നേക്ക ചൂണ്ടിക്കൊണ്ടു പറഞ്ഞു—"ഞാൻ ചെയ്തതെന്താണെന്നു കേൾക്കണോ? ഞാൻ അത്ര വലിയ ത്യാഗമൊന്നും ചെയ്തിട്ടില്ല. എന്നാൽ വളരെയധികം കണ്ടിട്ടുണ്ടു്. എനിക്ക സമയമുണ്ടു്—ഇനിയും ഗൊറോവ്സ്കിയുടെ കാര്യം ആരും അറിഞ്ഞിട്ടുണ്ടാവില്ല. നിങ്ങൾക്ക കേൾക്കണോ?"

ആദ്യം ഞാൻ വിചാരിച്ചു—കേട്ടിട്ടെന്തു ചെയ്യാൻ? ഇനിയും ലേഖനം മുഴുവനാക്കാൻ കിടക്കുന്നു. നാളെ സ്കൂളിൽ പോവുകയും വേണം. പിന്നെ പോലീസ്—ഇവളോടു പോകാൻ പറഞ്ഞാലോ? എന്നാൽ വീണ്ടും അടക്കാനാവാത്ത ഒരാകാംക്ഷ. എൻെറ ഹൃദയശൂന്യതയിൽ എനിക്ക ജാള്യം തോന്നി. ഞാൻ എഴുന്നേററു നെരിപ്പോടിൽ കല്ക്കരിയിട്ടു തീയിനു ശക്തികൂട്ടി മറെറാരു കസേരകൂടിയെടുത്തുകൊണ്ടു വന്നു നെരിപ്പോടിനടുത്തുവെച്ചു സ്വസ്ഥാനത്തിരുന്നു പറഞ്ഞു—"ശരി, കേൾക്കണം. തീയിനടുത്തു് ആ കസേരയിലിരുന്നു പറയൂ. തണുപ്പു കൂടുതലുണ്ടു്."

അവൾ അവിടെത്തന്നെയിരുന്നു, ഞാൻ പറഞ്ഞതു കേൾക്കാത്തമാതിരി. കൈയിലുണ്ടായിരുന്ന വാൾ മേശപ്പുറത്തൊരിടത്തു വെച്ചു കുറെ മുന്നോട്ടു കുനിഞ്ഞു തീയിനു നേക്കു നോക്കിക്കൊണ്ടിരുന്നു. കുറച്ചു നേരം അങ്ങനെയിരുന്നു പെട്ടന്നു് ഒരു ഞെട്ടലോടെ പറഞ്ഞു— "ശരി, കേട്ടോളൂ. ഞാൻ വീട്ടിലെ ചാരുകസേരയിലിരുന്നു യന്ത്രശാലകളിൽ ഞെരിഞ്ഞു നശിച്ചുകൊണ്ടിരിക്കുന്ന ശ്രമജീവികൾക്കുവേണ്ടി സാമ്യവാദത്തെക്കുറിച്ചു ലേഖനങ്ങളെഴുതീട്ടില്ല. ഞാൻ പ്രസംഗമണ്ഡപങ്ങളിൽ കയറിനിന്നു കൃഷിക്കാൎക്കു വാങ്മയമായ സ്വാതന്ത്ര്യത്തിൻെറ മരീചിക കാണിച്ചു കൊടുത്തിട്ടില്ല. ഞാൻ വീടും കുടുംബവും മാതാപിതാക്കളെയും ഭൎത്താവിനെയും കൂടിയുപേക്ഷിച്ചു് അടിക്കടി ദുരിതമനുഭവിച്ചിട്ടുണ്ടു്. സുഖങ്ങളെല്ലാം വിററുകളഞ്ഞു വിശ്വാസത്തെവെച്ചു പാലിച്ചിട്ടുണ്ടു്. അവകാശത്തെ സംരക്ഷിക്കാൻവേണ്ടി പിതാവിനെ വധിച്ചു. പിന്നെ, എൻെറ ഈ സ്ത്രീത്വം പോലും വിററു നാടിനുവേണ്ടി ഭിക്ഷയാചിച്ചു, ഇന്നു വീണ്ടും യാചിക്കാനിറങ്ങിയിരിക്കയാണു്.

എൻെറ വായിൽനിന്നു തെറിച്ചു—"ആരോടു്?"

ഈ ചോദ്യംമൂലം അവളുടെ വിചാരശൃംഖല മുറിഞ്ഞുപോയപോലെ തോന്നി. വാളിൻെറ നേക്കു നോക്കിപ്പറഞ്ഞു—"അതുപിന്നെപ്പറയാം. അതു് എൻെറയവസാനത്തെ—എനിക്കു് ഒരേയൊരു ത്യാഗത്തിൻെറ കഥയേ ഉള്ളൂ."

"വിശ്വാസത്തെ വെച്ചുപാലിക്കുക അവകാശത്തെ സംരക്ഷിക്കുക—എനിക്കൊന്നും മനസ്സിലായില്ല."

"എൻെറ പിതാവു പീറേറഴ്സ്ബെർഗ്ഗിൽ പോലീസ്വിഭാഗത്തിൽ പണിയെടുത്തിരുന്നു. ഞങ്ങളുടെ കുടുംബത്തിൽ, കുലത്തിൽതന്നെ, ഞാൻമാത്രമേ വിപ്ലവത്തിൻെറ വിളികേട്ട ഒരാളുണ്ടായിരുന്നുള്ളൂ. എന്നിട്ടും എത്രയേറെ പരീക്ഷണങ്ങളെ നേരിടേണ്ടിവന്നു! ആദ്യമായി ഞാൻ വിപ്ലവസംഘത്തിൽ ചേൎന്നപ്പോൾ ആളുകൾ എന്നെ സംശയിക്കാൻ തുടങ്ങി. ഏതോ ഒരജ്ഞാതശത്രു പിതാവു പോലീസിലുണ്ടെന്നും ഭർത്താവു സൎക്കാരിൻെറ അഭ്യന്തരവിഭാഗത്തിലെ ഉദ്യോഗസ്ഥനാണെന്നും അവരോടു പറഞ്ഞു. നാശമല്ലാതെ മറെറന്താകാം അതിൻെറ ഫലം? ഇത്രമാത്രം ആശയും സദ്വിചാരവുമുണ്ടായിട്ടും ഞാൻ വിളിക്കാതെ ചെന്നവളായി, കൂട്ടത്തിലെടുക്കാൻ വയ്യാത്തവളായി. അവസാനം ഒരു ദിവസം ഞാൻ മിണ്ടാതെ വീട്ടിൽനിന്നിറങ്ങി—അദ്ദേഹത്തിനും ഉദ്യോഗം പൊയ്പ്പോകുമെന്ന ഭയമായിരുന്നു! അതിനുശേഷം—അതിനുശേഷം പരീക്ഷണത്തിൻെറ പ്രശ്നം നേരിട്ടു. ഭർത്താവിനെയുപേക്ഷിച്ചു ചെന്നിട്ടും എന്നെ അംഗമായിച്ചേർത്തില്ല. പരീക്ഷണം വേണ്ടിയിരുന്നു. എന്തൊരു ഭയങ്കരമായ സ്ഥിതി!"

ക്ഷണനേരം തീയിനു നേൎക്കു നോക്കിയതിനുശേഷം അവൾ സംഭാഷണം തുടൎന്നു—"ഞാനും വേറെ നാലാളുകളും കൈത്തോക്കുസഹിതം ഒരു സന്ധ്യാസമയത്തു നിക്കോളസ്പാൎക്കിൽ ചെന്നിരുന്നു. അന്നു് ആ വഴി പീ

റേഴ്സ്ബർഗ്ഗിലെ പോലീസുകാർ രണ്ടു തടവുകാരെ കൊണ്ടുപോകുന്നുണ്ടായിരുന്നു. അവരെയാക്രമിച്ചു തടവുകാരെ വിടുവിക്കുന്ന കാര്യമാണു് ഞങ്ങളെയേല്പിച്ചിരുന്നതു്. അതായിരുന്നു പരീക്ഷ.

ഞങ്ങൾ രാത്രിയാവുംവരെ അവിടെത്തന്നെയിരുന്നു. ഒമ്പതുമണിയായപ്പോൾ പോലീസുകാരുടെ ബൂട്സിന്റെ ശബ്ദം കേട്ടു. ഞങ്ങൾ ശ്രദ്ധിച്ചു. ആരോ ചോദിച്ചു—ആരാണിരിക്കുന്നതു്? ഞങ്ങൾ മറുപടി പറഞ്ഞില്ല. വെടിവെപ്പു തുടങ്ങി. രണ്ടു മിനുട്ടിനുള്ളിൽ തീരുമാനമായി. ഞങ്ങളുടെ മൂന്നാളുകൾ മരിച്ചു. എന്നാലും ഞങ്ങൾക്കായിരുന്നു വിജയം. തടവുകാരെ വിടുവിക്കാൻ കഴിഞ്ഞു. ഞങ്ങൾ നാലുപേരും ശീഘ്രം പാർക്കിൽനിന്നിറങ്ങി നാലു വഴിക്കു തിരിഞ്ഞു."

ഞാൻ വളരെ ശ്രദ്ധയോടെ കേൾക്കുകയായിരുന്നു. ഇങ്ങനെയൊരു കഥ മുമ്പൊരിക്കലും ഞാൻ കേട്ടിട്ടില്ല. വായിച്ചിട്ടുമില്ല. ഞാൻ ഉത്കണ്ഠയോടെ ചോദിച്ചു— "പിന്നെ?"

അടുത്ത ദിവസം—അടുത്ത ദിവസം മോസ്കോവിലെ പത്രങ്ങളിൽ വാർത്ത വായിച്ചു. തടവുകാരെ കൊണ്ടുപോയിരുന്ന പോലീസുകാരിലൊരാൾ എന്റെ പിതാവായിരുന്നു—എന്റെ പിതാവു്!"

ആ ചെറിയ മുറിക്കകത്തു വീണ്ടും നിശ്ശബ്ദത പരന്നു. മഴ അപ്പോഴും പെയ്യുന്നുണ്ടായിരുന്നു. ഞാൻ മനം മടുത്തപോലെ പുറപ്പുറത്തു വീഴുന്ന വെള്ളത്തുള്ളികൾ എണ്ണാൻ തുടങ്ങി.

അവൾ ചോദിച്ചു—"കുറച്ചുകൂടി കേൾക്കണോ?"

ഞാൻ പറഞ്ഞു—'ഞാൻ നിങ്ങളുടെ മേൽ അക്രമം പ്രവർത്തിച്ചിരിക്കുന്നു. വാസ്തവത്തിൽ നിങ്ങൾക്കു വളരെ ത്യാഗങ്ങൾ ചെയ്യേണ്ടിവരുന്നുണ്ടു്. ഇതുവരെ എനിക്കതറിയാൻ കഴിഞ്ഞില്ല."

"അതെ, അതു സംഭവിക്കുന്നതാണു്. ഒരു പ്രത്യേക വ്യക്തിയുടെ വ്യഥ, ഒരു മനുഷ്യന്റെ ദുഃഖം, എന്താണെന്നു നമുക്കു മനസ്സിലാക്കാൻ കഴിയും. ഒരു ജീവി പീഡയനുഭവിക്കുന്നതു കാണുമ്പോൾ നമ്മുടെ ഹൃദയത്തിൽ സഹാനുഭൂതിയുണ്ടാവുന്നു. എന്നാൽ ഒരു വർഗ്ഗം, ഒരു ദേശം, ഒരു രാഷ്ട്രം—എത്ര വിപുലമാണതു്! അതിന്റെ പീഡ അസംഖ്യം വ്യക്തികളുടെ സംയുക്തമായ വേദനയാണു്. അതിന്റെ വൈപുല്യംമൂലം ആ വ്യഥ എത്രത്തോളമുണ്ടെന്നു്, അഥവാ ഉണ്ടെന്നുതന്നെ നമുക്കറിയാൻ കഴിയുന്നില്ല."

"ശരിയാണു്, നിങ്ങൾക്കു വളരെയധികം കഷ്ടതകൾ സഹിക്കേണ്ടിവരുന്നുണ്ടു്. എന്നാൽ ഇങ്ങനെ അനാവശ്യമായി കഷ്ടതകൾ സഹിക്കുക—അതെത്രമാത്രം ധീരതയോടെയായാലും ശരി—ബുദ്ധിപൂർവ്വമാണെന്നു തോന്നുന്നില്ല."

"ഞങ്ങളുടെ കഷ്ടത പ്രസവവേദനമാതിരിയാണു്. അതിനുശേഷമേ വിപ്ലവമുണ്ടാവുകയുള്ളൂ. അതു കൂടാതെ വിപ്ലവത്തിനുവേണ്ടി പാടുപെടുന്നതു്, വിപ്ലവംകൊണ്ടു ഫലപ്രാപ്തിയുണ്ടാകുമെന്നാശിക്കുന്നതു്, കടുത്ത വഞ്ചനയാണു്."

“എന്നാൽ ഓരോ പ്രക്ഷോഭണവും ഓരോ നിശ്ചിതമായ പരിധിയിലാണു് നടക്കുന്നതു്. അങ്ങനെയല്ലേ?”

‘വിപ്ലവം ഒരു പ്രക്ഷോഭണമല്ല.”

“പരിഷ്കാരത്തിനും ഒരാദർശം മുന്നിലുണ്ടായിരിക്കണമല്ലോ.”

“വിപ്ലവം ഒരു പരിഷ്കാരമല്ല.”

“അല്ല പരിവർത്തനമായിക്കൊള്ളട്ടെ. എന്നാൽ പരിവർത്തനത്തിനും ഒരു ലക്ഷ്യമില്ലേ?”

“വിപ്ലവം പരിവർത്തനവുമല്ല.”

എന്നാൽ പിന്നെ വിപ്ലവമെന്നുവെച്ചാൽ എന്താണു്? ചോദിക്കണമെന്നു വിചാരിച്ചു. എന്നാൽ ചോദിക്കാതെതന്നെ ഞാൻ മുഖത്തു നോക്കിയപ്പോൾ അവൾ സ്വയം പറഞ്ഞു—“വിപ്ലവം പ്രക്ഷോഭണമോ പരിഷ്കാരമോ പരിവർത്തനമോ അല്ല. അതു നിലവിലുള്ള വിശ്വാസങ്ങളുടെയും സമ്പ്രദായങ്ങളുടെയും ഒരു ഭയങ്കരമായ വിസ്ഫോടമാണു്. അതിൽ ഒരാദർശമില്ല, ലക്ഷ്യമില്ല, കേന്ദ്രവുമില്ല. വിപ്ലവം വഴിപിഴച്ചതാണു്, വിധ്വംസകമാണു്, വിനാശകാരിയാണു്.”

“ഇതെല്ലാം വാക്കുകളാണു്, കവികളുടെ ശബ്ദവിന്യാസക്കസർത്തുകളാണു്. ഇത്തരം വിപ്ലവംകൊണ്ടു നമുക്കു കിട്ടുന്നതെന്തു്?”

അവൾ ചിരിക്കാൻതുടങ്ങി—“വിപ്ലവംകൊണ്ടു് എന്തു കിട്ടുമെന്നോ? ഒന്നുമില്ല! എന്തെങ്കിലുമുണ്ടെങ്കിൽ അതുകൂടി ഭസ്മമായിപ്പോകും. എന്നാൽ അതുകൊണ്ടു വി

പ്ലവത്തെ വിരോധിക്കണമെന്നു വന്നുകൂടുന്നില്ല. വിപ്ലവംകൊണ്ടു് എന്തു കിട്ടുമെന്നു നമുക്കു ചിന്തിക്കുകയേ ചെയ്യേണ്ടതില്ല.''

''എന്തുകൊണ്ടു്?''

''ഒരു കുഷ്ഠരോഗി ഡോക്ടരെ സമീപിക്കുമ്പോൾ തന്റെ രോഗം മാററണമെന്നുമാത്രമാണു് ആവശ്യപ്പെടുന്നതു്. ഈ രോഗം മാറി പകരം എന്തു ലഭിക്കണമെന്നു് അയാൾ ചിന്തിക്കുന്നില്ല. വിപ്ലവം ഒരു ഭയങ്കരമായ മരുന്നാണു്. അതു കയ്ക്കുന്നതാണു്, കഷ്ടകരമാണു്, കത്തിയെരിച്ചിലുണ്ടാക്കുന്നതാണു്. എന്നാലും മരുന്നാണു്. അതു രോഗത്തെ നിശ്ചയമായും മാററും. എന്നാൽ അതിനു ശേഷം സ്വാസ്ഥ്യതയുണ്ടാവാൻ എന്തു പഥ്യമാണു് വേണ്ടതെന്നു് ഇവിടെയാലോചിക്കുമ്പോൾ നൈരാശ്യമാണുണ്ടാവുക. അക്കാര്യത്തിൽ വിപ്ലവത്തെ പഴിപറയുന്നതു വിഡ്ഢിത്തമാണു്.''

എനിക്കു മറുപടിയുണ്ടായില്ല. ഞാൻ മിണ്ടാതെ അവളുടെ മുഖത്തേയ്ക്കു നോക്കി അല്പനേരത്തിനുശേഷം പറഞ്ഞു—''ഒരു സംഗതി ചോദിച്ചോട്ടെ!''

''എന്തു്?''

''നിങ്ങളുടെ പേരു്?''

''എന്തിനു്?''

''ഒന്നറിയാൻവേണ്ടിമാത്രം.''

''പിതാവു നല്കിയ പേരു വിവാഹത്തോടുകൂടി നഷ്ടപ്പെട്ടു. ഭർത്താവു നല്കിയ പേരു് ഞാനിന്നു മറന്നിരിക്കുന്നു. ഇപ്പോൾ എന്റെ പേരു് മെരിയാ ഇവാനോവ്ന എന്നാണു്.''

കുറച്ചു നേരം പിന്നെയും ഞങ്ങൾ മൗനം പൂണ്ടു. ഞാൻ വാളിന്റെ നേക്കു നോക്കിക്കൊണ്ടു ചോദിച്ചു— "ഇതെങ്ങനെ സംഭവിച്ചു?"

അവളുടെ ആ വിചിത്രനേത്രങ്ങളിൽ സുഷുപ്തമായിരുന്ന നാളം വീണ്ടും തെളിഞ്ഞു. അവൾ സ്വന്തം കൈകളിലേയ്ക്കു നോക്കിക്കൊണ്ടു പറഞ്ഞു—"അതു വളരെ ബീഭത്സമായ കഥയാണു്." പിന്നെ സ്വയം—"അല്ല, രക്തം പുരണ്ടതാണു്."

ആകാംക്ഷയുണ്ടായിരുന്നിട്ടും ഞാൻ ആഗ്രഹം പ്രകടിപ്പിച്ചില്ല. ഈ സമയത്തിനിടയ്ക്കു് ഈ സ്ത്രീയുടെ (അഥവാ രാക്ഷസിയുടെ?) മുമ്പിൽ അനുനയവും അപേക്ഷയും വെറുതെയാണെന്നു് എനിക്കു മനസ്സിലാകാൻ തുടങ്ങിയിരുന്നു. അതൊന്നും ഇവളിൽ തീരെ വിലപ്പോവുകയില്ല. ഒരു പക്ഷേ ഇവൾ സ്വയം വിരമിച്ചേയ്ക്കുമെന്ന ഒരാശയിലാണു്, ഞാൻ മിണ്ടാതെയിരുന്നതു്. എന്നാൽ ആ ആശ സഫലമായില്ല.

അവൾ തീയിനു നേക്കു നോക്കിക്കൊണ്ടു സാവധാനം പറഞ്ഞു—"എന്നാൽ കേട്ടോളൂ. ഇന്നു ഞാൻ ഈ പറയുന്നതു് ഇതുവരെ ആരോടും പറഞ്ഞിട്ടില്ല, ഇനി പറയുകയുമില്ല. നിങ്ങളെയന്വേഷിച്ചു് ഇവിടെ വരുമ്പോൾ നിങ്ങളോടെന്തെങ്കിലും പറയേണ്ടിവരുമെന്നു ലവലേശം വിചാരമുണ്ടായിരുന്നില്ല. പണം വാങ്ങി തിരിച്ചുപോകണമെന്ന ഒരേയൊരു വിചാരത്തോടെയാണു് വന്നതു്. ഇപ്പോൾ—ഇപ്പോൾ എന്റെ വിചാരം മാറിയിരിക്കുന്നു. എനിക്കു പണം വേണ്ടാ. ഞാൻ...."

"എന്തുകൊണ്ടു്?"

"ഞാൻ എൻെറ കൃത്യം നിർവ്വഹിച്ച മോസ്ക്കോവിൽ നിന്നു പോകണമെന്നാണു് ആഗ്രഹിച്ചിരുന്നതു്. എന്നാൽ ഇനിയിപ്പോൾ പോകുന്നില്ല."

"പിന്നെ എന്തു ചെയ്യുന്നു?"

"ഇനിയും ഒരു കൃത്യം ബാക്കിയുണ്ടു്. ഒരു തവണ, ഒരു യാചനകൂടി നടത്താനുണ്ടു്. അതിനുശേഷം...."

അവൾ പെട്ടന്നു നിറുത്തി. പിന്നെ വാളിൻെറ വായ്ത്തലയിൽ ചൂണ്ടുവിരലുരസിക്കൊണ്ടു തന്നെത്താനെന്നപോലെ പറഞ്ഞു:—"എന്തൊരു മൂച്ചയാണിതിനു്!"

ഞാൻ ധൈര്യപ്പെട്ടു ചോദിച്ചു—"യാചനയുടെ കാര്യം നിങ്ങൾ മുമ്പും പറഞ്ഞു, ത്യാഗത്തിൻെറയും. എനിക്കൊന്നും മനസ്സിലാക്കാൻ കഴിഞ്ഞില്ല."

"ഞാൻ പറയാൻ തുടങ്ങിയല്ലോ, മുഴുവൻ പറഞ്ഞേയ്ക്കാം. ഇനി മടിക്കാനില്ല. സ്ത്രീത്വം മുമ്പുതന്നെ നഷ്ടപ്പെടുത്തി. ഇന്നു മനുഷ്യത്വവും നശിപ്പിച്ചു. ഇനി ഇന്നേയ്ക്കപ്പുറം സകലതും ഒന്നായിത്തീരും. നിങ്ങൾ മിണ്ടാതിരുന്നു കേട്ടോളൂ. ഇടയ്ക്കു തടയണ്ടാ."

ഞാൻ കേൾക്കാനിരുന്നു. അവൾ നിർവ്വികാരയായി കഥ പറയാൻ തുടങ്ങി—സ്വപ്നത്തിൽ പറയുന്നമാതിരി, യന്ത്രത്തിൽ പറയുന്നമാതിരി.

"നിങ്ങൾ മൈക്കിൾ ക്രെസ്കിയുടെ പേർ കേട്ടിട്ടുണ്ടോ?"

"പീറേറഴ്സ്ബഗ്ഗിൽവെച്ച മൂന്നു പോലീസുദ്യോഗസ്ഥന്മാരെ കൊന്നു കടന്നുകളഞ്ഞവനല്ലേ?"

"അതെ, അദ്ദേഹം ഞങ്ങളുടെ സ്ഥാപനത്തിലെ പ്രധാനിയായിരുന്നു." ഇതു പറഞ്ഞു് അവൾ എൻെറനേക്കു നോക്കി. ഞാൻ ഒന്നും പറഞ്ഞില്ല. എന്നാൽ എൻെറ മുഖത്തുണ്ടായ വിസ്മയഭാവം അവൾ വ്യക്തമായി കണ്ടിരിക്കും.

കഥ തുടൻു—"അദ്ദേഹം ഇന്നലെ ഇവിടെ മോസ്കോവിൽവെച്ചു് അറസ്റ്റിലായിട്ടുണ്ടു്."

ക്ഷണനേരത്തേയ്ക്കു നിസ്തബ്ധയായിരുന്നു.

"എന്നാൽ അദ്ദേഹത്തെ അറസ്ററുചെയ്തു കൊണ്ടുപോയെങ്കിലും പോലീസിനു പിടികിട്ടിയില്ല, ആളാരാണെന്നു്. ഒരു വിപ്ലവകാരിയായിരിക്കുമെന്ന സംശയത്തിൽമാത്രമാണു് പിടിച്ചതു്. വിവരമറിഞ്ഞപ്പോൾ ഞാൻ ചെന്നന്വേഷിക്കാൻ നിശ്ചയിച്ചു. ഒരു സാധാരണ നാടൻപെണ്ണിൻെറ വേഷത്തിൽ പോലീസ്സ്റ്റേഷനിൽ ചെന്നു. അവിടെ ചെന്നു ഞാൻ അദ്ദേഹത്തിൻെറ സഹോദരിയാണെന്നും അദ്ദേഹത്തെ കൊണ്ടുപോകാൻ വന്നതാണെന്നും പറഞ്ഞു. അപ്പോഴും പോലീസിനു് അദ്ദേഹത്തെക്കുറിച്ചു ശരിയായ വിവരം കിട്ടിയിട്ടുണ്ടായിരുന്നില്ല. അവർ അങ്ങുമിങ്ങും—പീറേറഴ്സ്ബഗ്ഗിൽപ്പോലും അന്വേഷിക്കുന്നുണ്ടായിരുന്നു.

ആദ്യം ഞാൻ വിചാരിച്ചു, സഖാക്കളെ വിളിച്ചു് അദ്ദേഹത്തെ മോചിപ്പിക്കാൻ പരിശ്രമിക്കാമെന്നു്. എന്നാൽ അതിനു സമയമുണ്ടായിരുന്നില്ല. അതിനിടക്കു്

അവക്ക പീറേറഴ്സ്ബെർഗ്ഗിൽനിന്നു വിവരം ലഭിച്ചാലോ? എനിക്കൊററസ്സ് അനുനയവും അപേക്ഷയുമല്ലാതെ എന്തു ചെയ്യാൻ കഴിയും? എൻെറ കഴിവില്ലായ്മയിൽ എനിക്ക ദേഷ്യം തോന്നി. ഞാൻ പല്ലു കടിച്ചമത്തി. ഇത്തരം സന്ദർഭത്തിൽ കഴിവുകേടും നിസ്സഹായതയും ബോധ്യപ്പെടാതിരിക്കുന്ന കാലത്തോളം വിപ്ലവത്തിൻെറയാവശ്യകതയും തികച്ചും മനസ്സിലാവുകയില്ല."

എൻെറ നേക്ക നോക്കി, ഞാൻ ശ്രദ്ധിച്ചു കേൾക്കുന്നുവെന്നു കണ്ടിട്ട് അവൾ തുടൎന്നു—"പിന്നെ, പിന്നെ ഞാനാലോചിച്ചു, എനിക്ക തന്നത്താനാവുന്നതു ചെയ്യുകതന്നെ വേണം. പിന്നെ തൂക്കമരത്തിൽ കയറേണ്ടിവന്നാലും ശരി. ഞാൻ നിശ്ചയിച്ചു—എൻെറ സങ്കോചം നീങ്ങി. ഇന്നലെത്തന്നെ വൈകുന്നേരം ഞാൻ ജനറൽ കൊല്ലിൻെറ ബംഗളാവിൽ ചെന്നു. അപ്പോൾ അവിടെ കൺണൽ ഗൊറോവ്സ്കിയുമുണ്ടായിരുന്നു. ആദ്യം എനിക്ക് അകത്തു കടക്കാൻതന്നെ അനുമതി കിട്ടിയില്ല. കാവല്ക്കാരൻ പരിശോധിച്ച് എൻെറ പക്കലുണ്ടായിരുന്നതെല്ലാം വാങ്ങിവെച്ചു. വളരെ കെഞ്ചി, ഞാൻ അകത്തുകടന്നു.

ആദ്യം ജനറൽ കൊല്ലിൻ എന്നെക്കണ്ടു തട്ടിക്കയറി. പിന്നെ എന്തു കരുതിയിട്ടോ, ഒന്നടങ്ങി. ഞാൻ കെട്ടിച്ചമച്ച കഥ പറഞ്ഞു കേൾപ്പിച്ചു. എൻെറ സഹോദരൻ നിരപരാധിയാണെന്നും പോലീസ് വെറുതെ പിടിച്ചതാണെന്നും ധരിപ്പിച്ചു. ജനറൽ വളരെ

വലിയ ഒരാളാണു്. എല്ലാം അയാളുടെ കൈയിലാണു്. ആരെ വേണമെങ്കിലും വിട്ടുകളയാൻ അയാൾക്കധികാരമുണ്ടു്. ഞാൻ അയാളുടെ മുമ്പിൽ കരഞ്ഞു, കാലുപിടിച്ചു. മറെറാരവസരത്തിലായിരുന്നെങ്കിൽ അയാളുടെ നാവു ഞാൻ പിഴുതെടുക്കുമായിരുന്നു!

അയാൾ മിണ്ടാതെ കേട്ടുകൊണ്ടിരുന്നു. ഞാൻ പറഞ്ഞുകഴിഞ്ഞപ്പോഴും ഒന്നും മിണ്ടിയില്ല. അല്പനേരം കഴിഞ്ഞു കണ്ണുകൊണ്ടു ഗൊറോവ്സ്കിയെ ആംഗ്യംകാട്ടി വിളിച്ചു് എന്തോ ചെവിയിലോതി. ഗൊറോവ്സ്കി എന്നോടു പറഞ്ഞു—ഇവിടെ വരൂ, നിങ്ങളോടല്പം സംസാരിക്കാനുണ്ടു്. ഞാൻ അയാളൊന്നിച്ചു് അടുത്ത മുറിയിൽ ചെന്നു. അവിടെവെച്ചു് അയാൾ പറഞ്ഞു—"നോക്കൂ, ഇപ്പോൾ എല്ലാം ഞങ്ങളുടെ കൈയിലാണു്. എന്നാൽ നാളെ കഴിഞ്ഞാൽ പിടിവിട്ടു പോകും. ഞങ്ങൾക്കയാളെ കോടതിയിൽ കൊണ്ടുപോകേണ്ടിവരും. പിന്നെ........"

അയാൾ പറഞ്ഞു മൗനംപൂണ്ടു. ഞാൻ പറഞ്ഞു—"എന്തു വേണമെങ്കിലും ചെയ്യാം." അയാൾ പറഞ്ഞു—"ജനറൽ നിങ്ങളുടെ സഹോദരനിൽ ദയ കാണിക്കാൻ തയ്യാറാണു്. പക്ഷേ ഒരു വ്യവസ്ഥയിൽ........" ഞാൻ കൗതുകത്തോടെ ചോദിച്ചു—"എന്തു്?" അയാൾ വളരെയടുത്തു വന്നു പതുക്കെപ്പറഞ്ഞു—"മെരിയാ ഇവാനോവ്ന! നിങ്ങൾ അസാധാരണസുന്ദരിയാണു്....!"

അവൾ പറഞ്ഞുകൊണ്ടിരിക്കെ മൗനംപൂണ്ടു. ഞാൻ തലപൊക്കി നോക്കി. അവളുടെ നയനങ്ങളിൽ

വിചിത്രമായ ഒരു പ്രകാശമുണ്ടായിരുന്നു. അവൾ പെട്ടന്നു മേശമേൽനിന്നെഴുന്നേററു് എൻെറ മുമ്പിൽ നിന്നുകൊണ്ടു പറഞ്ഞു—"മനസ്സിലായോ അയാൾ പറഞ്ഞ വ്യവസ്ഥയെന്തെന്നു്! അത്തരം വ്യവസ്ഥകൾ നിങ്ങൾക്കു സ്വപ്നത്തിൽപ്പോലും തോന്നുകയില്ല. വ്യവസ്ഥ ഇതായിരുന്നു....ആ ഒരു ത്യാഗത്തിനു ഞാൻ ഒരുങ്ങിപ്പോയിട്ടുണ്ടായിരുന്നില്ല."

അവൾ വീണ്ടും മൗനംപൂണ്ടു. രണ്ടു കൈകൊണ്ടും കഴുത്തിലെ തുവാലയും കുപ്പായത്തിൻെറ കോളറും പിടിച്ചു കുറച്ചു നേരം എൻെറ നേരെ നോക്കി നിന്നു. പിന്നെ പെട്ടന്നു തുവാലയും കുപ്പായവും വലിച്ചുകീറിക്കൊണ്ടു പറഞ്ഞു—"ഇതാ നോക്കു. ഇത്തരം സൗന്ദര്യം എവിടെയെങ്കിലും നിങ്ങൾ കണ്ടിട്ടുണ്ടോ?"

തൊപ്പിയും തുവാലയുംകൊണ്ടു മറഞ്ഞിരുന്ന മുഖം അപ്പോൾ സ്പഷ്ടമായി കാണാൻ കഴിഞ്ഞു. ആ മുഖത്തിനു താഴെ അവളുടെ കഴുത്തു തുറന്നുകിടന്നിരുന്നു. ആ അസാധാരണമായ ലാവണ്യം, ആ പ്രസ്ഫുടമായ സൗന്ദര്യം, അധരങ്ങളിൽ അമർന്നിരുന്ന വിഷാദംകലർന്ന പുഞ്ചിരി, സ്വർണ്ണവർണ്ണത്തിലുള്ള കഴുത്തും മാറിടവും....അത്തരം അനുപമമായ സൗന്ദര്യം വാസ്തവത്തിൽ ഞാൻ മുമ്പു കണ്ടിട്ടുണ്ടായിരുന്നില്ല.

എന്നാൽ അവളുടെ ആ കണ്ണുകൾ....വിസ്താരിതങ്ങളും നിർന്നിമേഷങ്ങളുമായ....തുഷാരകണങ്ങൾപോലെ ശീതളമായ അവയുടെ തെളിച്ചം....അവയിൽ ക്രോധവും വൈരാഗ്യവും ദൈന്യവും വേദനയും ഒന്നുമുണ്ടായിരുന്നില്ല. ശുക്രനക്ഷത്രത്തെപ്പോലെയുള്ള ശോഭ....!"

"അതാണു് ബലികൊടുക്കേണ്ടതു്. സ്ത്രീയുടെ സൗന്ദര്യം! മൈക്കിൾ ക്രെസ്കിയെ മോചിപ്പിക്കുന്നതിനുള്ള വില....!"

എനിക്കു തോന്നി, എന്തോ പറയണമെന്നു്. എന്നാൽ വളരെ പണിപ്പെട്ടിട്ടും ശബ്ദം പൊങ്ങിയില്ല.

"അയാൾ, ആ മനുഷ്യപ്പിശാചായ ഗൊറോംവ്സ്കി എന്റെയടുത്തു വന്നു പറഞ്ഞു—മെരിയാ ഇവാനോവ്ന! നിങ്ങൾ അസാധാരണസുന്ദരിയാണു്! എനിക്കു് ഇടിവെട്ടു കൊണ്ടതുപോലെ തോന്നി. ക്ഷണനേരത്തേയ്ക്കു് ആ വ്യവസ്ഥയുടെ താത്പര്യംതന്നെ എനിക്കു മനസ്സിലായില്ല. പിന്നെ സമുദ്രത്തിലെ തിരമാലപോലെ എന്റെ മനസ്സിൽ ക്രോധം തിളച്ചുപൊങ്ങി. എന്റെ മുഖം ചെമന്നു. "പാപീ, പട്ടീ" എന്നു വിളിച്ചുകൊണ്ടു ഞാൻ ഇറങ്ങി നടന്നു. പക്ഷേ പിന്നാലെ അയാളുടെ ചിരിയും താക്കീതും—"നാളെ വൈകുന്നേരംവരെ കാക്കും. പിന്നെ...."

പുറത്തു വന്നു തണുത്ത കാററുകൊണ്ടപ്പോൾ എന്റെ ബോധം കുറെ നേരെ വീണു. ഞാൻ ശാന്തമായി ചിന്തിക്കാൻ തുടങ്ങി—എന്റെ കത്തവ്യമെന്തു്? എന്തിനാണു് കൂടുതൽ വില—മൈക്കിൾ ക്രെസ്കിയുടെ ജീവനോ അതോ....? അദ്ദേഹത്തെ മരിക്കാൻ വിടാമോ? ഒരിക്കലും വയ്യാ. വിടുവിക്കുന്നതെങ്ങനെ? പോലീസിനു ശരിയായ വിവരം ലഭിക്കുകയില്ലെന്നു വിശ്വസിച്ചിരുന്നാലോ? വഞ്ചനയാണതു്. എങ്ങാനും അവക്കു വിവരം ലഭിച്ചാൽ....പീറെറഴ്സ്ബഗ്ഗിൽനിന്നു് ആരെയെങ്കി

ലും വിളിച്ചാലോ? പക്ഷേ അതിനു സമയമില്ല. ഒററ യ്ക്കെന്തു ചെയ്യും? ആ വ്യവസ്ഥ....

പ്രധാനം നമ്മുടെ നാടാണു്, രാഷ്ട്രമാണു്. അതി നുമുമ്പിൽ ഒരു സ്ത്രീയുടെ ചാരിത്രം....! ഞാൻ നിശ്ച യിച്ചു. ഒരുപക്ഷേ എനിക്കു തെററു പററിയിരിക്കാം, ഒരുപക്ഷേ ഈ തീരുമാനംമൂലം എനിക്കു നരകയാതന ലഭിച്ചേയ്ക്കാം. എന്നാൽ ഇതിൽ ഒരു തീരുമാനമെടു ക്കാൻ ഞാൻ സഹിച്ച വേദന നരകത്തിലും അനുഭവി ക്കേണ്ടിവരുകയില്ല."

അവൾ വീണ്ടും നിറുത്തി. ഇത്തവണ എനിക്കു ക്ഷമിച്ചിരിക്കാൻ കഴിഞ്ഞില്ല. അത്യന്തം അപ്രസന്നത യോടെ ചോദിച്ചു—"എന്തു തീരുമാനിച്ചു?"

"ഇപ്പോൾ ഇവിടെനിന്നു ജനറൽ കൊല്ലിൻെറ വീട്ടിലേയ്ക്കു പോവുകയാണു്. എന്നാൽ കേട്ടോളു. എ ൻെറ കഥ കഴിഞ്ഞില്ല. ഇന്നു് ആറു മണിക്കു ഞാൻ കണ്ണൽ ഗൊറോവ്സ്കിയുടെ വീട്ടിൽ ചെന്നു. എ ന്നെ കണ്ടപ്പോൾത്തന്നെ അയാൾ ചിരിച്ചുകൊണ്ടു പ റഞ്ഞു—"മെരിയേ, നിങ്ങൾ സുന്ദരിയായിരിക്കുന്നിട ത്തോളംതന്നെ ബുദ്ധിമതിയുമാണു്. മാനം നശിച്ചാൽ വീണ്ടും നേടാം. സഹോദരനെ ഇനിയൊരിക്കൽ കിട്ടുക യില്ല." ഞാൻ തലകുനിച്ചു പറഞ്ഞു—"അതെ. വ്യവ സ്ഥ എനിക്കു സമ്മതമാണെന്നു ജനറലിനെ അറിയി ച്ചോളൂ."

"അയാൾ ആ സമയത്തു് ഉടുപ്പൂരിയിടുകയായിരു ന്നു. അതിനിടയ്ക്കു പറഞ്ഞു—"നിങ്ങൾ ഇവിടെത്തന്നെ

യിരുന്നോളും. ഞാൻ ടെലഫോണിൽ പറയാം! അയാൾ മൂലയ്ക്കലേയ്ക്കു നീങ്ങി ടെലഫോണിൽ സംസാരിക്കാൻ തുടങ്ങി. എൻെറ നേക്കു പുറംതിരിഞ്ഞായിരുന്നു നില്പു്. എനിക്കു പെട്ടന്നെന്തോ തോന്നി. ഞാൻ അയാളുടെ വാളു കൈയിലെടുത്തു ശബ്ദമുണ്ടാക്കാതെ പിന്നിൽ തൊട്ടടുത്തു ചെന്നു. സംഭാഷണം സമാപിച്ചുകഴിഞ്ഞിരുന്നു. ഗൊറോവ്സ്കി ഫോൺ താഴെ വെച്ചു തിരിയാൻ ഭാവിക്കുമ്പോഴേയ്ക്കു വാൾ ഹൃദയഭാഗത്തു പതിച്ചുകഴിഞ്ഞു. ഒരു നിലവിളിപോലുമുണ്ടായില്ല. പൊരിച്ചാക്കുപോലെ നിലത്തു വീണു. ഞാൻ അയാളുടെ ശവമെടുത്തു ജനാലയിലൂടെ പുറത്തിട്ടു; പിന്നെയിങ്ങു പോന്നു.”

ഞാൻ ചോദിച്ചു—“നിങ്ങളുടെ ഈ കൈകൾക്കു് ഇത്ര വളരെ ശക്തിയോ?”

അവൾ പറഞ്ഞു—“ഞാൻ വിപ്ലവകാരിയാണു്. ഇതു നോക്കു!”

അവൾ വാളെടുത്തു് ഒരു കൈയിൽ പിടിയും മറു കൈയിൽ തലയ്ക്കുമായി പിടിച്ചുപറഞ്ഞു—“ഇതു നോക്കു!”

അവൾ അതിൻെറ പരന്ന വശംകൊണ്ടു മുട്ടിന്മേലടിച്ചു. വാൾ രണ്ടു കഷണം! അവൾ ആ രണ്ടു കഷണവും എൻെറ മേശപ്പുറത്തു വെച്ചു.

ഞാൻ ചോദിച്ചു—“ഇനി എന്തു ചെയ്യുന്നു?”

“ഇനി കൊല്ലിൻെറ വീട്ടിൽ പോവുകയാണു്. ക്രെസ്കിയെ വിടുവിക്കണം. അതിനുശേഷം? അതിനുശേഷം....”

അവൾ കീസയിൽ കൈയിട്ടു് ഒരു ചെറിയ കൈത്തോക്കെടുത്തു—"ഇതും ഗൊറോവ്സ്കിയുടെ പക്കൽനിന്നു കിട്ടിയതാണു്."

"എന്നാൽ....ഇതുകൊണ്ടെന്തു ചെയ്യും?"

"ഇതുപയോഗിക്കും." അവൾ അതു യഥാസ്ഥാനം നിക്ഷേപിച്ചു.

ഇതിനുശേഷം ഒരു നാലഞ്ചു മിനുട്ടുനേരം ആരുമൊന്നും പറഞ്ഞില്ല. ഞാൻ അവളുടെ കഥയാകെ ഒരു സിംഹാവലോകനം ചെയ്തു. എന്തൊരു ബീഭത്സത, എന്തൊരു ദൈന്യത! അവളുടെ കുററമെന്തായിരുന്നു? ഒരു വിപ്ലവകാരിയായി എന്നതുമാത്രം! പെട്ടന്നു് ഒരു സംഗതി ഓർമ്മവന്നു. ഞാൻ ചോദിച്ചു—"നിങ്ങൾ പറഞ്ഞല്ലോ, മുമ്പും ഇതേമാതിരി യാചിച്ചുവെന്നു്. എന്താണതു്, പറയാമോ?"

അവൾ ഇതുവരെ നില്ക്കുകയായിരുന്നു. ഇപ്പോൾ മേശപ്പുറത്തു കയറിയിരുന്നു—"അതൊരു പഴയ കഥയാണു്. ഞാൻ ഒററയ്ക്കായിരുന്നില്ല, കൂടെ മറെറാരു പെൺകിടാവുകൂടിയുണ്ടായിരുന്നു. നിങ്ങൾ പോളിനയെ കേട്ടിട്ടുണ്ടോ?"

"ഉവ്വു്, കേട്ടിട്ടുണ്ടു്. ഇപ്പോൾ കൂടുതൽ ഓർമ്മവരുന്നില്ല."

"അവൾ നൊവ്ഗോറോഡിൽവെച്ചു പിടിക്കപ്പെട്ടു—വേശ്യത്തെരുവിൽ—വെടിവെച്ചു കൊല്ലപ്പെട്ടു."

"ശരി, എനിക്കോർമ്മവന്നു. അതിനുശേഷം അതെങ്ങനെ സംഭവിച്ചുവെന്നതിനെക്കുറിച്ചു വളരെയധികം ഊഹാപോഹങ്ങളുണ്ടായി. എന്നാൽ ഒരു പിടിയും കിട്ടുകയുണ്ടായില്ല."

"അതെ, അന്നു ഞാനും നൊവ്ഗോറോഡിലുണ്ടായിരുന്നു, അതേ വീട്ടിൽ! ഞങ്ങൾ രണ്ടുപേരുംകൂടിയാണു് അവിടെ താമസിച്ചിരുന്നതു്. ഒരു വേശ്യാലയത്തിൽത്തന്നെ! അവിടെ ദിവസംപ്രതി രാത്രിസമയത്തു് ആളുകൾ വന്നു ഞങ്ങളുടെ ശരീരം കണ്ടു വൃത്തികെട്ട സങ്കേതങ്ങൾ കാണിച്ചിരുന്നു. ഞങ്ങൾ എല്ലാം കണ്ടു സഹിച്ചിരിക്കും. അവിടെ രോഗങ്ങൾ കാർന്നുതിന്നു നീരുവററിയ നാരങ്ങപോലെയായ മുതലാളിമാർ മോടിയിൽ അണിഞ്ഞൊരുങ്ങി ശൃംഗരിച്ചുകൊണ്ടു വരും—ഫൂ! അതു കാണാത്തവർക്കു മുതലാളിത്തത്തിൻെറയും സാമ്രാജ്യത്വത്തിൻെറയും ദൂരവ്യാപകമായ പരിണാമം മനസ്സിലാക്കാൻ കഴിയുകയില്ല. ധനത്തിൻെറ ധാരാളതകൊണ്ടു് എത്രമാത്രം ചീത്തത്തങ്ങൾ സമുദായത്തിൽ കടന്നുകൂടുന്നുവെന്നു മനസ്സിലാക്കുവാൻ അതു കാണുകതന്നെ വേണം.

"പിന്നെ അവർ അടുത്തുള്ള മുറികളിൽ പ്രവേശിക്കും. പിന്നെ...."

അല്പനേരം അവൾ മൗനംധരിച്ചു വീണ്ടും പറഞ്ഞു —"ചിലപ്പോൾ അവിടെ ചില ചെറുപ്പക്കാരും വരാറുണ്ടായിരുന്നു. ശാന്തശീലരും സുദൃഢഗാത്രരുംസുന്ദരരൂപരുമായ ചെറുപ്പക്കാർ! അവർ വരുമ്പോൾ അവിടത്തെയാ

ളുകൾ എത്ര വിരൂപരും ബീഭത്സരുമായിട്ടാണു് തോന്നു ക! ഒരു പക്ഷേ അവർ വന്നിരുന്നില്ലെങ്കിൽ ഞങ്ങൾ അ വിടെ കിടന്നു മരിച്ചുപോകുമായിരുന്നു—അത്ര നിന്ദ്യ വും നിരാശാജനകവുമായിരുന്നു ആ രംഗം.

ഇവരായിരുന്നു ഞങ്ങളുടെ സഹായികളും സഹപ്ര വൎത്തകരും. പീറേറഴ്ബർഗ്ഗിൽനിന്നു വിതരണത്തിനു ഞങ്ങൾക്കു വന്നിരുന്ന വിജ്ഞാപനങ്ങൾ ഞങ്ങൾ ഇവ രെ ഏല്പിക്കും, ഇവർ അവ വിതരണം ചെയ്യും. നൊവ് ഗോരോഡിൽ ഞങ്ങളുടെ സ്ഥാപനത്തിന്റെ ശാഖ ഇ ങ്ങനെയാണു് പ്രവൎത്തിച്ചിരുന്നതു്. പിന്നെ നൊവ് ഗോറോഡിൽനിന്നു് ആക്ക്ഞ്ജെലിലും അവിടെനിന്നു ജെറോസ്ലാവ്ലിലും തിരിച്ചു പീറേറഴ്സ്ബർഗ്ഗിലും വീ ണ്ടും നൊവ്ഗോറോഡിലും—അങ്ങനെ തുടൎന്നു ആ പ്ര വൎത്തനത്തിന്റെ ഗതി. ആക്ക്ഞ്ജെലിൽവെച്ചു മൂന്നു ഗവ ൎണ്ണർമാരെ കൊന്നു. ജെറോസ്ലാവ്ലിൽ സൎക്കാരുദ്യോഗ സ്ഥന്മാരുടെ വസതികൾ തീയിട്ടു ചുട്ടു. നൊവ്ഗോറോ ഡിൽ അനേകം പോലീസധികാരിമാർ വധിക്കപ്പെട്ടു. പിന്നെ....പോളിന പിടിക്കപ്പെട്ടു. ഞാൻ മോസ്കോവി ലെത്തി.”

“അവൾ എങ്ങനെയാണു് പിടിക്കപ്പെട്ടതു്?”

ഞങ്ങൾ താമസിച്ചിരുന്ന തെരുവുകൾ രാത്രിയി ലേ തുറക്കാറുള്ളു. പകൽ അവ പൊട്ടിപ്പിളൎന്നു് അഗ്നി പൎവ്വതത്തിന്റെ ശിഖരങ്ങൾപോലെ കിടക്കും. അന്നു് കൃത്യാവശ്യം പ്രമാണിച്ചു പോളിന തടിച്ച കോട്ടും മു ഖംമൂടിയും ധരിച്ചു പുറത്തിറങ്ങി. അവളുടെ കീസയിൽ

കുറെ കത്തുകളും ഒരു കൈത്തോക്കുമുണ്ടായിരുന്നു. ആ കത്തുകൾ വേണ്ടിടത്തെത്തിക്കാൻ പോവുകയായിരുന്നു. ആ സമയത്താണു്....."

ക്ലോക്കിൽ ടൻ! ടൻ!!....പതിനൊന്നടിച്ചു. അവൾ ഞെട്ടിയെഴുന്നേററു പറഞ്ഞു—"നേരം വളരെയായി. ഞാൻ പോകുന്നു."

"എവിടെ?"

"കൊല്ലിൻെറ വീട്ടിൽ. അവസാനത്തെ യാചനയ്ക്കുവേണ്ടി."

അവൾ അതിവേഗം കോട്ടിൻെറ ബട്ടനിട്ടു് എഴുന്നേററു നിന്നു. ഞാനും എഴുന്നേററു.

ഞാൻ ശങ്കിച്ചു ശങ്കിച്ചു പറഞ്ഞു—"സ്വാതന്ത്ര്യസമരത്തിൽ വളരെയധികം തലകൾ ബലികൊടുക്കേണ്ടിവരും." ഞാൻ എനിക്കുതന്നെ മനസ്സിലാക്കിക്കൊടുക്കുകയായിരുന്നുവെന്നു തോന്നും.

അവൾ ചോദിച്ചു—"ഇത്തരം സ്വാതന്ത്ര്യസമരത്തിൽ അധികം തകരുന്നതു തലകളോ ഹൃദയങ്ങളോ? ആക്കു പറയാൻ കഴിയും?"

ഞാൻ മൗനംപൂണ്ടു നിന്നു. അവൾ ഒന്നു ചിരിച്ചു വീണ്ടും പറഞ്ഞു—"ജീവിതം എത്ര വിചിത്രമാണെന്നറിയാമോ? ഞാൻ ഇവിടെ വന്നതു പണം വാങ്ങി കടന്നുകളയാനാണു്. ഇപ്പോൾ ഇവിടെനിന്നു പോകുന്നതോ, ഓർമ്മയ്ക്കായി ഒരു വിത്തു വിതച്ചിട്ടു്—അസമാധാനത്തിൻെറ വിത്തു്!"

അവരം ചൂണ്ടിയ സ്ഥലത്തേയ്ക്കു ഞാൻ നോക്കിനി ന്നു. വിളക്കിൻെറയും നെരിപ്പോടിൻെറയും പ്രകാശത്തിൽ അതു ചെമന്നു തിളങ്ങിയിരുന്നു—ആ കടിഞ്ഞ വാളിൻെറ മുറി!

പെട്ടന്നു വാതിൽ തുറന്നടഞ്ഞു. എൻെറ കിനാവു പൊലിഞ്ഞമന്നു. ഞാൻ കണ്ണുമിഴിച്ചു നോക്കി.

മഴ അപ്പോഴും പെയ്യുന്നുണ്ടായിരുന്നു, ആലിപ്പഴങ്ങളും പൊഴിയുന്നുണ്ടായിരുന്നു. എന്നാൽ അവരം....അവരം അവിടെയുണ്ടായിരുന്നില്ല. ഞാനൊററയ്ക്കു്—ആ അസമാധാനത്തിൻെറ വിത്തും!

ആ വിത്തു് എങ്ങനെ മുളച്ചുവെന്നു പിന്നെ പറയാം. ഇപ്പോരം അന്നത്തെ കഥ മുഴവനാക്കട്ടെ.

അവരം ഇറങ്ങിപ്പോയി. എന്നാൽ എനിക്കു പിന്നെ എഴുത്തു തുടരാൻ കഴിഞ്ഞില്ല. ഒരു തവണ ഞാൻ ആ കടലാസുകളിലേയ്ക്കു നോക്കി—"സഫലമായ വിപ്ലവം!" ആ രണ്ടു വാക്കുകരം എന്നെ നോക്കി പരിഹസിക്കുകയായിരുന്നു. വിസ്മൃതമായ ത്യാഗങ്ങളുടെ സമാധാനജനകമായ സാരാംശം! വഞ്ചന! ഞാൻ ആ കടലാസുകരം വലിച്ചുകീറി തീയിലെറിഞ്ഞു. എന്നിട്ടും സമാധാനം കിട്ടിയില്ല. ഞാൻ ചിന്തിക്കാൻതുടങ്ങി—ഇനി അവരം എന്തു ചെയ്യും? കൊല്ലിൻെറ വീട്ടിൽ....മൈക്കിരംക്രെസ്കിയെ ഒരു പക്ഷേ മോചിപ്പിക്കും. എന്നാൽ അതിനു ശേഷം?....

ആ മോചനത്തിൻെറ ഫലമായി ആനന്ദവും അഭിമാനവും........എവിടെയായിരിക്കും? അവിടെ ഒരു ഗ

ഘനമായ വേദനയുടെ, നഗ്നമായ മൃഗീയതയുടെ, താണ്ഡവമായിരിക്കും കാണുക. സ്വാതന്ത്ര്യത്തിൻെറ തടവററ കൂക്കുവിളിയും കോലാഹലവും വേണ്ടിടത്തു് എന്തായിരിക്കും? ഒരു സ്ത്രീയുടെ ഹൃദയം തകരുന്ന ഞരക്കം മാത്രം!

ഞാൻ ചെന്നു വിളക്കണച്ചു. മുറിക്കകത്തു് ഇരുൾ പരന്നു. അവിടവിടെ നെരിപ്പോടിലെ തീയിൻെറ ചെമ്പൊലിമയിൽ കസേരക്കാലുകളുടെ നിഴലുകൾ വിചിത്രമായി നൃത്തംചെയ്തിരുന്നു. ഞാൻ അതു നോക്കിക്കൊണ്ടു ചിന്തിക്കാൻതുടങ്ങി—ഇതേ സമയത്തു ജനറൽ കൊല്ലിൻെറ വീട്ടിൽ എന്തു സംഭവിക്കുന്നുണ്ടായിരിക്കും?....... ഒരു പക്ഷേ ഇതിനിടയിൽ മൈക്കിൾ ക്രെസ്കി മോസ്കോവിലെ ഏതെങ്കിലും തെരുവിൽ ഒളിക്കാനിടം നോക്കുകയായിരിക്കും. താൻ മുക്തനായതെങ്ങനെയെന്നതിനെക്കുറിച്ചു് അയാൾ എന്തു വിചാരിക്കുന്നുണ്ടായിരിക്കും? മെരിയയുടെ കഥ അയാൾ അറിയുമോ? ഒരുപക്ഷേ അവർ തമ്മിൽ കണ്ടുമുട്ടിയിട്ടുണ്ടെങ്കിൽ? എന്നാൽ കൊല്ലിൻ അതിന്നിടകൊടുക്കുമോ? മെരിയയുടെ ത്യാഗത്തിൻെറ കഥ ഒരുപക്ഷേ ആൎക്കും മനസ്സിലാവുകയില്ല, ഒരുത്തനും അറിയാൻ കഴിയുകയില്ല. അന്തമററ സമുദ്രത്തിൽ ഒഴുകിക്കൊണ്ടിരിക്കേ പെട്ടന്നണഞ്ഞുപോകുന്ന ദീപംപോലെ അവളുടെ കഥ അവിടെത്തന്നെ അവസാനിച്ചെന്നുവരും. എനിക്കു് അവളുടെ ശരിയായ പേരുകൂടി അറിയാൻ കഴിയുകയില്ല. എന്തൊരുപഹാസമാണിതു്!

ക്ലോക്കിൽ പന്ത്രണ്ടടിച്ചു. ഞാൻ ഒന്നു ഞെട്ടി. ഒരവ്യക്തമായ ബീഭത്സരംഗം എൻെറ കണ്ണുമ്പിൽ നൃത്തം ചെയ്യുന്നു. കൊല്ലിനും മെരിയയും........ആ രംഗം സ്മരിക്കാൻതന്നെ എനിക്കു കഴിഞ്ഞില്ല. ഞാൻ എഴുനേററുചെന്നു വാതിൽ തുറന്നു. ഉമ്മറത്തുതന്നെ നിന്നുകൊണ്ടു മഴപെയ്യുന്നതു നോക്കിക്കാണാൻ തുടങ്ങി. ഇടയ്ക്കു ചില ഹിമശകലങ്ങൾ ദേഹത്തു തെറിച്ചുവീഴുന്നുണ്ടായിരുന്നു. എങ്കിലും ഞാൻ അതിൽ ശ്രദ്ധിച്ചിരുന്നില്ല. ആ അന്ധകാരത്തിൽ മഴത്തുള്ളികൾ നോക്കിക്കാണാൻ പരിശ്രമിക്കുകയായിരുന്നു.......!

പൂർവ്വദിക്കിൽ നേരിയ പ്രകാശം പരന്നപ്പോൾ എൻെറ ഈ ജാഗരസ്വപ്നം പൊലിഞ്ഞമന്നു. എൻെറ കൈകാലുകൾ തണുപ്പിൽ മരവിച്ചിരിക്കുന്നുവെന്നു മനസ്സിലായി. ഞാൻ ആ മഴയോടെന്നപോലെ പറഞ്ഞു —"അവിടെ സംഭവിക്കാനുള്ളതെല്ലാം ഇതിനിടയ്ക്കു സംഭവിച്ചുകഴിഞ്ഞിരിക്കും." പിന്നെ വാതിലടച്ച് അകത്തു വന്നു വിറങ്ങലിച്ച ശരീരഭാഗങ്ങളിൽ ചൂടെത്തിക്കാൻ കമ്പിളികൊണ്ടു മൂടിപ്പുതച്ചു കിടന്നു.

അന്നത്തെ സംഭവം ഇവിടെയവസാനിക്കുന്നു. എന്നാൽ അതിനോടു ബന്ധപ്പെട്ട ഒന്നു രണ്ടു സംഗതികൾ വീണ്ടുമുണ്ടായി. അവയും ഇതോടൊപ്പംതന്നെ പറഞ്ഞേയ്ക്കാം.

അടുത്ത ദിവസം ഞാൻ പത്രത്തിൽ വായിച്ചു—ഇന്നലെ രാത്രി ജനറൽ കൊല്ലിനും കണ്ണൽ ഗൊറോവ്സ്കിയും സ്വന്തം വസതികളിൽവെച്ചു വധിക്കപ്പെട്ടു.

കൈത്തോക്കുകൊണ്ടു് ഒരു സ്ത്രീയാണു് കൊല്ലിനെ വധിച്ചതു്. അദ്ദേഹത്തെ കൊന്നതിനുശേഷം അവൾ അതേ കൈത്തോക്കുകൊണ്ടുതന്നെ ആത്മഹത്യ ചെയ്തു. കണ്ണൻ ഗൊറോവ്സ്കി വാളുകൊണ്ടു വധിക്കപ്പെട്ടതായിട്ടാണു് കാണപ്പെട്ടതു്. അദ്ദേഹത്തിൻെറ വാളും കൈത്തോക്കും കാണാനില്ലെന്നു പറയപ്പെടുന്നു. കൊല്ലിനെ കൊല്ലാനുപയോഗിച്ച തോക്കിൽ ഗൊറോവ്സ്കിയുടെ പേരു കാണുന്നു. അതുകൊണ്ടു രണ്ടാളെയും കൊന്നതു് ഒരേ സ്ത്രീയാണെന്നു കരുതപ്പെടുന്നു. പോലീസ് ഗൗരവത്തോടെ അന്വേഷണം നടത്തുന്നുണ്ടു്! എന്നാൽ ഇതുവരെ ഇതിൻെറ രഹസ്യമൊന്നും വെളിവായിട്ടില്ല.

ക്രെസ്കിയുടെ പേരുപോലും എങ്ങും കണ്ടില്ല!

ഈ രഹസ്യം ഇന്നും പുറത്തുവന്നിട്ടില്ല. അതെ, അതു കഴിഞ്ഞു കുറച്ചു ദിവസങ്ങൾക്കുശേഷം ഞാൻ കേട്ടു, മൈക്കിൾ ക്രെസ്കി പീറ്റേഴ്സ്ബർഗ്ഗിന്നടുത്തുവെച്ചു പോലീസിനോടു പൊരുതി മരിച്ചുവെന്നു്.

ഈ രഹസ്യം രഹസ്യമായിത്തന്നെയിരുന്നു. ഒരു പക്ഷേ ക്രെസ്കിപോലും അറിഞ്ഞിട്ടുണ്ടാവില്ല, അന്നു് അർദ്ധരാത്രിയിൽ താൻ മോസ്കോവിൽനിന്നു വിട്ടയയ്ക്കപ്പെട്ടതെങ്ങനെയെന്നു്.

എന്നാൽ എൻെറ ഹൃദയത്തിൽ വിതയ്ക്കപ്പെട്ട അസമാധാനത്തിൻെറ വിത്തു് അടങ്ങിയിരുന്നില്ല. മൈക്കിൾ ക്രെസ്കി കൊല്ലപ്പെട്ടുവെന്നു കേട്ട ദിവസം എൻെറ ധമനികളിൽ റഷ്യൻരക്തം തിളച്ചു പൊങ്ങി.

ക്രെസ്കി മരിച്ചതുകൊണ്ടല്ല, മെരിയയുടെ വാക്കുകൾ സ്മരിച്ചതുകൊണ്ടു്. ഞാൻ സ്കൂളിൽ ഒരു പ്രസംഗം ചെയ്തു. അതിൽ ജീവിതത്തിലാദ്യമായി ഹൃദയംതുറന്നു വിപ്ലവത്തെ വാഴ്ത്തി.

അതിനുശേഷം ഞാൻ റഷ്യയിൽനിന്നു നാടുകടത്തപ്പെട്ടു. കാരണം, വിപ്ലവത്തെ സഹായിക്കുന്നവക്ക് റഷ്യയിൽ സ്ഥാനമുണ്ടായിരുന്നില്ല.

ഇന്നു ഞാൻ പാരീസിലാണു് താമസിക്കുന്നതു്. മോസ്ക്കോവിലെന്നപോലെ ഇവിടെയും അധ്യാപനംതന്നെയാണു് ജോലി. എന്നാൽ ഇന്നു് ഈ ജോലിയിൽ എനിക്കു താത്പര്യമില്ല. ഇന്നു ഞാൻ വിപ്ലവത്തെക്കുറിച്ചു പ്രതിപാദിക്കുന്ന പുസ്തകങ്ങൾ വായിക്കാറുണ്ടു്. എന്നാൽ വായിക്കുമ്പോൾ ശ്രദ്ധ സ്വന്തം അനഭിജ്ഞതയിലേയ്ക്കു തിരിയുകയാണു്. ഇന്നും എൻെറ ആ പുരാതനവസ്തുസംഗ്രഹം അതേപടിയുണ്ടു്. എന്നാൽ അതിലെ ഏററവും വിലപിടിച്ച വസ്തു ആ ഒടിഞ്ഞ വാളിൻെറ മുറിയാണു്. അതെ, ഞാനിപ്പോൾ പ്രസംഗം നിറുത്തിയിരിക്കുന്നു. വിചിത്രവും വിഷാദപൂർണ്ണവുമായ ഒരു സമാധാനമില്ലായ്മ—വിക്ഷോഭകരമായ ഒരു ജാഡ്യം—എൻെറ ഹൃദയത്തിൽ കുടികൊള്ളുന്നു.

അഗ്നിപർവ്വതത്തിൽനിന്നു തീ പുറപ്പെടുകയും അതു കെട്ടടങ്ങുകയും ചെയ്യുന്നു, എന്നാൽ ഈട്ടംകൂടിയ ലാവയുടെ കറുത്ത കല്ലുകൾ അതേമാതിരി കിടക്കുന്നു. കൊടുങ്കാററു വരുകയും പോവുകയും ചെയ്യുന്നു. എന്നാൽ ഒടിഞ്ഞ വൃക്ഷങ്ങളുടെ കൊമ്പുകൾ ഉണങ്ങിക്കരിഞ്ഞു

പോകുന്നു. പുഴയിൽ വെള്ളം കയറുകയും ഇറങ്ങിപ്പോവുകയും ചെയ്യുന്നു. എന്നാൽ ഒഴുകിയടിഞ്ഞ ചപ്പും ചവറും അവിടെത്തന്നെ കിടന്നഴുകുന്നു. ആ കടിഞ്ഞ വാളിൻെറ കഷണം അവളുടെ വരവിൻെറയും പോക്കിൻെറയും ബാക്കിയാണു്. അതിൻെറ നേക്കു നോക്കുമ്പോഴൊക്കെ ജ്വലിച്ചുകൊണ്ടിരിക്കുന്ന അടയാത്ത രണ്ടു വൃത്തങ്ങൾ എൻെറ മുമ്പിൽ വന്നെത്തുന്നു. ഞാൻ പെട്ടന്നു ചോദിച്ചുപോവുകയാണു്—മെരിയാ ഇവാനോവ്ന! അവൾ മാനുഷിയോ രാക്ഷസിയോ? അതോ സ്വർഗ്ഗത്തിൽനിന്നു വഴിപിഴച്ചു വന്ന ദേവിയോ?

## പേനയും മഷിയും കുറെ പാട്ടുകളും

ഇന്നു നിങ്ങളുടെ കഥ തീർച്ചയായും ഞാനെഴുതുമായിരുന്നു, മമതേ! എന്നെ വിശ്വസിക്കൂ. ഇന്നു ഞാൻ ദൃഢനിശ്ചയമെടുത്തു നിങ്ങളുടെ കഥയെഴുതാനിരുന്നതാണ്. എന്നാൽ ഒരപരിചിതയായ സ്ത്രീ വന്നു തടസ്സപ്പെടുത്തി. എന്നെ വിശ്വസിക്കൂ മമതേ, അവൾ തികച്ചും അപരിചിതയാണ്. ഇതിനുമുമ്പ് അവളെ കാണുകപോലുമുണ്ടായിട്ടില്ല. അഥവാ കണ്ടിട്ടുണ്ടെങ്കിൽ തന്നെ കണ്ടെന്നു നടിച്ചിട്ടില്ല.

നിങ്ങൾ പറയും—"ഇതൊരൊഴികഴിവാണ്. കല്പിച്ചുണ്ടാക്കിയ കഥയാണ്, കഥയെഴുതാൻ മനസ്സില്ലെങ്കിൽ വേണ്ടാ. ഇങ്ങനെ നിസ്സഹായത നടിക്കുന്നതെന്തിന്? ഒരപരിചിതയായ സ്ത്രീ എന്റെ കഥയെഴുതുന്നതു തടസ്സപ്പെടുത്തുക, നിങ്ങളതു വകവെച്ചുകൊടുക്കുകയും. വിചിത്രമായിരിക്കുന്നു! അപ്പോൾ അവൾക്കു നിങ്ങളിൽ നല്ല പിടിയുണ്ടല്ലോ."

നിങ്ങൾക്കസുഖമാവില്ലെങ്കിൽ ഞാൻ പറയാം, അവൾ വാസ്തവത്തിൽ എന്നിൽ സ്വാധീനം ചെലുത്തിയിരിക്കുന്നു. അധികാരപൂർവ്വം പറഞ്ഞിരിക്കുന്നു, മമതയുടെ കഥയെഴുതാൻ പാടില്ലെന്നു്. എഴുതുന്നെങ്കിൽ തൻെറ കഥയെഴുതണമെന്നു്. എനിക്കു നിഷേധിക്കാൻ വയ്യ, മമതേ!

ഇതാ, അല്പം മുമ്പാണു് അവൾ വന്നിരുന്നതു്. പുറത്തു മരണത്തിൻെറ മൂകത. ക്ഷീണയും മൂകയുമായ രാത്രി അന്ധകാരത്തിൻെറ കരങ്ങളിൽ വിശ്രമിക്കുകയായിരുന്നു. പകലത്തെ പരിശ്രമത്തിനുശേഷം കാററിലും ഒരു നിശ്ശബ്ദത കലന്നിരുന്നു. ഓപ്പറേഷനുമുമ്പുള്ള രോഗിയുടെ നിശ്ശബ്ദത! ഇത്തരം ശൂന്യമായ രാത്രിയിലാണു് മിക്കവാറും നിങ്ങളെ ഞാൻ സ്മരിക്കാറുള്ളതു്. ആവൃത്തികെട്ട കൂരിരുട്ടുപോലും നിങ്ങളുടെ സ്മരണകളാൽ സുവണ്ണപ്രകാശമേററു സുന്ദരമായിത്തിളങ്ങാറുണ്ടു്.

ഇന്നും ഈ അന്ധകാരത്തിൽ നിങ്ങളുടെ സ്മരണയാൽ ദീപം കൊളുത്തിക്കൊണ്ടിരിക്കുമ്പോൾ ആ സംഗതി ഓമ്മവന്നു—നിങ്ങളുടെ കഥയെഴുതാമെന്നേററിട്ടുള്ള സംഗതി. ഉടൻ നിങ്ങളുടെ കഥയെഴുതാനിരുന്നു.

അപ്പോഴാണു് ആ അപരിചിതയായ സ്ത്രീ എവിടെനിന്നെന്നറിയാതെ ചാടിവീണതു്. എനിക്കു കണക്കററ ദേഷ്യം വന്നു. ഞാൻ അവൾ പറയുന്നതു കേൾക്കാൻപോലും തയാറായില്ല.

ഞാൻ ഇഷ്ടപ്പെടാതിരുന്നിട്ടും അവൾ സ്വന്തം കഥ പറഞ്ഞു കേൾപ്പിച്ചു. പൊളിപറയുകയല്ല മമതേ.

അവളുടെ കഥ കേട്ടുകൊണ്ടിരിക്കേ എപ്പോഴാണു് നി ങ്ങളുടെ കഥയെഴുത്തുകാര്യം മറന്നുപോയതെന്നോർമ്മ യില്ല. അവൾ നിർബ്ബന്ധിച്ചിരുന്നില്ല. എങ്കിലും അവ ളുടെ കഥ വേണ്ടിയിരിക്കുന്നു ആദ്യമെഴുതുക. ആ കഥ യിൽ അങ്ങനെയൊരാവേശമുണ്ടായിരുന്നു.

അല്ല മമതേ, നിങ്ങൾക്കവളെക്കുറിച്ചു മറിച്ചും തി രിച്ചും ചിന്തിക്കുക സാധ്യമല്ല. കാരണം, അവളെക്കു റിച്ചസൂയപ്പെട്ടാൽ നിങ്ങൾ പിന്നെ പശ്ചാത്തപിക്കും. നിങ്ങളുടെ ശിരസ്സു ലജ്ജകൊണ്ടു താണുപോകും. നി ങ്ങൾ, സ്ത്രീജാതിക്കാർ, ഇത്ര സംശയാലുക്കളാകുന്നതെ ന്തുകൊണ്ടെന്നറിഞ്ഞുകൂടാ. നിങ്ങൾക്കു സ്വന്തം സ്നേഹ ത്തിൽപ്പോലും വിശ്വസിക്കാൻ കഴിയില്ലേ?

വിശ്വസിക്കാൻ കഴിയില്ലെങ്കിൽ വേണ്ടാ. എ ന്നാൽ നിങ്ങൾ ആ സ്ത്രീയെക്കുറിച്ചു് ഒരു വിധത്തിലു ള്ള ദുർവിചാരവും മനസ്സിൽ കടന്നുകൂടാനനുവദിക്കരു തെന്നപേക്ഷയുണ്ടു്. അങ്ങനെ വന്നാൽ നിങ്ങൾ ചെ റയായിപ്പോകും! നിങ്ങളുടെ അന്തസ്സു താണുപോകും.

ഇനി, നിങ്ങൾ ആരുടെയെങ്കിലും മുമ്പിൽ താണു പോകുന്നതു് എനിക്കു സഹിക്കാനാവില്ല, ചിന്തിക്കാൻ പോലുമാവില്ല. കാരണം, നിങ്ങൾക്കു വളരെയധികം ഉയൎന്ന സ്ഥാനമാണു് ഞാൻ കല്പിച്ചിട്ടുള്ളതു്. എന്റെ കണ്ണിനെത്താവുന്നിടത്തോളം, എന്റെ ചിന്തയ്ക്കെത്താ വുന്നിടത്തോളം, ഉയൎന്ന സ്ഥാനം. എനിക്കു നിങ്ങളു ടെ സ്നേഹം നേടാൻ കഴിഞ്ഞിട്ടുണ്ടു്. ആ കൃതാൎത്ഥത കൊണ്ടു ഞാനും ഉയൎന്നുപോയിട്ടുണ്ടു്. അതുകൊണ്ടുത

ന്നെയാണു് ഞാനപേക്ഷിക്കുന്നതു്, കാര്യം മുഴുവൻ കേൾക്കാതെ മറിച്ചും തിരിച്ചും ചിന്തിച്ചു് എന്റെ സ്നേഹവും വിശ്വാസവും തുച്ഛമാക്കരുതു്.

ഇന്നു വീണ്ടും വീണ്ടും നിങ്ങൾ പറഞ്ഞതു് ഓർമ്മ വരുന്നു. ഓരോന്നായി സകല കാര്യങ്ങളും കുന്നുകൂടുന്നു. നിങ്ങൾ പറഞ്ഞ കാര്യങ്ങൾമാത്രമാണു് ഈ തകന്ന ജീവിതത്തിനു് ഒരേയൊരു മൂലധനമുള്ളതു്. അവ വീണ്ടും വീണ്ടും ആവർത്തിച്ചെണ്ണിയാലും മതിവരുന്നില്ല. ഒരു പിശുക്കനു തന്റെ സമ്പാദ്യം എത്രയെണ്ണിയാലും തൃപ്തിവരാത്തമാതിരി.

ഞാൻ എന്തെങ്കിലുമെഴുതുമ്പോൾ നിങ്ങൾ മിണ്ടാതെയിരുന്നു നോക്കാറുണ്ടു്. ഒരു ദിവസം എന്തു വിചാരിച്ചിട്ടെന്നറിഞ്ഞുകൂടാ, നിങ്ങൾ എന്റെ കൈയിൽനിന്നു പേന പിടിച്ചെടുത്തു പറയാൻ തുടങ്ങി—ഞങ്ങൾ സ്ത്രീകളും പേനപോലെയാണു്. മഷിയില്ലെങ്കിൽ പേന നിഷ്പ്രയോജനമാണല്ലോ. അതേമാതിരി ആരുടെയെങ്കിലും സ്നേഹത്തിന്റെ നിലയ്ക്കാത്ത നീരുറവില്ലെങ്കിൽ ഈ സ്ത്രീകളുടെ ജീവിതവും നിരർത്ഥമായിത്തീരും. നിങ്ങൾ ഈ പറഞ്ഞതു വളരെക്കഴിഞ്ഞേ എനിക്കു മനസ്സിലാക്കാൻ സാധിച്ചുള്ളൂ.

എനിക്കു് ഒരു വലിയ ദുസ്സ്വഭാവമുണ്ടായിരുന്നു. മഷി കുപ്പിയിൽ വാങ്ങിവെയ്ക്കുന്ന പതിവില്ല. പേനയിൽ മഷി തീർന്നാൽ ഏതെങ്കിലും പരിചയമുള്ള കടയിൽ ചെന്നു സാമ്പിൾക്കുപ്പിയിൽനിന്നു നിറപ്പിച്ചു വാങ്ങും. അഥവാ ഏതെങ്കിലും സ്നേഹിതന്റെ വീട്ടിൽ ചെന്നു

നിറച്ചുതരാൻ പേന വെച്ചുനീട്ടും. നിങ്ങൾക്കറിയാം, ഞാനിതു പിശുക്കുകൊണ്ടു ചെയ്യുന്നതല്ല. എൻെറ ഒരു ദുസ്വഭാവമാണിതു്.

ഒരു ദിവസം നിങ്ങൾ വന്നപ്പോൾ പാർക്കർകമ്പനിയുടെ ഒരു വലിയ കുപ്പിയുണ്ടായിരുന്നു കൈയിൽ. അതു മേശപ്പുറത്തു വെച്ചുകൊണ്ടു നിങ്ങൾ പറഞ്ഞു— "ഇനിമേൽ ഇതല്ലാതെ മറെറാരു മഷി പേനയിലൊഴിച്ചാൽ അതു മഷിയല്ല, എൻെറ ചോരയാണെന്നു കരുതിക്കോളൂ. കൈയിൽ കിട്ടിയതു പേനയിലൊഴിക്കുക! നിങ്ങൾ പേനയുടെ വേദന മനസ്സിലാക്കാത്തതെന്തു്? എന്തൊരു നിർദ്ദയൻ! തവണയ്ക്കു തവണ മഷി മാറുന്നതുകൊണ്ടു് ഇതെഴുതുമ്പോൾ നിറം മാറുന്നതു കാണുന്നില്ലേ? ഈ അക്രമം തുടർന്നാൽ എത്ര ദിവസം ഇതുകൊണ്ടെഴുതാൻ പററും?"

ഞാൻ നിങ്ങൾ പറഞ്ഞതു സമ്മതിച്ചു മമതേ! ഇന്നുവരെ അതനുസരിച്ചാണു് വന്നിട്ടുള്ളതു്. എന്നാലും ചിലപ്പോൾ ചിന്തിക്കാറുണ്ടു്, എൻെറ ആ പഴയ ശീലം എത്ര സുന്ദരമായിരുന്നുവെന്നു്. എൻെറ ആ ശീലമാണല്ലോ നിങ്ങളെ എന്നോടടുപ്പിച്ചതു്. അതുകൊണ്ടാണു് സുന്ദരമെന്നു പറഞ്ഞതു്. നിങ്ങൾക്കോർമ്മയുണ്ടോ ആ രാത്രിയിൽ ആദ്യമായി ഞാൻ പേടിച്ചു പേടിച്ചു വന്നു ചോദിച്ചതു്?

രാത്രി പ്രഭാതത്തിലേയ്ക്കു ചാഞ്ഞുകഴിഞ്ഞിരുന്നു. എന്നിട്ടും കൂരിരുട്ടു കോൽത്താറു കോരിയൊഴിച്ചപോലെ തിങ്ങിക്കൂടിയിരുന്നു. നിങ്ങൾ സ്വന്തം മുറിക്കകത്തു പ

രീക്ഷയ്ക്കു പഠിക്കാൻ ഉറക്കമൊഴിച്ചിരിക്കയായിരുന്നു. എൻെറയും നിങ്ങളുടെയും വസതികൾക്കിടയിലുള്ള വഴിയിലെ മുൻസിപ്പാലിററിവിളക്ക് അന്നു പത്തുമണിക്കു തന്നെ അണഞ്ഞുകഴിഞ്ഞിരുന്നു. വഴിയിൽ തലപൊക്കി നിന്നിരുന്ന വിളക്കുകാൽ രണ്ടു മുറികളിൽനിന്നും പുറപ്പെട്ടിരുന്ന നേരിയ വെളിച്ചത്തിൽ കറുത്ത നെററിയിലെ വെളുത്ത ചന്ദനക്കുറിപോലെ തിളങ്ങിയിരുന്നു.

നിങ്ങളുടെ പിശുക്കനായ അമ്മാവൻ വിദ്യുച്ഛക്തിയെടുത്തിട്ടുണ്ടായിരുന്നില്ല. നിങ്ങൾ മേശമേൽ കുനിഞ്ഞു ചാരിയിരുന്നു മണ്ണെണ്ണവിളക്കിൻെറ മുട്ടലമായ വെളിച്ചത്തിൽ എന്തോ വായിക്കുകയായിരുന്നു. മഞ്ഞ വെളിച്ചത്തിൻെറ മനോഹരമായ ബാഹുക്കൾ ജനാലയിലൂടെ പുറത്തു നീണ്ടു ദൂരദൂരം പരന്നുകിടക്കുന്ന കൂരിരുട്ടിനെ സ്പർശിച്ചുകൊണ്ടിരുന്നു. നിങ്ങളുടെ ക്ഷീണിച്ചലസമായ കോമളകളേബരം കണ്ടാൽ വിളക്കിൻെറ വെളിച്ചം ഒരു നാരീരൂപംപൂണ്ടു മേശപ്പുറത്തു കുനിഞ്ഞിരിക്കുകയാണെന്നു തോന്നും.

ഞാൻ വിഷമചിന്തയിലകപ്പെട്ടു. പല തവണ വിചാരിച്ചു, നിങ്ങളുടെയടുത്തു വന്നു ചോദിക്കുകതന്നെയെന്നു്. എന്നാൽ അപ്പോഴൊക്കെ ഒരജ്ഞാതമായ ഭയവും സങ്കോചവും മൂലം കാലടികൾ നിലത്തു തറഞ്ഞുപോയിരുന്നു.

കഥയെഴുതി പകുതിയായപ്പോൾ മഷി തീർന്നുപോയിരുന്നു. അതു പൂർത്തീകരിക്കണം. വലിയ കുഴപ്പത്തിലായി. ആ രാത്രിയുടെ മൂന്നാംയാമത്തിൽ ആരെയെങ്കി

ലും വിളിച്ചുണർത്തി മഷി വാങ്ങുകയെന്നുവെച്ചാൽ അതിൻെറയർത്ഥം ശാപവും ശകാരവും ക്ഷണിച്ചുവാങ്ങുകയെന്നാണ്. പരീക്ഷയെഴുതാതെ പത്രത്തിലെ പരീക്ഷാഫലത്തിൽ തൻെറ പേരുനോക്കുകയെന്നാണ് — കഥ പൂർത്തീകരിക്കാതെ കിടന്നുറങ്ങുകയാണ് മെച്ചം. എന്തു ചെയ്യണമെന്നു പിടികിട്ടിയില്ല. നിങ്ങളൊരാൾമാത്രം ഉണർന്നിരിക്കുന്നുണ്ടായിരുന്നു. എത്രയോ തവണ വിചാരിച്ചു — എന്താ വിരോധം? ചെന്നു ചോദിക്കുകതന്നെ. എന്നാൽ ധൈര്യം പോരാ.

ഞാൻ ഈ മുറിയിൽ താമസമാക്കീട്ട് അന്നേയ്ക്കു രണ്ടു മാസമേ കഴിഞ്ഞിരുന്നുള്ളു. രണ്ടു മാസത്തിനിടയ്ക്ക് ഒരാളെക്കുറിച്ചു മനസ്സിലാക്കാൻ കഴിയുന്നതിൽ കൂടുതൽ കാര്യങ്ങൾ ഞാൻ നിങ്ങളെക്കുറിച്ചു മനസ്സിലാക്കിയിരുന്നു. ഇതിൻെറയർത്ഥം സ്ത്രീകളെക്കുറിച്ച് എനിക്കു കൂടുതൽ താത്പര്യമുണ്ടെന്നല്ല. അക്കാര്യം നിങ്ങൾക്കു നന്നായിട്ടറിയാമല്ലോ. നിങ്ങൾ അങ്ങനെയൊരാളാണ്, അതുകൊണ്ടാണ് നിങ്ങളെക്കുറിച്ചറിയാൻ കൗതുകമുണ്ടായതു്.

ഗൃഹനാഥനായ പ്രശാന്തവർമ്മയുടെ മരുമകൾ. പേരു മമതാദേവി! മമത....ഒരേ മാത്രയുള്ള മൂന്നക്ഷരങ്ങൾ! ദേവി....കുലീനതയെ ദ്യോതിപ്പിക്കുന്ന പദമാണതു്! ബി. എ.യ്ക്കു പഠിക്കുന്ന വിദ്യാർത്ഥിനി. നിറം അത്ര വെളുത്തല്ലെങ്കിലും അതിൽ സ്വച്ഛമായ നഭസ്സിൻെറ തെളിമയുണ്ടായിരുന്നു. മുഖത്തിൻെറ ദീപ്തി വർഷിക്കാൻ വെമ്പിനില്ക്കുന്ന കാർമേഘത്തിൻേറതായിരുന്നു. മുങ്ങിയാൽ പൊങ്ങുന്നതെവിടെയെന്നു പിടികിട്ടാത്ത കണ്ണുകൾ. ആരെയും ആകർഷിക്കുന്ന വ്യക്തിത്വം.

പലരിൽനിന്നും കേട്ടറിഞ്ഞു, നിങ്ങളുടെയച്ഛൻ കൽക്കത്തയിൽ നൂററമ്പതു രൂപ ശമ്പളംവാങ്ങുന്ന ഒരുദ്യോഗസ്ഥനാണെന്നു്. നിങ്ങളുടെയമ്മ കൊല്ലംതോറും ഒരാളുടെ ചെലവു വർദ്ധിപ്പിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നു! അളിയനെയും പെങ്ങളെയും സഹായിക്കാനുള്ള സന്മനസ്സും നിങ്ങളുടെ പഠിപ്പിലുള്ള ജാഗ്രതയുംകൊണ്ടു് അമ്മാവൻ നിങ്ങളെക്കൂടെ വിളിച്ചു താമസിപ്പിച്ചിരിക്കയാണു്.

വാസ്തവത്തിൽ അദ്ദേഹം നിങ്ങളുടെ കാര്യത്തിൽ വളരെ ശ്രദ്ധിക്കുന്നുണ്ടു്! രാവിലെ ആളറിയാറാവുന്നതിനുമുമ്പു് എണീററാൽ നിങ്ങൾ അദ്ദേഹത്തിൻെറ തടിച്ച ഭാര്യയും കാളക്കിടാങ്ങളെപ്പോലുള്ള കുട്ടികൾക്കും ഒമ്പതടിക്കുന്നതിനു മുമ്പു ഭക്ഷണം തയാറാക്കണം. ഒമ്പതരയായാൽ കോളേജിലേയ്ക്കുള്ള ബസ്സു കാത്തുനില്ക്കാൻ വിട്ടതികിട്ടും. കോളേജു് വിട്ടു വരുമ്പോൾ ആ കുടുംബം നിങ്ങളെ കാത്തിരിക്കുകയായിരിക്കും. പാഠപുസ്തകങ്ങൾ വലിച്ചെറിഞ്ഞു നിങ്ങൾ അടുക്കളയിൽ കടക്കുകയായി. പത്തടിക്കുന്നതിനു മുമ്പു കനിവാൎന്ന മാതുലൻ നിങ്ങൾക്കൊഴിവു തരും. രാവിലെ സമയം കുറവാണു്. അതുകൊണ്ടു നിങ്ങൾ എച്ചിൽപ്പാത്രങ്ങൾ രാത്രിതന്നെ കഴുകിവെയ്ക്കും. പിന്നെ അർദ്ധരാത്രിയിൽ, ചിലപ്പോൾ വെളുപ്പാൻകാലംവരെ, നിങ്ങൾ പുസ്തകം നിവർത്തിയിരിക്കും. തളൎന്നു കുഴഞ്ഞതതെങ്കിലും പതറാത്ത മനശ്ശക്തി! രാത്രിമുഴുവൻ ഉറക്കമൊഴിച്ചിട്ടും നിങ്ങൾ ആളറിയുന്നതിനുമുമ്പു് ഉണൎന്നെഴുനേല്ക്കുന്നതിൽ എനിക്കത്ഭുതം

തോന്നീട്ടുണ്ട്. കൂടുതലറിയുംതോറും നിങ്ങളിൽ താത്പര്യം കൂടിവരുകയായിരുന്നു.

എന്നിട്ടും അദ്ധ്രാത്രിക്കുശേഷം നിങ്ങളോടു മഷി ചോദിക്കാൻ ധൈര്യമുണ്ടായില്ല. എന്റെ ദുശ്ശീലത്തിൽ ദ്വേഷ്യം തോന്നി. പക്ഷേ പ്രയോജനം? ഗതികേട് എന്നെ നിങ്ങളുടെയടുത്തു വലിച്ചെത്തിച്ചു. നിങ്ങളുടെ ജനാലയ്ക്കടുത്തു വന്നു ഞാൻ പേടിച്ചുപേടിച്ചു വിളിച്ചു—"ദേ, ഒന്നിങ്ങു നോക്കണേ!"

നിങ്ങൾ ഞെട്ടിത്തെറിച്ചു തലപൊക്കി. അല്പനേരം ഭയപ്പെട്ടപോലെ നോക്കിയിരുന്നു. പിന്നെ സാവധാനം എണീററു ജനാലയ്ക്കലേക്കു വന്നു. ഞാൻ പേടിച്ചു പേടിച്ചു കാര്യം പറഞ്ഞു: "ഒരു പേന മഷി തരാമോ?"

പേന വാങ്ങി മിണ്ടാതെ മഷി നിറച്ചു തന്നു നിങ്ങൾ. പേന തിരിച്ചു വാങ്ങുമ്പോൾ ഞാൻ ഔപചാരികമായി 'നന്ദി' പറഞ്ഞു.

നിങ്ങൾ അപ്പോഴും ഒന്നും പറഞ്ഞില്ല. എന്നാൽ മടങ്ങുമ്പോൾ കണ്ണുകൾ മറുവശത്തായിരുന്നിട്ടും നിങ്ങൾ ജനാലയ്ക്കൽനിന്ന് എന്നെത്തന്നെ നോക്കുന്നുണ്ടെന്നെനിക്കു തോന്നി. ഒരു പക്ഷേ അതെന്റെ തോന്നൽമാത്രമായിരുന്നിരിക്കാം. ഇതുവരെ ഇക്കാര്യം നിങ്ങളോടു ചോദിക്കാനും കഴിഞ്ഞിട്ടില്ല.

അതിനുശേഷം പേനയിൽ മഷി തീരുമ്പോഴൊക്കെ ഞാൻ നിങ്ങളുടെ ജനാലയ്ക്കലെത്തും. എന്തുകൊ

ണ്ടെന്നറിഞ്ഞുകൂടാ, നിങ്ങഠം ഒരിക്കലും ഒന്നും പറയാറി ല്ല. മിണ്ടാതെ പേന നിറച്ചു തരും.

ഒരു ദിവസം നിങ്ങഠം ഒരു വലിയ താക്കീതു നല്കി. പേന നിറച്ചു തന്നുകൊണ്ടു പറഞ്ഞു—“ഈ തന്ത്രം പഴ ഞ്ചനായിക്കഴിഞ്ഞു. ഇനി പുതിയ വിദ്യ കണ്ടുപിടി ക്കണം!”

നിങ്ങളുടെ വാക്കുകഠം കേട്ടു ഞാൻ സ്തംഭിച്ചുപോ യി. എന്നെ ദുസ്സ്വഭാവകാരനായിക്കരുതുന്നുവെന്നറിഞ്ഞ മാത്രയിൽ മനസ്സിലെ ബഹുമതി മുഴുവൻ എവിടെപ്പോ യി മറഞ്ഞുവെന്നറിഞ്ഞുകൂടാ. നിങ്ങളെക്കുറിച്ചു മന സ്സിൽ ഒരു കടുത്ത കയ്പു തോന്നി.

ഞാൻ നിങ്ങളുടെ മുറിക്കു നേരെ തുറക്കുന്ന ജനാല കൊട്ടിയടച്ചു; നിങ്ങളിൽ ദൃഷ്ടിപതിയാതിരിക്കുന്നതി നുവേണ്ടി. എന്നാൽ എന്തുകൊണ്ടെന്നറിഞ്ഞുകൂടാ, ത ലയ്ക്കകത്തുനിന്നു നിങ്ങളെക്കുറിച്ചുള്ള വിചാരങ്ങഠം നീ ക്കിക്കളയാൻ കഴിഞ്ഞില്ല. മുറിക്കകത്തിരുന്നുകൊണ്ടു നിങ്ങളെക്കുറിച്ചുതന്നെയായി ചിന്ത.

പിന്നെ ഒരു രാത്രിയിൽ തീരെ പ്രതീക്ഷിക്കാത്ത സംഭവമുണ്ടായി. ഞാൻ വിളക്കണച്ചു് ഇരുട്ടത്തു കിടക്കു കയായിരുന്നു. ആയിടെ നിദ്ര എന്നോടല്പം പിണക്ക ത്തിലായിരുന്നു. മണിക്കൂറുകളങ്ങനെ വിരിയിൽ കിട ന്നു കഴിച്ചുകൂട്ടിയാലും കണ്ണിൻെറ പോളകഠം കൂടുക യില്ല.

അപ്പോഴാണു് പെട്ടന്നു മുറിക്കകത്തെ വിളക്കു തെ ളിഞ്ഞതു്. വെളിച്ചത്തു ഞാൻ വിസ്മയത്തോടെ മിഴി

ച്ചു നോക്കി. നിങ്ങൾ മുറിക്കകത്തു നില്ക്കുന്നു! ഞാൻ പരിഭ്രമിച്ചെഴുന്നേററു. നിങ്ങൾ എൻെറ മുറിക്കകത്തിങ്ങനെ വരുമെന്നു ഞാൻ സ്വപ്നത്തിൽപ്പോലും കരുതിയിരുന്നില്ല.

എന്നാൽ നിങ്ങളുടെ വാക്കുകൾ കേട്ടപ്പോൾ തനുവും മനവും തീ പിടിച്ചപോലെ തോന്നി. നിങ്ങൾ പരിഹാസസ്വരത്തിൽ പറഞ്ഞു—"ഇങ്ങനെ ജനാലയടച്ച് ഇരുട്ടിലൊളിക്കുന്നതുകൊണ്ടു മനസ്സിലെ കള്ളനെ മറയ്ക്കാൻ കഴിയില്ല. നിങ്ങൾ നിങ്ങളോടുതന്നെ അതിക്രമം കാണിക്കുകയാണ്."

ക്രോധംമൂലം എൻെറ ബോധം മറഞ്ഞു. ഭ്രാന്തനെപ്പോലെ അലറി—"ഞാൻ നിങ്ങൾക്കുവേണ്ടി മരിക്കുന്നുപോലും! ഇത്ര വലിയ ഒരു തെററിദ്ധാരണ എങ്ങനെ വന്നുകൂടി നിങ്ങൾക്ക്? അവസാനം നിങ്ങൾ നിങ്ങളെക്കുറിച്ചുതന്നെ എന്തു കരുതുന്നു?" എൻെറ ആക്രോശം കേട്ടു നിങ്ങൾ പരിഭ്രമിച്ചുപോയി. എന്നിട്ടും ശാന്തസ്വരത്തിൽ പറഞ്ഞു—"അങ്ങനെയൊരു തെററിദ്ധാരണ ഒരിക്കലും എനിക്കുണ്ടായിട്ടില്ല. എന്നാൽ അദ്ധ്രാത്രി കഴിഞ്ഞിരിക്കുന്നു, ഞാൻ ഒററയ്ക്കു നിങ്ങളുടെ മുറിക്കകത്തു വന്നിരിക്കയാണ്. ഇങ്ങനെ ബഹളംകൂട്ടി ഞാൻ അദ്ധ്രാത്രിയിൽ നിങ്ങളുടെയടുത്തു പ്രേമഭിക്ഷയ്ക്കു വന്നിരിക്കുന്നുവെന്നു നാട്ടുകാരെ വിളിച്ചറിയിക്കാനായിരിക്കും ഭാവം?"

ഞാൻ ഇളിഭ്യനായിട്ടിരുന്നുപോയി. നിങ്ങൾ പുറത്തേയ്ക്കു കടക്കുമ്പോൾ ഇതുകൂടിപ്പറഞ്ഞു—"ഞാൻ അ

ന്ന നിസ്സാരമായിട്ടൊരു സംഗതി പറഞ്ഞതു് ഇത്രയധി കം നിങ്ങാക്ക തറച്ചുകൊണ്ടു. എന്നാൽ ഇന്നു്, ഇത്ര രാത്രിയായിട്ടു് ഒററയ്ക്കു ഞാൻ നിങ്ങളുടെയടുത്തു വന്ന തു് എന്തു വിശ്വസിച്ചാണെന്ന നിങ്ങാക്ക കാണാൻ കഴിവില്ല. നിങ്ങാം അന്ധനാണു്."

നോക്കിയിരിക്കെ ഇരുളകന്നു. ഞാൻ ഓടിവന്നു നിങ്ങളെ തടഞ്ഞു—"പോകരുതു്, മമതേ! ഞാൻ സമ്മ തിക്കുന്നു, ഞാൻ എന്നോടുതന്നെ സമരം ചെയ്യുകയാ യിരുന്നു."

നിങ്ങളോടൊപ്പമാണു് ജീവിതത്തിലെ സകല സ ന്തോഷവും സൗന്ദര്യവും എനിക്കു കൈവന്നതു്. വളരെ ക്കാലമായി അന്യോന്യം ഒളിച്ചുവെച്ചിരുന്ന നമ്മുടെ ര ഹസ്യങ്ങാം തുറന്നുമലർത്തിയിട്ടതുപോലെ തോന്നി. നാ മിരുവർക്കുമിടയ്ക്കു് ഒരു മറയോ രഹസ്യമോ ഭിന്നതയോ ശേഷിച്ചില്ല. ഒന്നുംതന്നെ വെവ്വേറെയില്ല, ഒന്നുംത ന്നെ നല്കാതെയില്ല—അത്ര വിശ്വാസമായി, സാമീപ്യ മായി.

ഞാൻ എഴുതിക്കൊണ്ടിരിക്കും, നിങ്ങാം മിണ്ടാതെ നോക്കിക്കൊണ്ടിരിക്കും; എഴുതിത്തീരുന്ന താളുകാം വാ യിച്ചു് ഇഷ്ടാനിഷ്ടങ്ങാം പറയും. ഇടയ്ക്കു ചിലപ്പോാം നിർബ്ബന്ധിച്ചു നിങ്ങാംക്കിഷ്ടമുള്ളതു് എന്നെക്കൊണ്ടെ ഴുതിക്കുകയും ചെയ്യും.

നിങ്ങാം ബി. എ. ജയിച്ചു. ഞാൻ നിങ്ങളെ അ ഭിനന്ദിച്ചു, ചായസ്സൽക്കാരം നടത്തി. എന്നാൽ എ ന്റെയാനന്ദം അധികനാം നീണ്ടുനിന്നില്ല. ഒരു രാ

ത്രിയിൽ നിങ്ങൾ വന്നപ്പോൾ എനിക്കു തിരിച്ചറിയാൻ കഴിഞ്ഞില്ല. നിങ്ങളുടെ മുഖം വിവർണ്ണമായിരുന്നു.

നിങ്ങൾ യാത്ര പറയാൻ വന്നതായിരുന്നു. രാവിലെ കൽക്കത്തയ്ക്കു പോകേണ്ടിയിരിക്കുന്നു. അവിടെ നിങ്ങളുടെ വിവാഹം നിശ്ചയിച്ചുകഴിഞ്ഞിരിക്കുന്നു. എനിക്കു വളരെയധികം പറയാനുണ്ടായിരുന്നു. നിങ്ങൾ ഒന്നും പറയാൻ സമ്മതിച്ചില്ല. സ്വയം പറയുകയുമുണ്ടായില്ല. മിണ്ടാതെ തളർന്ന മട്ടിലിരുന്നു. പോകുന്ന സമയത്തു് ഇത്രമാത്രം പറഞ്ഞു—"പേന മൂകമാണു് ദിവാകർ, അതിനിഷ്ടമുള്ളതു പ്രകടമാക്കാൻ വയ്യാ. കാലം നിർബ്ബന്ധപൂർവ്വം മറെറാരു മഷിയൊഴിച്ചു. അതെഴുതുന്ന ലിപികൾ നിറം മങ്ങിയിരിക്കും. കാരണം, അതിനു കഴിഞ്ഞതിന്റെയവശിഷ്ടങ്ങൾ കഴുകിക്കളയുക സാധ്യമല്ല."

നിങ്ങൾ പോയതോടെ സകല നിറങ്ങളും മങ്ങി. രാത്രി അന്ധകാരത്തിൽ നെടുവീർപ്പിട്ടുകൊണ്ടിരിക്കും, പകൽ പ്രകാശത്തിൽ ഉറക്കം തൂങ്ങിയിരിക്കും. ഞാനാകട്ടെ, ഭ്രാന്തനെപ്പോലെ അർദ്ധരാത്രിയിൽ നിങ്ങളുടെ ജനാലയ്ക്കലേയ്ക്കു നോക്കിക്കൊണ്ടിരിക്കും. (നിങ്ങളുടെയമ്മാവൻ ആ വീട്ടിൽ ഒരു വാടകക്കാരനെ താമസിപ്പിച്ചിരിക്കയാണിപ്പോൾ.)

പിന്നെ രണ്ടു കൊല്ലത്തിനുശേഷം അവിചാരിതമായിട്ടൊരിക്കൽ കൽക്കത്തയിൽവെച്ചു നിങ്ങളെക്കണ്ടു. എനിക്കു ലേശം തിരിച്ചറിയാൻ കഴിഞ്ഞില്ല. പണ്ടത്തെ പരിചയക്കാർക്കു് ആർക്കുംതന്നെ തിരിച്ചറിയാൻ കഴിയി

MUL 284498

032 3:9.15244 K6

ല്ല. രണ്ടേ രണ്ടു കൊല്ലത്തിനിടയ്ക്കു് എത്ര മാറിപ്പോയി നിങ്ങഠം! ആഫീസിൽനിന്നു മടങ്ങുകയായിരുന്നു. നിങ്ങഠം ഭത്താവിൻെറ കൂടെയല്ല, മാതാപിതാക്കളുടെ കൂടെയാണു് താമസിക്കുന്നതെന്നു കേട്ടു് ആശ്ചര്യം തോന്നി. കാരണം ചോദിച്ചപ്പോഠം നിങ്ങഠം ഒഴിഞ്ഞുമാറുകയാണുണ്ടായതു്—"എല്ലാവരുംതന്നെ നിങ്ങളെപ്പോലെ പഴയ പേനകൊണ്ടു കുത്തിക്കുറിക്കുന്നവരല്ല ദിവാകർ. ഇഷ്ടം മാറാൻ സമയമധികം വേണ്ടാ. പുതിയ മാതൃക കിട്ടുമ്പോഠം പഴയതു വലിച്ചെറിയും, അല്ലെങ്കിൽ വിററുകളയും. കാലത്തിൻെറ രീതിയാണിതു്?"

ക്ഷണിക്കാതെതന്നെ ഞാൻ നിങ്ങളുടെ വീട്ടിലേയ്ക്കു വന്നു. രണ്ടു മുറികഠംമാത്രമുള്ള ആ വീടു നിങ്ങളുടെ സഹോദരങ്ങളുടെ ശബ്ദകോലാഹലത്താൽ ഒരു കാഴ്ച ബംഗ്ലാവുപോലെ തോന്നി. അച്ഛൻ തിണ്ണയിലിരുന്നു ബീഡി വലിക്കുകയായിരുന്നു. അമ്മ അടുത്തയാണ്ടത്തെ കുടുംബവൃദ്ധിക്കുള്ള ഒരു പുതിയ പരസ്യം പ്രദശിപ്പിച്ചുകൊണ്ടിരുന്നു.

നിങ്ങഠം എല്ലാവരെയും പരിചയപ്പെടുത്തി. കുട്ടികഠം എന്നെ വളഞ്ഞുകൂടി. അമ്മയുമച്ഛനും ഔപചാരികമായി രണ്ടു നാലു വാക്കുകഠം സംസാരിച്ചു. എന്നാൽ അവരുടെ ശങ്കാഗ്രസ്തമായ ദൃഷ്ടി എന്നിൽനിന്നു മറഞ്ഞിരുന്നില്ല. ഞാൻ നിങ്ങളെയെങ്ങാനും പൊക്കിക്കൊണ്ടു പോകുമെന്നായിരുന്നു അവരുടെ പേടി.

എനിക്കു വേഗം മടുത്തു. ശ്വാസംമുട്ടാൻ തുടങ്ങി. ഒരുപക്ഷേ ഇതുകൊണ്ടുതന്നെയായിരിക്കും നിങ്ങഠം എന്നെ വീട്ടിലേയ്ക്കു വിളിക്കാതിരുന്നതു്.

നിങ്ങൾ എന്നെ യാത്രയാക്കാൻ വന്നു. പോരുന്ന സമയത്തു ഞാൻ ഒരു പ്രമേയം വെച്ചുതന്നു. അപ്പോൾ എന്നെ നിങ്ങൾ ഒരു കൊച്ചുകുട്ടിയെയെന്നപോലെ താലോലിച്ചു. എൻെറ കൈ സ്വന്തം കൈയിൽ മുറുകെ പിടിച്ചുകൊണ്ടു പറഞ്ഞു—"ഇല്ല ദിവാകർ, ഇനിയങ്ങനെ പററില്ല. ഈ പേന നിഷ്പ്രയോജനമായി. ഇനിയിതിൽ ഇഷ്ടമുള്ള മഷിയൊഴിച്ചാലും എഴുത്തു ഭംഗിയാവില്ല. എല്ലാം തല്ലിപ്പൊത്തി മെഴുകിയമാതിരിയിരിക്കും. നിങ്ങളുടെ വിരലുകളും വൃത്തികെട്ട പാടുകൾപൂണ്ടു വിരൂപമാകും."

അന്നുതന്നെ ഞാൻ ഇവിടെ മടങ്ങിയെത്തി. പോരുമ്പോൾ നിങ്ങൾ പറഞ്ഞിരുന്നു—"എൻെറ കഥയൊന്നെഴുതണം, ദിവാകർ. പേരുമാത്രം മാററിവെച്ചോളൂ. അല്ലെങ്കിൽ വേണ്ടാ. ശരിക്കുതന്നെയെഴുതിക്കോളൂ. തീച്ചയായുമെഴുതണം." ഞാൻ എഴുതാമെന്നേററു.

അതിനുശേഷം ഇത്ര ദിവസമായിട്ടും ആ വാക്കു നിറവേററാൻ കഴിഞ്ഞില്ല. ഇന്നു് അതിനു മിനക്കെട്ടിരുന്നപ്പോൾ ഒരപരിചിതയായ സ്ത്രീ വന്നു തടസ്സപ്പെടുത്തി. അവളെ പിണക്കിപ്പറഞ്ഞയയ്ക്കാനും സാധ്യമല്ലെന്നതാണു് കൂടുതൽ കുഴപ്പമായതു്.

അവൾ വന്നപ്പോൾത്തന്നെ എന്താണു് പറഞ്ഞതെന്നറിയാമോ?—"നിങ്ങൾ മമതയുടെ കഥയെഴുതുകയാണു്, അല്ലേ? വിഡ്ഢി!"

ഞാൻ ദേഷ്യപ്പെട്ടു കുറെ ശകാരവാക്കുകൾ വിളിച്ചുപറയാൻ ഭാവിച്ചു. പക്ഷേ എന്തുകൊണ്ടെന്നറിഞ്ഞുകൂടാ, ഒന്നും പറയാൻ കഴിഞ്ഞില്ല.

“നിങ്ങൾക്കെന്നെ മനസ്സിലായില്ലേ?” അവൾ ചോദിച്ചു—“നിങ്ങളെപ്പോലുള്ള ഭീരുക്കളും ഭാവനാജീവികളും എളുപ്പത്തിൽ എന്നെയറിയില്ല. ഞാൻ എത്രയോ കൊല്ലം ഏഴ കടലിന്നപ്പുറത്തു തടവുകാരിയായിരുന്നു. എൻെറ ശുഭകാംക്ഷികൾ എന്നെ മോചിപ്പിച്ചു. സ്വന്തം ചോരകൊണ്ടു് എൻെറ ചരിത്രമെഴുതി. ഇനിയും മനസ്സിലായില്ലേ?”

ഞാൻ മിണ്ടാതിരിക്കുന്നതു കണ്ടു് അവൾ തുടൎന്നു—“ഇപ്പോൾ ഒരുപക്ഷേ മനസ്സിലാവുന്നുണ്ടായിരിക്കും. മനസ്സിലായെങ്കിൽ ഇനി നേരം കളയരുതു്. നിങ്ങളുടെ ആയിരമായിരം സഹോദരന്മാർ സ്വന്തം ചോരകൊണ്ടു് എൻെറ ചരിത്രമെഴുതുന്നിടത്തേയ്ക്കു പോവുക. എന്താണു് മിഴിച്ചു നോക്കുന്നതു്? ഞാൻ വെറുമൊരു സ്ത്രീയല്ല, മാതാവുകൂടിയാണു്—നിങ്ങളുടെയൊക്കെ മാതാവു്. ഇന്നു വീണ്ടുമൊരക്രമി നിങ്ങളുടെ മാതാവിനെ തടവിലാക്കാൻ വന്നിരിക്കുന്നു. നിങ്ങൾ അവളെ രക്ഷിക്കില്ലേ?”

ഇതു പറഞ്ഞു് അവൾ പോകാൻ തുടങ്ങി. വീണ്ടും പിൻതിരിഞ്ഞു വന്നു് എൻെറ ശിരസ്സിൽ സ്നേഹപൂർവ്വം തലോടിക്കൊണ്ടു പറഞ്ഞു—“മമതയ്ക്കെഴുതിക്കോളൂ, ഞാൻ അവളുടെ കഥയെഴുതാൻ സമ്മതിച്ചില്ലെന്നു്. അവൾ പിണങ്ങുകയില്ല, അഭിമാനിക്കുകയാണു് ചെയ്യുക. ഞാൻ അവൾക്കും മാതാവല്ലേ?”

ആ സ്ത്രീ ഇറങ്ങിപ്പോയി. ഞാൻ നിങ്ങൾക്കു കത്തെഴുതാനിരിക്കുകയാണു്.

ഞാൻ വടക്കുകിഴക്കൻമലയോരങ്ങളിൽ ചെന്നു കഥയെഴുതട്ടെ. നിങ്ങൾ വീടുതോറും നടന്നു കഥയെഴുതുക. മമതയുടെ നൂലുകൾകൊണ്ടു കഥ നെയ്തെടുക്കുക. എന്നോടു സഹകരിക്കില്ലേ?

ഉറക്കം വരുന്നു. ഞാൻ വിടവാങ്ങുകയാണ്. രാവിലെയെഴുന്നേറ്റു റിക്രൂട്ടിങ്ങ്സെൻററിലേയ്ക്കു പോകണം.

## ചെറിയ ചെറിയ ആകാശങ്ങളും വളരെയധികം സൂര്യന്മാരും

അനി മിണ്ടാതെ മുഖം താഴ്ത്തി പുറത്തു വന്നു വരാന്തയിലൂടെയിറങ്ങി പൊളിഞ്ഞുവീണ കിണററിൻെറ തിണ്ണയിൽ ചെന്നിരുന്നു. അവളുടെ കണ്ണുകൾ നനഞ്ഞിരുന്നു. മാർദ്ദവമുള്ള കൊച്ചുചുണ്ടുകളിൽ കരച്ചിലിൻെറ ആരംഭം പ്രകടമായിക്കഴിഞ്ഞിരുന്നു. എന്നാൽ അവളുടെ കരച്ചിലിൻെറ അന്തിമാവസ്ഥയും അങ്ങനെത്തന്നെയായിരുന്നു. കാരണം, അനി ഇതിലധികം സ്പഷ്ടമായി ഒരിക്കലും കരഞ്ഞിട്ടില്ല. അമ്മയുടെ അടിയും ശകാരവും കേട്ടാലും അനിക്ക് ഒരിക്കലും ഇതിലധികം കരയാൻ കഴിഞ്ഞിട്ടില്ല. ഇടയ്ക്കിടയ്ക്ക് ഒന്നോ രണ്ടോ തേങ്ങലുകൾ വന്നു കണ്ഠത്തിന്നുള്ളിൽത്തന്നെ മുട്ടിത്തടഞ്ഞുപോകും.

അനി അഞ്ചു വയസ്സുള്ള കുട്ടിയാണ്. അവൾ പിറന്ന ദിവസംതന്നെ അവളുടെ ഒരു വയസ്സെത്തിയ സ

ഹോദരൻ ഈ ലോകത്തിൽനിന്നു കടന്നുപോയെന്നാണു് പറയുന്നതു്. അനി പുതിയ ഈ ലോകത്തിൽ വന്നു ശ്വാസം കഴിക്കാൻ തുടങ്ങിയപ്പോൾ ചേട്ടൻ കോണിപ്പടിയിലൂടെ ഉരുണ്ടുവീണു ശ്വാസം വെടിഞ്ഞു. അന്നുമുതല്ക്കുതന്നെ അവൾക്കു ദുശ്ശകുനമെന്ന ബിരുദം ലഭിച്ചു. ഈ അഞ്ചു കൊല്ലങ്ങളായി അവൾ ആ ദുശ്ശകുനത്തിൻെറ പരിധിക്കകത്തുതന്നെ കറങ്ങുകയാണു്. ഗ്രഹപ്പിഴതന്നെ. വീട്ടിൽ എന്തെങ്കിലും നാശമുണ്ടാകുമ്പോൾ, അവൾ അവിടെ ഉണ്ടായിരിക്കും. കുററം അവളുടെ തലയിൽത്തന്നെ. ഇന്നും അല്പം മുമ്പു് അതുപോലെ ഒരു സംഭവമുണ്ടായി. അനി മുറിക്കകത്തു കടന്നതും അമ്മയുടെ കൈയിൽനിന്നു പൂജപ്പാത്രങ്ങൾ താഴെ വീണു തകൎന്നതും ഒപ്പമായിരുന്നു. താമസമുണ്ടായിരുന്നില്ല, അമ്മയുടെ കൈപ്പടം അനിയുടെ കവിളത്തു പതിഞ്ഞു. ഉടൻ പുറത്തിറങ്ങിപ്പോകാൻ കല്പന ലഭിച്ചു. ആ ദുശ്ശകുനത്തിൻെറ രൂപം അകത്തു കടക്കരുതെന്ന നിരോധനാജ്ഞ പുറപ്പെട്ടു.

അനി ഇപ്പോഴും തിണ്ണയിലിരുന്നു് അമ്മയുടെ വാഗ്വിലാസം ശ്രവിക്കുന്നതോടൊപ്പം മിണ്ടാതെ പുറത്തു തോട്ടത്തിലുള്ള അശോകവൃക്ഷത്തിലിരുന്നു് എന്തോ കൊത്തിത്തിന്നുന്ന ഒരു പക്ഷിയെ സൂക്ഷിച്ചുനോക്കുകയാണു്. എന്താണു് അതിരുന്നു കൊത്തിത്തിന്നുന്നതു്? അനിയുടെ ഔത്സുക്യം ഉയിർത്തെഴുന്നേററു. അവൾ പതുക്കെയെണീററു കാലൊച്ചയുണ്ടാക്കാതെ അങ്ങോട്ടു ചെന്നു. എന്നാൽ അപ്പോഴെയ്ക്കു് ഒരു മോട്ടോർകാർ

ഫോറണടിച്ച കടന്നുപോയി. പക്ഷി തീററവസ്സ കൊക്കിലെടുത്തു ശരേയെന്നു പറന്നകന്നു. അനി അവിടെത്തന്നെ നിന്നു. ചിതറിയ മുടി അവൾ പിന്നിലേയ്ക്കൊതുക്കിയിട്ടു. അപ്പോഴേയ്ക്കു° അമ്മ പൂജാദ്രവ്യങ്ങൾ കയ്യിലെടുത്തു പടിയിറങ്ങി വരുന്നതു കണ്ടു. അവൾ അമ്മയുടെ കണ്ണുകൾ തന്നിൽ പതിയാതിരിക്കാൻ അശോകത്തിൻെറ പിന്നിൽ ചെന്നൊളിച്ചു. അമ്മ പതുക്കെപ്പതുക്കെ പടിയിറങ്ങി വരുകയായിരുന്നു. അനി നോക്കിക്കൊണ്ടേയിരുന്നു. അമ്മയുടെ വയറു° എത്ര വീർത്തിരിക്കുന്നു! നടക്കാൻ വയ്യ. അനിയുടെ കൂട്ടുകാരിയായ പപ്പി പറയുകയുണ്ടായി—അവളുടെ അമ്മയുടെയും വയറു° ഇതുപോലെ വീർത്തിരുന്നു. കുറച്ചു ദിവസം കഴിഞ്ഞപ്പോൾ വീട്ടിൽ ഒരു കൊച്ചു ബബ°ളുവുണ്ടായി. അനി ആലോചിക്കയാണു°, അവളുടെ വീട്ടിലും ഒരു കൊച്ചു ബബ°ളു ഉണ്ടാകുമോ? എങ്കിൽ എത്ര നന്നായിരിക്കും! അവൾ ബബ°ളുവിൻെറ കൂടെ കളിക്കും. അമ്മയോടു° ഒരക്ഷരം മിണ്ടുകയില്ല. കൂട്ടുകാരിയുടെ കൊച്ചനുജനായ ബബ°ളു എത്ര പ്രിയപ്പെട്ടവനാണു°! അവൻെറ കവിളുകൾ എത്ര തുടുത്തിരിക്കുന്നു! തക്കാളിപ്പഴംപോലെ. പപ്പി പറയുന്നതു° അവളുടെയമ്മയ്ക്കു തക്കാളിത്തോട്ടത്തിൽനിന്നു കിട്ടിയതാണു° ബബ°ളുവിനെയെന്നാണു°. ശ്ശെ, എന്തൊരു നുണയാണു° പപ്പി പറയുന്നതു°!

അനി നോക്കിയപ്പോൾ അമ്മ അമ്പലത്തിൽ പോയിരിക്കുന്നു. ആവൂ, ആശ്വാസമായി. അവൾ അമ്മയെ എത്രമാത്രം പേടിക്കുന്നുവെന്നോ? പപ്പിയുടെ

യമ്മ നല്ലവളാണ്. പപ്പിയെ എത്രമാത്രം സ്നേഹിക്കുന്നു! അവളുടെ അമ്മയോ? ആലോചിച്ചപ്പോൾ അനിയുടെ കണ്ണുകൾ നിറഞ്ഞു. അവൾ മേലോട്ടു നോക്കി. അശോകത്തിൻെറ ഇല നിറഞ്ഞ കൊമ്പുകൾക്കിടയിലൂടെ ആകാശത്തിൻെറ തുണ്ടങ്ങൾ കാണപ്പെടുന്നു. അനി നോക്കിക്കൊണ്ടിരുന്നു. അവളുടെ കണ്ണുകൾ ആശ്ചര്യത്താൽ വിടർന്നു. എത്ര കൊച്ചുകൊച്ചാകാശങ്ങൾ! ഇവയിലൊന്നു് അവൾക്കാണു്. ഒന്നു പപ്പിക്കു്. ഒന്നു ബബ്ലുവിന്നു്. ഒന്നു് അമ്മയ്ക്കു്—ഇല്ല, അമ്മയ്ക്കു് അവൾ ഒരാകാശവും കൊടുക്കില്ല. അമ്മ ചീത്തയാണു്. ബാക്കിയുള്ളതൊക്കെ അവൾ സ്കൂളിലെ കൂട്ടുകാർക്കു കൊടുക്കും.

അനി അവിടെനിന്നുകൊണ്ടങ്ങനെ എന്തൊക്കെയോ വിചാരിക്കുകയാണു്. അവളുടെ മനസ്സിൽ ഇടയ്ക്കു ചില വലിയ പ്രശ്നങ്ങൾ പൊങ്ങുന്നുണ്ടു്. അവയ്ക്കു മറുപടി പറയാൻ കൂട്ടുകാരിയായ പപ്പിക്കുപോലും സാധ്യമല്ല. അമ്മയോടു ചോദിക്കാമെന്നു ചിലപ്പോൾ തോന്നും. പക്ഷേ അമ്മ അതൊക്കെ അർത്ഥമില്ലാത്ത ചോദ്യങ്ങളായിക്കരുതും. അമ്മയ്ക്കു വാസ്തവത്തിൽ ഒന്നുമറിഞ്ഞുകൂടാ. അതുകൊണ്ടാണു് ഒഴിവു പറയുന്നതു്. അവൾ ഒരു ദിവസം ചോദിച്ചു, പനിനീർച്ചെടിയിൽ ഇത്ര വലിയ പൂവുണ്ടായതെങ്ങനെയെന്നു്. അപ്പോൾ അമ്മ ശാസിച്ചോടിക്കയാണുണ്ടായതു്. അർത്ഥമില്ലാത്ത ചോദ്യത്തിനു മറുപടി പറയാൻ സമയമില്ലെന്നു പറഞ്ഞു. സമയമില്ലത്രേ! ഒന്നുമറിഞ്ഞുകൂടാ. അതാണു്.

ഇടയ്ക്കു ചിലപ്പോൾ അനിക്കു തോന്നാറുണ്ടു്, ഇതെല്ലാം അച്ഛനോടു ചോദിക്കണമെന്നു്. എന്നാൽ അച്ഛനാകട്ടെ, രാവിലെ ഏഴു മണിക്കു് ആഫീസിലേയ്ക്കു പോകും. വൈകുന്നേരം വന്നാൽ അവൾക്കൊരു ഉമ്മ തന്നു ഫയലുകൾ നോക്കാൻ തുടങ്ങും. അച്ഛൻെറ ഈ ഉമ്മയിൽ എന്തൊരനുഭൂതിയാണു്! അച്ഛൻ എപ്പോഴും വീട്ടിൽത്തന്നെ ഉണ്ടായിരുന്നാൽ എത്ര നന്നായിരുന്നുവെന്നു് അവൾ ചിന്തിക്കും. എന്നാൽ ഇടയ്ക്കു ചിലപ്പോൾ അച്ഛനും അമ്മയെപ്പോലെയാകാറുണ്ടു്. അമ്മ തീച്ചയായും അച്ഛനോടു് അവളെക്കുറിച്ചു പരാതി പറയുന്നുണ്ടാകും.

അനി കണ്ടു, അമ്മ അമ്പലത്തിൽനിന്നു മടങ്ങിവരികയാണു്. ഇന്നലെ അവൾ അമ്മയുടെ പിന്നാലെ അമ്പലംവരെ പോയിരുന്നു. അമ്മ അകത്തെന്താണു് ചെയ്യുന്നതു്? ഈ ചോദ്യം അവളുടെ മനസ്സിൽ വളരെ നാളായി വട്ടംതിരിയുകയായിരുന്നു. അമ്പലത്തിൻെറ അഴികൾക്കിടയിലൂടെ അവൾ എല്ലാം നോക്കിക്കണ്ടു. അമ്മ ശിവൻെറ തൃപ്പടിയിൽ പനിനീർപ്പൂ കാഴ്ചവെച്ചു. നെയ്യൊഴിച്ചു വിളക്കു കത്തിച്ചു. അനിയുടെ മനസ്സിൽ ചോദ്യമുയന്നു. ഒരമ്പലത്തിൽ വിളക്കു കത്തിക്കുന്നതെന്തിനു്? വീട്ടിൽ വലിയ വലിയ വൈദ്യുതവിളക്കുകളാണു് വെച്ചിരിക്കുന്നതു്. അപ്പോൾ അമ്പലത്തിലും അത്തരം വിളക്കുകൾ വെച്ചാൽ പോരേ? ചന്ദനത്തിരികളുടെ പുകമൂലം അമ്പലത്തിനകത്തെ പ്രകാശം മങ്ങിയിരിക്കുന്നു. അവളുടെ അമ്മ ശിവൻെറ മുമ്പിൽ കൈകൂ

പ്പി തലകുനിച്ചു നില്ക്കുന്നു. എന്തോ പിറുപിറുക്കുന്നുണ്ടു്. അനി ശ്രദ്ധിച്ചു കേൾക്കാൻ ശ്രമിച്ചു. എന്നാൽ ഒന്നു രണ്ടു വാക്കുകൾമാത്രമേ അവൾക്കു മനസ്സിലായുള്ളൂ—മകനെന്നും ഭഗവാനെന്നും. അപ്പോഴേയ്ക്കു് അമ്മ തലപൊക്കി അഴികൾക്കിടയിലൂടെ അവൾ പതിഞ്ഞുനോക്കുന്നതു കണ്ടു. അമ്മ അമ്പലത്തിനകത്തു നിന്നുതന്നെ ഗർജ്ജിച്ചു: "എന്താണവിടെ ചെയ്യുന്നതു്, കുരുത്തംകെട്ടവളേ? നില്ക്കുവിടെ, നീയിന്നു ചാവാനൊരുങ്ങിയിരിക്കയാണു്." കേട്ടപടി അനി പേരക്കാട്ടിൽ ഓടിയൊളിച്ചു. രണ്ടുമൂന്നു മണിക്കൂർ സമയം അവിടെത്തന്നെയിരുന്നു. അമ്മയുടെ വാക്കുകൾ മറന്നു്, പലവിധം പ്രശ്നങ്ങൾ അവളുടെ തലച്ചോറിൽ കടന്നു കറങ്ങാൻ തുടങ്ങി—"ഇത്ര വലിയ മരങ്ങൾ ഈ ഭൂമിക്കകത്തുനിന്നു് എങ്ങനെ മുളച്ചുവന്നു? ഇവയുടെ ഇലകൾക്കു പച്ചനിറം കൊടുത്തതാരു്? അവൾ വളരെ നേരമങ്ങനെ പേരയുടെ മിനുസമുള്ള തടിയിൽ തലോടിക്കൊണ്ടിരുന്നു. കുനിഞ്ഞിരുന്നു നിലത്തുനിന്നു മുളച്ചുവരുന്ന ചെടികളെ സൂക്ഷിച്ചുനോക്കി. ഭൂമിയാകെ കുഴിച്ചുമാന്തി ആ പേരയുടെ വേരുകൾ എവിടെയൊക്കെ ചെന്നിട്ടുണ്ടെന്നു നോക്കാൻ തോന്നി. ഒരു പക്ഷേ അവിടെയെങ്ങാനും തക്കാളിത്തോട്ടമുണ്ടായിരുന്നാൽ ഒരു കൊച്ചു ബബ്ളുവിനെ കിടന്നു കിട്ടുമായിരുന്നു. അവൾ എത്ര നാളായി ഇങ്ങനെ ഒററയ്ക്കു കഴിച്ചുകൂട്ടുന്നു! അവളുടെ കൂടെ കളിക്കാൻ ആരുമില്ല.

അമ്മ അകത്തേയ്ക്കു കടന്നുപോകുന്നതു കണ്ടപ്പോൾ അനി ആശ്വാസത്തിൻെറ ഒരു നെടുവീർപ്പിട്ടു. അശോ

കത്തിൻെറ ഇലത്തുന്ന് ചില്ലകഠക്കിടയിലൂടെ അസം ഖ്യം സൂര്യകിരണങ്ങഠ മുകളിൽനിന്നു ഭൂമിയിൽ വന്നു വീണിരിക്കുന്നു. അനേകം ചെറിയ ചെറിയ സൂര്യന്മാർ നിലത്തു ചിതറിക്കിടക്കുന്നു. അനി കുനിഞ്ഞുചെന്നു് ഒരു സൂര്യനെ തൊടുവാൻ പുറപ്പെട്ടപ്പോഠ അതു് അവ ളുടെ കൈവിരലുകളിൽ ചാടിക്കയറി. അവഠ ആ സൂ ര്യനെ ഉള്ളംകൈയിൽ അടക്കിപ്പിടിക്കാൻ ശ്രമിച്ച പ്പോഠ അതു് അടിയിലൂടെ ചോന്നു ചാടി മടക്കിയ വി രലുകളുടെ മുകളിൽ കയറി. അനി ആശ്ചര്യത്തിൽ മുഴ കിപ്പോയി. നോക്കിയപ്പോഠ വളരെയധികം സൂര്യ ന്മാർ അവളുടെ ഫ്രോക്കിൽ കയറിപ്പററിയിരിക്കുന്നു. അ പ്പോഴെയ്ക്കു് അമ്മ അകത്തുനിന്നു വിളിച്ചു—'അനീ' അനി അകത്തേയ്ക്കോടി. അടുത്തു ചെന്നപ്പോഠ അമ്മ ശാസിച്ചു—"സ്കൂളിൽ പോകണ്ടേ? പോയി കുളിക്കു്."

അനി ഉടുപ്പൂരിയിട്ടു കുളിമുറിയിൽ കയറി. തണു ത്ത വെള്ളം മഴപോലെ മേത്തു വീണപ്പോഠ പുതിയ ഒരു പ്രശ്നം അവളുടെ മനസ്സിലുദിച്ചു—അമ്മ ഇത്ര വള രെ ഉറക്കെ സംസാരിക്കുന്നതെന്തു്? പപ്പിയുടെ അമ്മ പതുക്കെയാണല്ലോ സംസാരിക്കുന്നതു്. അവർ സംസാ രിക്കുമ്പോഠ എത്രേ നന്നായിത്തോന്നുന്നു! അപ്പോഠ അ മ്മയെന്താണു് പതുക്കെ സംസാരിക്കാത്തതു്? അതിനി ടയ്ക്കുവഠക്കോർമ്മവന്നു. അമ്മ അച്ഛനോടു പതുക്കെപ്പതു ക്കെ എത്ര സ്നേഹത്തോടെയാണു് സംസാരിക്കാറുള്ളതു്! അപ്പോഠ കൊച്ചുകുട്ടികളോടു് അമ്മയ്ക്കിഷ്ടമില്ലെന്നാ ണോ? അപ്പോഠ........

"ഇറങ്ങിപ്പോ. എന്തു കുളിയാണിത്?" അമ്മയുടെ ഉച്ചത്തിലുള്ള ഗജ്ജനം കേട്ടപ്പോൾ അനി പെട്ടെന്നു കുളിമുറിയിൽനിന്നു പുറത്തു വന്നു. തിടുക്കത്തിൽ ഉടുപ്പിട്ടിട്ടു ഭക്ഷണം കഴിച്ചു സ്കൂളിലേയ്ക്കു പോയി. അനിക്കു സ്കൂളിൽ വളരെ രസമാണ്. എത്രയോ കൂട്ടുകാർ ഇവിടെ സമ്മേളിക്കുന്നു. എല്ലാവരും അവരുടെ അച്ഛനമ്മമാരെ പ്രശംസിക്കുന്നു. അനിയാകട്ടെ പപ്പിയുടെ അമ്മയെയാണ് പുകഴ്ത്തുന്നത്. അതു കേൾക്കുമ്പോൾ കൂട്ടുകാർ ചിരിക്കുകയാണ്. അനി അവരുടെ ചിരി കേൾക്കുമ്പോൾ മലച്ചുനില്ക്കുന്നു. ആലോചിക്കയാണ്—ഇതിൽ ചിരിക്കാനെന്തിരിക്കുന്നു?

രണ്ടു മണിക്കു സ്കൂൾ വിട്ടപ്പോൾ അവൾക്ക് അസുഖം തോന്നി. പകൽ മുഴുവൻ, അല്ല രാത്രികൂടി സ്കൂളിൽ കഴിച്ചുകൂട്ടാനാണ് അവൾ ആഗ്രഹിക്കുന്നത്. എന്നാൽ ടീച്ചർ എത്ര വേഗമാണ് സ്കൂൾ വിടുന്നത്! അതുകൊണ്ട് അവൾ പതുക്കെപ്പതുക്കെ നടക്കുകയാണ്, വഴിയിലെങ്കിലും കുറെയധികം സമയം കഴിച്ചുകൂട്ടാൻ. ഇന്നും അവൾ പതിവുപോലെ വീട്ടിലേയ്ക്കു മടങ്ങുമ്പോൾ വഴിയിൽ പപ്പിയുടെ അമ്മയെ കണ്ടു. പപ്പിയുടെയമ്മ അവളുടെയടുത്തു വന്നു. മധുരമായ ഒരു പുഞ്ചിരി അവരുടെ മുഖത്തു പരന്നു. അവർ പതുക്കെ കുനിഞ്ഞ് അനിയുടെ ചെവിയിൽ പറഞ്ഞു, വീട്ടിൽ ഒരു കൊച്ചനുജൻ പിറന്നിട്ടുണ്ടെന്ന്.

"ഉവ്വോ?" അനി ആശ്ചര്യപ്പെട്ടു നിന്നുപോയി.

"ഉവ്വെടീ. ബ്ബ്ബളുവിനെപ്പോലെതന്നെ!" പപ്പിയുടെ അമ്മ പറഞ്ഞപ്പോൾ അനി ആഹ്ലാദത്താൽ ഉറക്കെ നിലവിളിച്ചുപോയി. അടുത്തുണ്ടായിരുന്നവർ ആശ്ചര്യത്തോടെ നോക്കാൻ തുടങ്ങിയപ്പോൾ അവൾ ഒരോട്ടംകൊടുത്തു. ഓടിഃയാടി ഒരു വീതിയുള്ള വഴി മുറിഞ്ഞു കടക്കാൻ ഭാവിച്ചപ്പോൾ പിന്നിലൂടെ ഒരു കാറു ചീറിപ്പാഞ്ഞു വരുന്നുണ്ടായിരുന്നു. അവൾക്കുണ്ടോ കാണാൻ കണ്ണു്? അവളുടെ കണ്ണിൽ ഒരു ചെറിയ ബബ്ബ്ളുമാത്രമേ കാണപ്പെട്ടുന്നുള്ളു. അവനെ അവളുടെയമ്മ തക്കാളിത്തോട്ടത്തിൽനിന്നെടുത്തു കൊണ്ടുവന്നതായിരിക്കും. തക്കാളിപ്പഴംപോലെ ചെമന്നു തുടുത്ത ബബ്ബ്ളു! അപ്പോഴെയ്ക്കു പിന്നിലൂടെ എത്തിയ കാറിൻെറ ഡ്രൈവർ ബലത്തിൽ ബ്രേക്കിട്ടു. കിർർർർർർ........ശബ്ദം അവളുടെ ചെവിയിലെത്തിയില്ല. അനി ഓട്ടുക തന്നെയായിരുന്നു. അവൾ വീടിൻെറ പടിക്കലെത്തിയിട്ടേ ശ്വാസം കഴിച്ചുള്ളൂ.

സാവധാനം പടിവാതൽ തുറന്നു. ഞേ—ഞേ—നേരിയ ശബ്ദം കേട്ടു. പടിയടച്ചു് അമ്മയുടെ മുറിയിലേയ്ക്കോടി. അമ്മയുടെ മുറി അകത്തുനിന്നടച്ചിരുന്നു. അകത്തുനിന്നു് ഒരു കൊച്ചുകുട്ടി കരയുന്ന ശബ്ദം കേൾക്കാമായിരുന്നു. അനിയുടെ കൊച്ചുഹൃദയം ശക്തിയിലിടിച്ചു. അവൾ കേട്ടു, അകത്തുനിന്നു് അച്ഛൻെറയും ശബ്ദം പുറപ്പെടുന്നുണ്ടു്. എന്തൊരോമനക്കുഞ്ഞു്! തക്കാളിപ്പഴംപോലെതന്നെ.

അപ്പോഴെയ്ക്കു് അമ്മയുടെ നേരിയ ശബ്ദം. അച്ഛനോടു പറയുകയാണു്: "നോക്കു, അനി വന്നാൽ അവ

ളെ എൻെറയടുത്തേയ്ക്കു വരാൻ വിടരുത്. അതിൻെറ കണ്ണു ചീത്തയാണ്. കൊച്ചുകുഞ്ഞിന്നു കണ്ണു പററും. നാളെയാവട്ടെ!''

കേട്ടപ്പോൾ അനിയുടെ കൊച്ചുഹൃദയം ചുരുങ്ങി യില്ലാതായതുപോലെ തോന്നി. അവളുടെ ഹൃദയസ്പന്ദം നിലച്ചതുപോലെ തോന്നി. അവൾ അതിവേഗം പുറത്തേയ്ക്കോടി. അശോകത്തിൻെറ കടയിൽ കെട്ടിപ്പിടിച്ചു വളരെ കരഞ്ഞു. അപ്പോൾ അമ്മയ്ക്കു് അവളോടു മാത്രമാണ് വെറുപ്പ്. അച്ഛനോടിഷ്ടമുണ്ട്, കൊച്ചു ബബ്ളുവിനോടും ഇഷ്ടമുണ്ട്. എന്നാൽ അവളോടിഷ്ട മില്ല.

കുറച്ചു നേരം കരഞ്ഞതിന്നുശേഷം അനി തലപൊക്കി മേലോട്ടു നോക്കി. അശോകത്തിൻെറ ഇടതൂന്ന ചില്ലകൾക്കിടയിലൂടെ എത്രയെത്ര ആകാശങ്ങളാണ് കാണുന്നത്! അസംഖ്യം സൂര്യകിരണങ്ങൾ മുകളിൽനിന്നു ഭൂമിയിൽ പതിക്കുന്നു. താഴെ അനവധി കൊച്ചുകൊച്ചു സൂര്യന്മാർ ചിതറിക്കിടക്കുന്നു. അനി ആ സൂര്യന്മാരെ നനഞ്ഞ കണ്ണുകളാൽ നോക്കിക്കൊണ്ടിരുന്നു.

“ഞാൻ കൊച്ചുബബ്ളുവിനു് ഒരാകാശവും കൊടുക്കില്ല. ഒരു സൂര്യനെയും കൊടുക്കില്ല. അവനോടുകൂടി കളിക്കില്ല. ഒരിക്കലും കളിക്കില്ല.'' അവൾ മനസ്സിൽ ദൃഢനിശ്ചയം ചെയ്തു. ഒരു പുഞ്ചിരിയോടെ ആ ചിതറിക്കിടക്കുന്ന സൂര്യന്മാരെ വാരിയെടുക്കാൻ പുറപ്പെട്ടു.

# മൂകനായ മനുഷ്യൻ

ആ നഗരത്തിൽ ഭേദപ്പെട്ട ഏതെങ്കിലുമൊരുദ്യോഗസ്ഥൻ സ്ഥലം മാറിവന്നാൽ ക്ലബ്ബിൽ മെമ്പറാവുക പതിവാണു്. ഒരു പാരമ്പര്യമായിത്തീൎന്നുകഴിഞ്ഞിരുന്ന ഈ പതിവു പുതിയതായി വരുന്നവരെല്ലാവരും തെററാതെ പാലിക്കുകയും ചെയ്യാറുണ്ടു്.

മിസ്റ്റർ രസഗോത്ര കുറച്ചു ദിവസം മുമ്പേ മെമ്പറായിച്ചേൎന്നുകഴിഞ്ഞിരുന്നു. ആദ്യദിവസംതന്നെ അയാൾ പത്നീസമേതം ക്ലബ്ബിൽ വന്നപ്പോൾ വാസ്തവത്തിൽ അവിടെയുണ്ടായിരുന്നവൎക്കു് ആശ്ചര്യത്തിന്റെ ഒരു നടുക്കമുണ്ടായി.

വാസ്തവത്തിൽ അതൊരു നടുക്കമുണ്ടാക്കുന്ന സംഗതിതന്നെയായിരുന്നു. മിസ്റ്റർ ഗോത്ര കാഴ്ചയിൽ വൃദ്ധനായിരുന്നു, പത്നി യുവതിയും. പ്രായം നോക്കിയാൽ അവർ ഭാര്യാഭൎത്താക്കളാണെന്നു തോന്നുമായിരുന്നില്ല. മിസ്റ്റർ ഗോത്രയ്ക്കു് എങ്ങനെയായാലും ഒരമ്പതു വയസ്സിൽ

കുറവായിരുന്നില്ല. മുഖത്തിൻെറ ശരിക്കുള്ള നിറം മാറി ക്കഴിഞ്ഞിരുന്നു. തൊലി വെളുത്തതായിരുന്നുവെങ്കിലും അതിൽ വൃത്തികെട്ട ഒരു തരം പുള്ളികൾ വീണിരുന്നു. ഇനി തലമുടി—അതു ദൂരെനിന്നു നോക്കുമ്പോൾ കറുത്തു കാണുമായിരുന്നു. പക്ഷേ സൂക്ഷിച്ചുനോക്കിയാലറിയാം ചായത്തിൻെറ പിരട്ടുവിദ്യയാണെന്നു്.

മറുവശത്തു മിസിസ്സ് രസഗോത്രയ്ക്കാണെങ്കിൽ കൂ ടിയാൽ ഒരിരുപത്തഞ്ചായിരിക്കും വയസ്സ്. ചിലർ അത്രതന്നെയനുമാനിക്കാൻ തയാറായില്ല. പ്രായത്തി നൊപ്പംതന്നെ സൗന്ദര്യവും. ഇത്ര സുന്ദരിയായ ഒരു സ്ത്രീ ആദ്യമായിട്ടാണവിടെ കാണപ്പെടുന്നതെന്ന കാര്യ ത്തിൽ ക്ലബ്ബിലെ പഴയ മെമ്പർമാർ ഏകാഭിപ്രായക്കാ രായിരുന്നു. അവൾ കൈയില്ലാത്ത ഒരു ജാക്കററാണു് ധരിച്ചിരുന്നതു്. ഈ പരിഷ്കാരം ഇതുവരെ ആ പട്ടണ ത്തിലുള്ളവക്കു് അജ്ഞാതമായിരുന്നു. ആ ജാക്കററിൻെറ യിരുവശത്തും തൂങ്ങിക്കിടന്ന നീണ്ട കൈകളും അവ യിൽ മിന്നിത്തിളങ്ങിയിരുന്ന സുവണ്ണരോമങ്ങളും ആരേ യുമാകർഷിക്കുന്നവയായിരുന്നു.

മിസിസ്സ് രസഗോത്ര ജനങ്ങളോടിണങ്ങിച്ചേരുന്ന ഒരു സുമുഖിയാണെന്നും ആളുകൾക്കനുഭവപ്പെട്ടു. ക്ല ബ്ബിൽ കയറിയപ്പോൾത്തന്നെ അവൾ സ്ത്രീകളിരിക്കുന്നി ടത്തു ചെല്ലുകയും ഒരു പരിചിതമിത്രമെന്ന നിലയിൽ അവരുടെയിടയിൽ സമ്മേളിക്കുകയും ചെയ്തു. പക്ഷേ മി സ്റ്റർ രസഗോത്ര! അയാൾ വളരെയധികം വിവശനും വേദന തിന്നുന്നവനുമായിട്ടാണു് അവക്കു തോന്നിയതു്.

വരാന്തയിൽ നിന്നുകൊണ്ടുതന്നെ അയാറം വളരെ നേരം അങ്ങുമിങ്ങും പകച്ചുനോക്കി. പിന്നീടയാറം പത്രമാസികകറം കിടന്നിരുന്ന മേശയ്ക്കരികിൽ വന്നു. ഒരു പത്രമെടുത്തു് അടുത്തുള്ള സോഫയിലിരുന്നു വായിക്കാൻ തുടങ്ങി. അയാളുടെ നെററിയിലെ ചുളിവു് അസാധാരണമായ ആഴമുള്ളതായിരുന്നു. മുഖത്തു് ഒരു കക്കശമായ ഭാവം. താഴത്തെ ചുണ്ടു വൃത്തികെട്ട മട്ടിൽ സ്വയം ചലിച്ചിരുന്നു. വായനയ്ക്കിടയിൽ കണ്ണെടുത്തു പത്നിയുടെ ഗതികറം വീക്ഷിച്ചിരുന്നു.

അവിടവിടെ മേശകറംക്കരികിലിരിക്കുന്നവർ റമിയും ബ്രിഡ്ജും കളിച്ചിരുന്നു. അവർ ആദ്യമേ ഈ മനുഷ്യനെ ഇത്ര ചെറുപ്പമുള്ള പത്നിയുടെ കൂടെക്കണ്ടു വിസ്മയം പൂകിയിരുന്നു. ഇപ്പോറം ഈ മൗനമുദ്ര കൂടുതൽ വിസ്മയത്തിനു വഴിയുണ്ടാക്കി. ഈ മനുഷ്യൻ ഇത്ര വളരെ വിഷമിക്കുന്നതെന്തിനെന്നാണു് അവക്കു മനസ്സിലാകാതിരുന്നതു്. ഈ പ്രായത്തിൽ ഇത്ര യൗവനമുള്ള പത്നിയെ ലഭിച്ചതിൽ അയാറം സന്തോഷിക്കയല്ലേ വേണ്ടതു്? ആളുകറം അവനവൻെറ സ്ഥാനത്തിരുന്നു കളി തുടന്നുകൊണ്ടിരുന്നു.

അവസാനം മിസ്റ്റർ രാജനു് ഇരുത്തംകൊണ്ടില്ല. അയാറം നഗരത്തിലെ പ്രസിദ്ധപ്പെട്ട വക്കീലാണു്. പേരു മറെറന്തോ കൂടിയുണ്ടു്. പക്ഷേ എല്ലാവരും രാജനെന്നാണു് വിളിക്കുന്നതു്. അയാറം ഒരു തളം കളി കഴിഞ്ഞപ്പോറം ഒരു പുഞ്ചിരിയോടെ കൂട്ടുകാരോടു പറഞ്ഞു—"അടുത്ത തളം കളി തുടങ്ങാൻ, വരട്ടെ. ഞാൻ പുതിയ മെമ്പറെക്കൂടി വിളിക്കാം."

രാജൻ അടുത്തു ചെന്നപ്പോൾ മിസ്റ്റർ ഗോത്രയ്ക്കു ശകലം ഞെട്ടലുണ്ടായി. അയാളുടെ ഏകാന്തതയ്ക്കു വിഘ്നം ഭവിച്ചതുപോലെ തോന്നി. സാമാന്യമര്യാദ കാണിക്കാൻ സോഫയിൽനിന്നു് ഒന്നെണീക്കാൻപോലും കഴിഞ്ഞില്ല. ഇരുന്നുകൊണ്ടുതന്നെ ഷേക്ക്ഹാൻറിനു കൈ നീട്ടി.

"ഞാൻ രാജൻ. ഇവിടത്തെയൊരു വക്കീൽ." അയാളുടെ കൈ പിടിച്ചു കുടഞ്ഞുകൊണ്ടു രാജൻ സ്വയം പരിചയപ്പെടുത്തി.

മിസ്റ്റർ രസഗോത്രയും സ്വയം പരിചയപ്പെടുത്തി. ആ സുഹൃത്തിൻെറ കരസ്പർശം വളരെ ശീതളമായി രാജനനുഭവപ്പെട്ടു. തന്മൂലം ആ കൈ പിന്നീടധികം പിടിച്ചു കുടയുന്നതു ശരിയല്ലെന്നു തോന്നി. അനന്തരം അത്യന്തം വിനീതഭാവത്തിൽ ചോദിച്ചു—

"ഒന്നു രണ്ടു വട്ടം ബ്രിഡ്ജ് കളിക്കാം?"

മറുപടിയായി മിസ്റ്റർ രസഗോത്ര മററെന്തോ ശ്രദ്ധിക്കുന്ന മട്ടിൽ രാജൻെറ നേരെ നോക്കി. ആ നോട്ടം പ്രശാന്തവും വിഭ്രാന്തവും വേദനാപൂർണ്ണവുമായിരുന്നു.

"ശരി, കളിക്കാം." അയാൾ പറഞ്ഞു—"പോയിൻറിനെങ്ങനെ?"

"നാലണ."

"ഒരു രൂപാ വെച്ചു കളിക്കാം."

"ആവാം, വരൂ."

മിസ്റ്റർ രസഗോത്ര വളരെ അശ്രദ്ധമായിട്ടാണു് കളിച്ചതു്. നടാടെ കളിക്കുന്നവനുപോലും പററാത്ത മ

ണ്ടത്തരങ്ങളാണ് അയാൾ കളിയിൽ കാണിച്ചിരുന്ന തു്. ഒരു മണിക്കൂർ നേരത്തെ കളിയിൽ നാല്പതു പോയിൻറിനു തോററു.

രാജൻ പറഞ്ഞു—"നിങ്ങളിങ്ങനെ വലിയ സംഖ്യ വാതുവെച്ചു കളിക്കരുതു്. പോയിൻറിനു പത്തു പൈസ വെച്ചു കളിച്ചാൽ മതിയെന്നാണു് ഞാൻ പറയുന്നതു്."

"അതു സാരമില്ല!"

എന്നാൽ അടുത്ത കളിക്കു നറുക്കിട്ടപ്പോൾ മിസ്റ്റർ രാജനും രസഗോത്രയ്ക്കും കളിയിൽ ചേരാൻ കഴിഞ്ഞില്ല. അവർ മേശയ്ക്കരികിൽനിന്നെണീററു വരാന്തയിലേയ്ക്കു പോയി. മിസ്റ്റർ രസഗോത്രയ്ക്കു കളിയിൽ ചാൻസ് കിട്ടാത്തതിൽ രാജൻ മനസ്സുകൊണ്ടു സന്തോഷിക്കയായിരുന്നു. അല്ലെങ്കിൽ ഇനിയും അയാൾ അടിക്കടി തോല്ക്കുമായിരുന്നു. എന്തുകൊണ്ടെന്നറിഞ്ഞുകൂടാ, മിസ്റ്റർ രസഗോത്രയെക്കുറിച്ചു് അയാളുടെ മനസ്സിൽ സഹാനുഭൂതി ജനിച്ചുകഴിഞ്ഞിരുന്നു.

രാജൻ രസഗോത്രയെ കാപ്പി കുടിക്കാൻ ക്ഷണിച്ചു. താൻ പ്രത്യേകമായി മാസംതോറും തൃശ്ശിനാപ്പിള്ളിയിൽനിന്നു തപാലിൽ വരുത്തുന്ന സിഗാററും വെച്ചുനീട്ടി.

ക്ലബ്ബിലെ വെയിററർ കാപ്പി കൊണ്ടുവന്നു് അവരുടെ മുമ്പിൽ വെച്ചു. എടുത്തു മോന്തുന്നതിനുമുമ്പു രസഗോത്ര നിശ്ശബ്ദം ജനലിലൂടെ പുറത്തു നോക്കിക്കൊണ്ടിരുന്നു. വഴിവിളക്കുകൾ വളരെ ദൂരത്തിൽ ക്ഷീണപ്രകാ

ശം പരത്തിയിരുന്നു. ആകാശത്തിൽ രാവിൻെറ കരിനിഴൽ നല്ലപോലെ വീണുകഴിഞ്ഞിരുന്നില്ല. പൂർവ്വചക്രവാളത്തിൽ ഒരു വിശാലമായ കാർമേഘം മലപോലെ കാണപ്പെട്ടിരുന്നു. അതിനു നടുവിൽ ഇടയ്ക്കിടെ ഇടിമിന്നൽ കിടന്നു പുളയുകയും ചെയ്തിരുന്നു.

"എടുക്കൂ, സിഗററ്റ് ഞാൻ കത്തിച്ചു തരാം." രാജൻ തീപ്പെട്ടിയുരച്ചുകൊണ്ടു പറഞ്ഞു.

"ങ്ഠം" മിസ്റ്റർ രസഗോത്ര മൗനസമാധിക്കു ഭംഗം വന്നതുപോലെ ഒരു ഞെട്ടലോടെ മൂളി. ആ സിഗററ്റ് അയാൾ അപ്പോഴും കൈയിൽ പിടിച്ചുകൊണ്ടിരിക്കുകയായിരുന്നു. ഉടൻ അതു ചുണ്ടുകൾക്കിടയിൽ തിരുകി.

രാജൻ പരിഹാസപൂർവ്വം ചോദിച്ചു—"എന്താണിങ്ങനെ പകച്ചു നോക്കുന്നതു്?" ഒപ്പം ചിരിക്കുകയും ചെയ്തു. എന്നാൽ മിസ്റ്റർ ഗോത്രയുടെ മുഖത്തു പുഞ്ചിരിയുടെ ശകലംപോലും വിരിഞ്ഞില്ല. അയാൾ ആ മലപോലെ കണ്ട മേഘത്തിൽത്തന്നെ നോക്കിക്കൊണ്ടിരുന്നു. പിന്നെ കാപ്പിക്കോപ്പയിൽ ചുണ്ടുകൾ മുക്കി.

അയാളുടെ മുഖഭാവത്തിൽ ലേശംപോലും പ്രകൃതഭേദം വന്നിരുന്നില്ലെന്നു കാണാമായിരുന്നു. അയാൾ മുമ്പത്തെപ്പോലെതന്നെ പെരുമാററത്തിൽ സങ്കോചവും മററുള്ളവരിൽനിന്നു് അകന്നിരിക്കാനുള്ള വാസനയും പ്രദർശിപ്പിച്ചിരുന്നു. രാജൻെറ ഈ അടുക്കാനുള്ള പരിശ്രമം അകാരണമാവാൻ വഴിയില്ലെന്നു തോന്നി. എന്തെങ്കിലും ചികഞ്ഞെടുക്കാനാവും. അയാൾ തക്കം നോക്കുകയായിരിക്കും.

രാജൻ ചോദിച്ചു—"സിഗാറെറങ്ങനെ?"

"തരക്കേടില്ല."

"ഈ സിഗാററ് ഇവിടെ കിട്ടുകയില്ല. പ്രത്യേകം തൃശ്ശിനാപ്പിള്ളിയിൽനിന്നു വരുത്തുന്നതാണു്."

മിസ്റ്റർ രസഗോത്ര അഭിനന്ദനാർത്ഥം തലയാട്ടി. സംശയദൃഷ്ടിയാൽ ചുണ്ടത്തിരിക്കുന്ന സിഗാററിലേയ്ക്കു നോക്കി.

"അവിവേകമെങ്കിൽ ക്ഷമിക്കണം." രാജന്റെ ശബ്ദം കുറച്ചുറക്കെയായിരുന്നു. "ഞാൻ ഒന്നു ചോദിച്ചോട്ടെ?"

മിസ്റ്റർ ഗോത്ര സിഗാറെറാന്നു നീട്ടി വലിച്ചു പതിഞ്ഞ സ്വരത്തിൽ മൂളി—"ങ്ഹ്."

"ഇതങ്ങേയുടെ രണ്ടാംവിവാഹമാണോ?" രാജൻ ചോദിച്ചു.

"അല്ല." രസഗോത്ര പറഞ്ഞു—"ഒന്നാംവിവാഹംതന്നെ."

"എന്നായിരുന്നു വിവാഹം?"

"നാലുനാലര കൊല്ലങ്ങൾക്കു മുമ്പു്."

"ശരി." രാജന്റെ സ്വരത്തിൽ വിസ്മയമുണ്ടായിരുന്നു. പിന്നെ പതിഞ്ഞ സ്വരത്തിൽ ചിരിച്ചുകൊണ്ടു പറഞ്ഞു—"അപ്പോൾ അങ്ങൊരു ഭാഗ്യവാനാണല്ലോ!"

ഇതു കേൾക്കുമ്പോൾ രസഗോത്രയുടെ മുഖത്തു സന്തോഷത്തിന്റെ ഒരു നേരിയ നിഴൽപോലും വീശുന്നതു കണ്ടില്ല. സിഗാററു നീട്ടിവലിച്ചുകൊണ്ടു് അയാൾ ജനലിലൂടെ പുറത്തേയ്ക്കു നോക്കുകയായിരുന്നു.

തൻെറ വാക്കുകൾക്ക് ഇതായിരിക്കും പ്രതികരണമെന്നു രാജൻ വിചാരിച്ചിരുന്നില്ല. ഈ വിവാഹത്തിൽ രസഗോത്ര സന്തുഷ്ടനല്ലെന്നു മനസ്സിലായി. ഇതേ കാരണത്താലായിരിക്കണം അയാൾ പരവശനായിരിക്കുന്നതു്. എന്നാൽ ഇതിനെക്കുറിച്ച് അധികമെങ്ങനെയാണു് ചോദിക്കുക? അല്പം മണിക്കൂറുകൾക്കുമുമ്പുമാത്രമാണു് അയാളോടു പരിചയപ്പെട്ടതു്. ഇതിനിടയ്ക്കു ചോദിച്ചറിഞ്ഞിടത്തോളം കാര്യങ്ങൾ സാധാരണപരിചയത്തിൻെറ തോതിൽ വളരെയധികമാണു്. ആകട്ടെ, തിടുക്കപ്പെടാനില്ല, അല്പദിവസങ്ങൾക്കകം പൂർണ്ണവിവരങ്ങൾ മനസ്സിലാക്കാം.

രാജൻെറ പത്നി കുറച്ചകലെ മിസിസ് രസഗോത്രയോടു സംസാരിക്കുകയായിരുന്നു. ഈ ബന്ധത്തിൽ ആത്മീയതയുടെ ഒരുറപ്പുള്ള കണ്ണികൂടിയിണങ്ങിയിരിക്കുന്നതായിട്ടയാൾക്കു തോന്നി.

എന്തുകൊണ്ടെന്നറിഞ്ഞുകൂടാ, അടുത്ത നാലു ദിവസം മിസ്റ്റർ രസഗോത്ര ക്ലബ്ബിൽ വരുകയുണ്ടായില്ല. അഞ്ചാംദിവസം വന്നതു പത്നിയുടെ കൂടെയല്ലതാനും. അന്നു വൈകുന്നേരം മഴ കുറേശ്ശെ ചാറുന്നുണ്ടായിരുന്നു. അയാൾ കുടയില്ലാതെയാണു് വന്നിരുന്നതു്. മഴച്ചാററലേററു് അയാളുടെ വസ്ത്രങ്ങൾ നനഞ്ഞിരുന്നു.

വരാന്തയിൽ വന്നു് അയാൾ കുറച്ചുനേരം ടവ്വലെടുത്തു മുഖം തുടച്ചുകൊണ്ടു നിന്നു. വസ്ത്രങ്ങൾ നനഞ്ഞിരുന്നതിനാൽ സോഫയിലിരുന്നില്ല. മേശപ്പുറത്തുനിന്നു പത്രമെടുത്തു നിന്നുകൊണ്ടുതന്നെ വായിക്കാൻ തുടങ്ങി.

രാജൻ അപ്പോഗം ക്ലബ്ബിൽ എത്തിയിട്ടുണ്ടായിരു ന്നില്ല. അതുകൊണ്ടു മററാരും ബ്രിഡ്ജിനു വിളിക്കുകയു ണ്ടായില്ല.

ഇന്നും അയാളെ വിവശവും വിഭ്രാന്തവുമായ നില യിൽ കണ്ടു് ആളുകഠംക്കു കൗതുകം തോന്നി. ഒപ്പംത ന്നെ അവരുടെ ഹൃദയങ്ങളിൽ ഒരു പരാതിയുടെ ഭാവം കൂടിയുണ്ടായിരുന്നു. അവരുടെ ദൃഷ്ടികഠം അയാളോടു ചോദിക്കുകയായിരുന്നു, മിസിസ്സിനെ എന്തുകൊണ്ടു കൊണ്ടുവന്നില്ലെന്നു്. വിശേഷിച്ച് കണ്ണുകഠംക്കെന്തെ ങ്കിലും കനത്ത തീററ തേടി ക്ലബ്ബിൽ വരുന്ന ചെറുപ്പ ക്കാർക്കു വളരെ നിരാശയുണ്ടായി. ഇതിനെക്കുറിച്ചു് എ ന്തു പറയാൻ കഴിയും? നീണ്ടുമെലിഞ്ഞു ചാകാറായ മി സ്റ്റർ ഗോത്രയുടെ കോലത്തിൻെറ നേർക്കു ദേഷ്യം തോ ന്നി. അവർ തങ്ങളിലിങ്ങനെ കുശുകുശുത്തു.

"മൂത്ത കുരങ്ങൻ."

"ഇസ്സ്വേഡ്‌ ജാക്കി."

"അടച്ചു പൂട്ടിവെച്ചിരിക്കുന്നു."

"കാററു കൊള്ളാൻപോലും പുറത്തു വിടാതെ."

"എന്തൊരന്യായമാണു് ചങ്ങാതീ. ഒരു ചെറുപ്പ ക്കാരിപ്പെണ്ണു് ഈ മുതുകിഴവനെ കല്യാണം കഴിക്കാൻ കണ്ടതു്?"

"അയാളെയാവില്ല കല്യാണം കഴിച്ചതു്. പണ ത്തെ, അഥവാ പദവിയെ."

"ഇൻഡ്യയിൽ ഇതെല്ലാം നടക്കും."

"എല്ലായിടത്തും നടക്കും."

ഈ കശുകശുക്കലൊന്നും ശ്രദ്ധിക്കാതെ മിസ്റ്റർ ഗോത്ര പത്രം വായിക്കുകയായിരുന്നു. അയാളുടെ മുഖഭാവത്തിൽ തികഞ്ഞ മൂകതയാണു് നിഴലിച്ചിരുന്നതു്. അമർത്തപ്പെട്ട ചിരിയുടെ ശബ്ദങ്ങൾ ഇടയ്ക്കിടയ്ക്കു പൊങ്ങിയിരുന്നുവെങ്കിലും അയാൾ അങ്ങോട്ടു ചെവികൊടുത്തില്ല. അപ്പോഴാണു് രാജൻ പത്നീസമേതം വരുന്നതു്. മിസ്റ്റർ രസഗോത്രയെ കണ്ടതോടെ അയാൾ അങ്ങോട്ടു തിരിഞ്ഞു.

"ഹൗ ഡു യു ഡു?" അയാൾ ചുമലിൽ കൈ വെച്ചുകൊണ്ടു കുശലാന്വേഷണം ചെയ്തു.

മിസ്റ്റർ ഗോത്ര തിരിഞ്ഞു നോക്കിയപ്പോൾ രാജനും പത്നിയും സ്മേരവദനരായി നില്ക്കുന്നു. "ഹൗ ഡു യു ഡു?" മറുപടിയായി അയാളും എന്തോ പറഞ്ഞു. പക്ഷേ തൊണ്ടയുണങ്ങിയതുപോലെ ശബ്ദം പതറിയിരുന്നു.

"വളരെ നാളായല്ലോ കണ്ടിട്ടു്?" രാജൻ പരാതി പറയുകയായിരുന്നു.

"ഞാൻ ഇവിടെയില്ലായിരുന്നു."

"ഐസീ!" രാജൻ ആ ഭാവത്തിൻെറ ശരിയായ അർത്ഥമന്വേഷിക്കുന്നതുപോലെ മുഖത്തു നോക്കി.

മിസിസ്സ് രാജൻ മുറിക്കകത്തു മിഴിയുരുട്ടിത്തിരയുകയായിരുന്നു. അവൾ അന്വേഷിച്ച മുഖം കാണാത്തതിനാൽ ചോദിച്ചു—"അങ്ങയുടെ മിസിസ്സിനെ കാണുന്നില്ലല്ലോ മിസ്റ്റർ?"

“അവൾക്കിന്നു നല്ല സുഖമില്ല.” രസഗോത്ര പറഞ്ഞു.

“സോറി” മിസിസ്സ് രാജൻ കൃത്രിമമായ ഖേദം പ്രകടിപ്പിച്ചു—“അവൾക്കു സാരമായിട്ടൊന്നുമില്ലല്ലോ?”

“വയററിൽവേദനയാണെന്നു തോന്നുന്നു.”

മിസിസ്സ് രാജൻ ഇതു കേട്ടതോടെ അവിടെനിന്നു പോയി. മിസ്റ്റർ ഗോത്രയുടെ മറുപടി അവൾക്കു കുറെ വിചിത്രമായിത്തോന്നി. ‘കീകീ’യെന്നു ചിരിപൊട്ടാഞ്ഞതേതായാലും നന്നായി.

മിസ്റ്റർ ഗോത്ര രാജനോടു ചോദിച്ചു—“ഒന്നു രണ്ടു താളം കളിക്കാം?”

“വിരോധമില്ല. പക്ഷേ പോയിൻറിനു് ഒരു രൂപ വെച്ചു കളിക്കാൻ പററില്ല.”

“അതെന്തു്?”

“അങ്ങേയ്ക്കു ഗെയിം ശരിക്കു വരുന്നില്ല. അതുകൊണ്ടു് അങ്ങയുടെ പാർട്ട്നർകൂടി തുലഞ്ഞുപോകുന്നു.”

മിസ്റ്റർ ഗോത്ര രാജൻെറ നേരെ തുറിച്ചു നോക്കി —“അയാൾ നഷ്ടപ്പെടണ്ടാ. കൂട്ടുകാരൻെറ പങ്കുകൂടി ഞാൻ കൊടുത്തോളാം.”

ഇതു കേട്ടപ്പോൾ രാജൻ മിഴിച്ചു നോക്കിപ്പോയി. “അങ്ങെന്താണീ പറയുന്നതു്? അങ്ങയുടെ പണം വെറുതെ കിട്ടിയതാണെന്നു ഞാൻ കരുതുന്നില്ല.”

മിസ്റ്റർ ഗോത്ര എന്തോ ചിന്തിച്ചു പുഞ്ചിരിയിട്ടു. എന്നാൽ ആ പുഞ്ചിരി ഒരു ദുഃഖത്തിൻെറ നിഴലുപോ

ലെമാത്രമായിരുന്നു. രാജൻ അയാളുടെ ചുമലിൽ പിടിച്ചു കുലുക്കിച്ചോദിച്ചു—"അങ്ങെന്തിനു കരുതിക്കൂട്ടി നഷ്ടപ്പെടുന്നു?"

"എനിക്കു്....എനിക്കതൊരാശ്വാസമാണു്." മിസ്റ്റർ ഗോത്രയുടെ ശബ്ദം അടിപുഴങ്ങിയപോലെയായിരുന്നു.

"അതെങ്ങനെ?"

മിസ്റ്റർ ഗോത്രയുടെ മുഖം മുമ്പത്തെക്കാൾ ഗൗരവം പൂണ്ടു. താഴത്തെ ചുണ്ടു ശകലം കടിച്ചു പറഞ്ഞു—"കളിയിലെ തോൽവി എനിക്കൊരു തോൽവിയായി തോന്നുന്നില്ല. കാരണം, ജീവിതത്തിൻെറ കളിയിൽ എനിക്കു ഭയങ്കരമായ തോൽവി പററിയിരിക്കയാണു്."

രാജൻെറ കണ്ണുകൾ കൗതുകത്താൽ വിടൎന്നു. മിസ്റ്റർ ഗോത്രയുടെ മൂകമായ മുഖത്തുനിന്നു് ഇങ്ങനെയെന്തെങ്കിലും പുറത്തു ചാടിക്കിട്ടാൻ കാത്തിരിക്കുകയായിരുന്നു അയാൾ.

"അങ്ങു് എന്താണീ പറയുന്നതു്?" രാജൻ ഖേദപൂൎവ്വം ചോദിച്ചു.

പക്ഷേ അടുത്ത നിമിഷത്തിൽ രസഗോത്ര സ്വയം നിയന്ത്രിച്ചു—"ഒന്നുമില്ല. കളിക്കാനിരിക്കാം."

രാത്രി പത്തുമണിക്കു വീട്ടിലേയ്ക്കു മടങ്ങുമ്പോൾ രാജൻ പത്നിയോടു പറയുകയായിരുന്നു—"മിസ്റ്റർ രസഗോത്രയുടെ ജീവിതം സുഖകരമല്ലെന്നതൊരു തികഞ്ഞ പരമാൎത്ഥമാണു്. പക്ഷേ അതിൻെറ കാരണമെന്തെന്നു് എനിക്കിനിയുമറിയാൻ കഴിഞ്ഞിട്ടില്ല."

"ദൈവം എന്തൊരക്രമിയാണ്!" മിസിസ്സ് രാജൻ പറഞ്ഞു—"അയാളുടെ മിസിസ്സിനു് ഒരമ്പതു തികഞ്ഞ മനുഷ്യനെയാണ് കിട്ടിയതു്!"

രാജൻ ചിരിച്ചുകൊണ്ടു പറഞ്ഞു—"പുരുഷൻെറ പ്രായം നോക്കാനില്ല, ഡാർളിങ്ങ്! ഇംഗ്ലീഷിൽ ഒരു ചൊല്ലുണ്ടല്ലോ. 'മാൻ ഈസ് എജ് ഓൾഡ് എജ് ഹി ഫീൽസ് ആൻഡ് ഓമൻ ഈസ് എജ് ഓൾഡ് എജ് ഹി ലുക്ക്സ്.' സ്ത്രീണാം ച ചിത്തം പുരുഷസ്യ ഭാഗ്യം!"

രാജൻെറ കൈയിൽ പിടിച്ചു തൂങ്ങിക്കൊണ്ടു നടന്നിരുന്ന മിസിസ്സ് ഒന്നുകൂടി താഴ്ന്നു പറഞ്ഞു—"എന്നാലും ഇത്രയ്ക്കന്തരമായാലോ? അറുപതു കഴിഞ്ഞ കിഴവനും ഇരുപതിലെത്താത്ത ചെറുപ്പക്കാരി! വാസ്തവത്തിൽ അവളൊരു സുന്ദരിയാണ്. പൗഡറിടേണ്ടയാവശ്യമില്ല—അത്ര നല്ല നിറം. ഇതുവരെ പ്രസവിച്ചിട്ടുമില്ലെന്നു തോന്നുന്നു."

അടുത്ത ദിവസം വൈകുന്നേരം മിസിസ്സ് രാജൻ മിസിസ്സ് ഗോത്രയെ കാണാൻ പോയി. രാജൻ വിചാരിച്ചതു് അവൾ ഒരു മണിക്കൂറിനകം മടങ്ങി വരുമെന്നാണ്. കാത്തു കാത്തു മണി ഏഴായപ്പോൾ അയാൾ തൻെറ പുതിയ സൂട്ടു ധരിച്ചു ക്ലബ്ബിലേയ്ക്കിറങ്ങി.

അത്ര നെടിയതും അത്ര കുറിയതുമല്ലാത്ത ഒരിടത്തരം ശരീരമായിരുന്നു അയാൾക്ക്. അല്പം തടിയും കഷണ്ടിയുടെ തുടക്കവും കൂടിയപ്പോൾ അയാൾക്കൊരന്തസ്സായിത്തോന്നുമായിരുന്നു. എപ്പോഴും ആ മുഖത്തു പ്ര

സന്നതയുടെ പുഞ്ചിരി കളിയാടിക്കൊണ്ടിരിക്കും. തികച്ചും അല്ലലററ ജീവിതമായിരുന്നു അയാളുടേതു്. ഭാര്യ അത്ര വളരെ സുന്ദരിയൊന്നുമായിരുന്നില്ല. എന്നാൽ ഒരസംതൃപ്തിയുമുണ്ടായിരുന്നില്ല. അവൾ അയാൾക്കു കുടിഞ്ഞാണിടാനാഗ്രഹിച്ചിരുന്നുമില്ല. സൗകര്യമുള്ളപ്പോഴൊക്കെ അവരൊന്നിച്ചു നടക്കാൻ പോകും. അയാളുടെ കൈയിൽ കിട്ടുന്ന കാശുമുഴുവൻ ഭാര്യയെ ഏല്പിക്കും. ഇക്കാരണത്താൽ ഇരുവരും തമ്മിൽ വഴക്കു വേണ്ടിവരാറില്ല.

ക്ലബ്ബിൽ ചെന്നപ്പോൾ അവിടെ തൻെറ ഭാര്യയിരിക്കുന്നതു കണ്ടു. മിസിസ്സ് ഗോത്രയുമുണ്ടു് കൂടെ. എന്നാൽ മിസ്റ്റർ ഗോത്രയെ കണ്ടില്ല.

അന്തരീക്ഷത്തിൽ ഒരുണർവുണ്ടായിരിക്കുന്നതുപോലെ തോന്നി. നിശ്ശബ്ദം ചീട്ടുകളിച്ചുകൊണ്ടിരുന്നവർ ഉറക്കെയുറക്കെ തമാശ പറഞ്ഞിരുന്നു. ഹാളിലാകെ അനിയന്ത്രിതമായ ശബ്ദകോലാഹലമായിരുന്നു. മിസിസ്സ് ഗോത്രയുടെ മേക്കപ്പു് ഇന്നു പതിവിലധികം മോടിയിലായിരുന്നു. കൈയില്ലാത്ത ബ്ളൗസിൻെറ ഇരുവശത്തും കൈകൾ മത്സ്യങ്ങളെപ്പോലെ തൂങ്ങിക്കിടന്നിരുന്നു. ലിപ്സ്റ്റിക്കിൻെറ ഇളംചെമപ്പുനിറം ആകർഷകമായിരുന്നു. വലിയ വലിയ പുള്ളികളുള്ള നൈലോൺ സാരിയാണു് ധരിച്ചിരുന്നതു്. അവളുടെ ദൃഷ്ടികൾ ഒരിടത്തും ഉറച്ചിരുന്നില്ല. അവളുടെ വ്യക്തിത്വം അന്തരീക്ഷത്തെയാകെ അടക്കിഭരിക്കുന്നപോലെ തോന്നി.

മിസിസ്സ് ഗോത്രയുടെ കൂടെ ആ പേക്കോലംപോലെയുള്ള ഭർത്താവില്ലാത്തതിൽ കാണികൾക്കൊരാശ്വാസം തോന്നി. അവരുടെ ദൃഷ്ടികൾ അവളുടെ രൂപത്തിൽ തടയററു തടവുകയും സൂക്ഷ്മതത്വങ്ങൾ മനസ്സിലാക്കുകയും ചെയ്തിരുന്നു. വാസ്തവത്തിൽ, അവളുടെ ഭർത്താവു കൂടെയുണ്ടായിരുന്നെങ്കിൽ സാമാന്യമര്യാദയുടെ പേരിൽ ആ കാരണവരെ മാനിക്കേണ്ടിവരുമായിരുന്നു, ഇപ്പോൾ തുറന്നനുഭവിക്കുന്ന മനോല്ലാസം അയാളുടെ സാന്നിധ്യത്തിൽ ഒളിഞ്ഞൊളിഞ്ഞു വേണ്ടിവരുമായിരുന്നു.

ഒരു മനുഷ്യൻ രാജൻെറ തോളിൽ തട്ടിക്കൊണ്ടു പറഞ്ഞു—"ഗുഡ് ന്യൂസ് ഫോർ യൂ!"

"എന്താ?"

"മിസിസ്സ് രസഗോത്രയെ ക്ലബ്ബിൽ കൊണ്ടുവന്നതിൻെറ ക്രഡിററ് നിങ്ങളുടെ മിസിസ്സിനാണ്."

ഈ തമാശ കേട്ടു രാജൻ ഔപചാരികമായി പുഞ്ചിരി തൂകിയെങ്കിലും മനസ്സിലൊരു വിഷമം തോന്നി. മിസ്റ്റർ ഗോത്രയുടെ അസാന്നിധ്യത്തിൽ ക്ലബ്ബിലെ മെമ്പർമാർ എന്തെല്ലാമാണീ പറയുന്നതു്?

അയാൾ പത്നിയെ ഒരു ഭാഗത്തു വിളിച്ചുകൊണ്ടുപോയി ചോദിച്ചു—"ഗോത്ര പുറത്തെവിടെയെങ്കിലും പോയിരിക്കയായിരിക്കും?"

"ഇല്ല, വീട്ടിലുണ്ടു്."

"എന്നാൽ ക്ലബ്ബിൽ വരാത്തതെന്തു്?"

"ദൈവത്തിനറിയാം. അദ്ദേഹത്തിന്റെ മിസിസ്സ് പറയുന്നതു തലവേദനയാണെന്നാണു്. എനിക്കെല്ലാം തെല്ലു കുഴപ്പമായിട്ടാണു് തോന്നുന്നതു്?"

"അതെന്താ?"

"തലവേദനയാണെന്നു പറയുമ്പോഴം മിസിസ്സ് ചിരിക്കുകയായിരുന്നു. ഭർത്താവിനു സുഖമില്ലെങ്കിൽ ഒരു ഭാര്യ ഇങ്ങനെയാണോ?"

പത്നിയുടെ സംശയം നീക്കാൻ രാജൻ പറഞ്ഞു— "മിസിസ്സ് ഗോത്രയുടെ പ്രായമതാണു്. അവൾക്കു് ഒരു കാര്യത്തിൽ ഗൗരവം ഭാവിക്കാൻ സാധിക്കയില്ല." പിന്നെ രണ്ടു നിമിഷം മറ്റെന്തോ സംസാരിച്ചിട്ടു പറഞ്ഞു—"ഞാൻ മിസ്റ്റർ ഗോത്രയെ കാണാൻ പോകുന്നു. നിങ്ങൾ തനിച്ചു പൊയ്ക്കോളൂ."

രാജൻ മിണ്ടാതെ ക്ലബ്ബിൽനിന്നിറങ്ങി. ഉദ്യോഗസ്ഥന്മാരുടെ കോളനി—അവിടെയാണു് മിസ്റ്റർ ഗോത്ര താമസിച്ചിരുന്നതു്—ക്ലബ്ബിൽനിന്നു് അധികം ദൂരെയായിരുന്നില്ല. ഏതാനും മിനുട്ടുകൾക്കകം അയാൾ മിസ്റ്റർ ഗോത്രയുടെ വസതിയിലെത്തി. ഒരു മുറിക്കകത്തു വിളക്കു കത്തുന്നുണ്ടായിരുന്നു. ഗൃഹനാഥൻ ആ മുറിക്കകത്തുതന്നെയായിരിക്കുമെന്നൂഹിച്ചു. വരാന്തയിൽ കയറി മുറിയുടെ വാതില്ക്കൽ മുട്ടി. ഒരു മിനുട്ടു നേരത്തേക്കു മറുപടി കേട്ടില്ല. വീണ്ടും മുട്ടി.

"ആരു്?" ശബ്ദം മിസ്റ്റർ ഗോത്രയുടെതന്നെ. അടച്ച മുറിക്കകത്തുനിന്നായതുകൊണ്ടു് അല്പം മുഴക്കത്തിലായിരുന്നു.

"മിസ്റ്റർ ഗോത്ര, ഞാനാണ്, രാജൻ."

മിസ്റ്റർ ഗോത്ര വാതിൽ തുറന്നു. "വരൂ."

അയാളുടെ വായിൽനിന്നു മദ്യത്തിൻെറ ഗന്ധം വമിച്ചിരുന്നു. രാജനു മനസ്സിലാക്കാൻ പ്രയാസമുണ്ടായില്ല. അല്പം അത്ഭുതഭാവത്തിൽ പുഞ്ചിരി തൂകി. പിന്നെ ഖേദം പ്രകടിപ്പിച്ചു പറഞ്ഞു—"ഞാൻ വിളിക്കാതെ വന്നതു ശരിയായില്ലായിരിക്കാം. എന്നാൽ അങ്ങയുടെ കുശലമന്വേഷിക്കാൻ പുറപ്പെട്ടതാണ്."

"എനിക്കു വിശേഷിച്ചൊന്നുമില്ല."

"അങ്ങു തലവേദനമൂലം ക്ലബ്ബിൽ വന്നില്ലെന്നാണ് ഞാൻ മനസ്സിലാക്കിയതു്." ഉടൻ ഇങ്ങനെയും വിചാരിച്ചു—"ഒരാൾക്കു തലവേദന വന്നാൽ ആരും അന്വേഷിക്കാൻ പോകാറില്ലല്ലോ."

അയാൾ മേശയ്ക്കു മുമ്പിലിരുന്നു. അവിടെ വിസ്കിയുടെ കുപ്പി കിടക്കുന്നുണ്ടായിരുന്നു. ഒഴിച്ചു കുടിച്ചിരുന്ന ഗ്ലാസ്സ് ഏതാണ്ടു കാലിയായിക്കഴിഞ്ഞിരുന്നു.

"നിങ്ങൾക്കും കുടിക്കാം." മിസ്റ്റർ ഗോത്ര അല്പം സങ്കോചപൂർവ്വം പറഞ്ഞു.

"ഞാൻ ഒരു ചെറിയ പെഗ്ഗ് കുടിക്കാം."

"ചെറിയ പെഗ്ഗ്."

"ആദ്യം ചെറുതു മതി." രാജൻ പതുക്കെയൊന്നു ചിരിച്ചു.

മിസ്റ്റർ ഗോത്ര വേലക്കാരനെ വിളിച്ചു ഗ്ലാസ് കൊണ്ടുവരിച്ചു. അയാളുടെ മുഖഭാവം എന്തോ വിഷപ്രശ്നങ്ങളിൽ പെട്ടു കറങ്ങുന്നതായിരുന്നു. അയാളുടെ

മുഖത്തെ നേരിയ രേഖകളിലും കണ്ണുകളിലും കണ്ണുകളുടെ ചുററും ചിലന്തിയുടെ കാലുകൾപോലെ ചിതറിക്കിടന്ന ചുളിവുകളിലും നിശ്ശബ്ദമായ വേദനയുടെ നിഴൽ സ്പഷ്ടമായി വീഴുന്നുണ്ടായിരുന്നു. രാജനതടക്കം വന്നില്ല. അയാൾ പറഞ്ഞു—"ഇന്നും അങ്ങു വളരെ ചിന്തിതനായിട്ടിരിക്കുന്നുവല്ലോ?"

"സോഡയെത്ര ചേക്കണം?" രാജൻെറ ചോദ്യം കേൾക്കാത്ത മട്ടിൽ മിസ്റ്റർ ഗോത്ര ചോദിച്ചു.

"അരഗ്ലാസ്സു നിറച്ചോളു."

ഗ്ലാസ്സിൽ മിസ്റ്റർ ഗോത്ര രണ്ടു തുള്ളിയേ സോഡ പകന്നുള്ളു. രാജനോടു പറഞ്ഞു:

"നിങ്ങൾ കുറെ നീററായിത്തന്നെ കുടിച്ചു നോക്കു."

"ശരിയാണു്. സോഡയധികമായാൽ വിസ്കിയുടെ രുചി കിട്ടില്ല. അങ്ങു നന്നായി കുടിക്കാറുണ്ടെന്നു തോന്നുന്നു?"

മിസ്റ്റർ ഗോത്ര നെടുതായൊന്നു നിശ്വസിച്ചു—'ഇതിനെത്തന്നെയാശ്രയിച്ചാണു് ഞാൻ ജീവിക്കുന്നതെന്നു കരുതിക്കോളു."

"അങ്ങനെയോ?" രാജൻ ഖേദസ്വരത്തിൽ പറഞ്ഞു. എന്നാൽ അടുത്ത നിമിഷത്തിൽ തോന്നി, തികഞ്ഞ ലഹരിയിലായതുകൊണ്ടു മിസ്റ്റർ ഗോത്രയ്ക്കിന്നു നിയന്ത്രിക്കാൻ കഴിയുകയില്ലെന്നു്. അയാൾ ചിന്തിക്കാൻ തുടങ്ങി—നല്ലപോലെ കരുതിയിരിക്കണം. ഞാൻ മാ

ന്തികഴിക്കാൻ നോക്കുകയാണെന്നു തോന്നാൻമാത്രം യാതൊന്നും ചോദിക്കരുതു്. കോടതിയിൽ കക്ഷികളെ വിസ്തരിക്കുന്നതുപോലെ വളച്ചു തിരിച്ചു സംഗതി പുറത്തു ചാടിക്കണം. ഇങ്ങനെ ചിന്തിച്ചുകൊണ്ടു പറഞ്ഞു— "കുറെയൊക്കെ വേദന ഏതു ജീവിതത്തിലുമുണ്ടാകും."

മിസ്റ്റർ ഗോത്രയ്ക്കാവേശം വന്നു—"നിങ്ങൾക്കറിഞ്ഞുകൂടാ മിസ്റ്റർ. നിങ്ങൾക്കു തീരെയറിഞ്ഞുകൂടാ."

എനിക്കങ്ങയോടു സഹാനുഭൂതിയുണ്ടു്."

"എന്നാൽ എന്നോടു സഹാനുഭൂതി കാണിക്കാൻ കടപ്പെട്ടയാൾക്കതു ലവലേശമില്ല." സ്വരം ആന്തരികമായ ആവേശത്താൽ തടയപ്പെട്ടിരുന്നു. രണ്ടു നാലു നിമിഷം മിണ്ടാതിരുന്നിട്ടു നാടകീയമായ വിധം അടിയിലെ ചുണ്ടു കടിച്ചുകൊണ്ടു് എന്തിനെയോ പരിഹസിക്കുന്ന മട്ടിൽ മിസ്റ്റർ ഗോത്ര പറഞ്ഞു—"സഹാനുഭൂതിയെന്നല്ല. വെറുപ്പെന്നാണു് പറയേണ്ടതു്, വെറുപ്പു്!"

രാജനു മനസ്സിലായി, മിസ്റ്റർ ഗോത്രയുടെ ഈ സങ്കേതം കുറിക്കുന്ന വ്യക്തി അയാളുടെ മിസിസ്സല്ലാതെ മററാരുമല്ല. എന്തൊരു വിരോധാഭാസം! മിസിസ്സ് ക്ലബ്ബിലിരുന്നു വിനോദിക്കുന്നു, ഇയാൾ ഇവിടെയിരുന്നു മനഃപ്രയാസം മറക്കാൻ കുടിക്കുന്നു. രാജൻ പറഞ്ഞു— "എനിക്കങ്ങു പറഞ്ഞതു മനസ്സിലായില്ല."

മിസ്റ്റർ ഗോത്ര ഗ്ലാസ്സെടുത്തു് ഒററശ്വാസത്തിൽ ഗ്ലുളുഗ്ലുളെ കുടിച്ചു. പിന്നെ കയ്പു തോന്നിയതിനു ശമനം കിട്ടാനെന്ന മട്ടിൽ തലയ്ക്കു തട്ടി.

ഒരു മിനുട്ടുനേരം സംസാരിച്ചില്ല. അപ്പോൾ രാജൻ വീണ്ടും പറഞ്ഞു—"എനിക്കങ്ങു പറഞ്ഞതു മനസ്സിലായില്ല."

"ഞാനെന്തെങ്കിലും പറഞ്ഞോ?" മിസ്റ്റർ ഗോത്ര ചോദിച്ചു.

"അങ്ങു പറഞ്ഞതു് അങ്ങയോടു സഹാനുഭൂതി കാണിക്കാൻ കടപ്പെട്ടയാൾക്കു് അതു തീരെയില്ലെന്നാണു്."

"അതെ, അതു തികച്ചും ശരിയാണു്. എൻെറ മിസിസ്സു് എന്നെ സ്നേഹിക്കുന്നില്ല. വിവാഹം കഴിഞ്ഞതു മുതൽ............" പെട്ടന്നു് അയാളുടെ ദൃഷ്ടി രാജൻെറ തിനോടിടഞ്ഞു. താൻ പറഞ്ഞുവന്നതു നടുക്കുവെച്ചു നിറുത്തിയിങ്ങനെ സമാപിച്ചു—"ഞാൻ ശരിയാണു് പറഞ്ഞതു്."

"പക്ഷേ എന്താണങ്ങനെ?"

"അവൾക്കു സ്നേഹിക്കാൻ പററിയവനല്ല ഞാൻ." ഇത്തവണ മിസ്റ്റർ ഗോത്രയുടെ സ്വരം തികച്ചും പൊളുച്ചുപോയി. അയാൾ വിവശതയാന്ന കണ്ണുകൾ രാജൻെറ നേക്കുയച്ചു.

രാജൻ ഇരുന്നയിരുപ്പിൽ ഞെട്ടിപ്പോയി. ആ നോട്ടത്തിലുണ്ടായിരുന്ന ദയനീയത കണ്ടപ്പോൾ പിന്നെ വിശദീകരണത്തിൻെറയാവശ്യമുണ്ടായില്ല. ആ നോട്ടത്തിൽ പുംസ്ത്വം നശിച്ചുപോയ ഒരു വികലാംഗനായ മനുഷ്യൻെറ ദീനതയുണ്ടായിരുന്നു.

രാജനു തോന്നി, താൻ മിസ്റ്റർ രസഗോത്രയുടെ മനോവികാരത്തെ ഇങ്ങനെയുണ്ണത്തേന്ദിയിരുന്നില്ലെന്നു്. അയാറം ഇങ്ങനെയൊരു കട്ടത്ത യാഥാർത്ഥ്യത്തെ നേരിടാനൊരുങ്ങിയിരുന്നില്ല. അതേ സമയം താഴോട്ടു നോക്കി ഒരപരാധിതൻെറയപരാധം സ്വീകരിക്കുന്നതു പോലെയിരുന്നു.

രാജൻ നോക്കിയപ്പോറം മിസ്റ്റർ ഗോത്രയുടെ വിറയാന്ന കൈകറം വീണ്ടും വിസ്കിയെ സമീപിക്കുകയായിരുന്നു. കുപ്പി തട്ടി വീണുപോകുമെന്നു തോന്നിയതിനാൽ അയാറംതന്നെ അതെടുത്തു ഗ്ലാസ്സിൽ പകൎന്നു കൊടുത്തു.

"എനിക്കു ഡബിറംപെഗ്ഗ് വേണം." മിസ്റ്റർ ഗോത്ര ആജ്ഞാസ്വരത്തിൽ പറഞ്ഞു. അയാറം കണ്ണുകളടച്ചു തല കസേരയുടെ പിറകിലേയ്ക്കു തൂക്കിയിട്ടു.

# സഹോദരി

## I

അവരിരുവരും മെഡിക്കൽകോളേജിൽ പഠിക്കുകയായിരുന്നു. സതീശൻ നാലാം കൊല്ലം, രജനി മൂന്നാം കൊല്ലവും. സതീശൻ കോളേജിൽ വന്നു് ഒരു കൊല്ലം കഴിഞ്ഞതിനു ശേഷമാണു് രജനി വന്നതു്. എന്നാൽ അവൾ വന്നു് അല്പദിവസങ്ങൾക്കകംതന്നെ ഇരുവരും തമ്മിൽ പരിചയപ്പെട്ടു. ഒരു ദിവസം രജനി അനാട്ടമി ഹാളിൽ മനുഷ്യശരീരത്തിലെ അവയവങ്ങളെക്കുറിച്ചു പഠിക്കുകയായിരുന്നു. അവൾക്കു് ആദ്യമായി ഒരു മനുഷ്യാവയവം കീറിമുറിക്കാൻ കിട്ടി. രണ്ടുപേർക്കുകൂടിയാണു് ആ സാധനം നല്കപ്പെട്ടിരുന്നതു്. എന്നാൽ രജനിയുടെ സഹപാഠിനി അന്നു വന്നിട്ടുണ്ടായിരുന്നില്ല. കോളേജിലെ നിയമം സാധനം കിട്ടിയാൽ അന്നുതന്നെ പ്രവൃത്തി തുടങ്ങണമെന്നാണു്. രജനി അതിനു മുമ്പൊരിക്കലും മനുഷ്യാവയവം കീറിമുറിക്കുകയുണ്ടായിട്ടില്ല.

അവൾക്ക് ആ പണിയിൽ വലിയ വെറുപ്പായിരുന്നു. അതോടൊപ്പം കീറിമുറിക്കുന്ന പണിയിൽ തനിക്കു സാഫല്യം നേടാൻ കഴിയില്ലെന്നൊരു വിചാരവും മനസ്സിൽ സ്ഥലം പിടിച്ചിട്ടുണ്ടായിരുന്നു. ഈ ഭയം അവൾക്ക് മട്രിക്ക് പാസ്സാവുമ്പോഴും ഇൻററിനു പഠിക്കുമ്പോഴുമുണ്ടായിരുന്നു. പക്ഷേ മാതാപിതാക്കളുടെ നിർബന്ധത്തിനു മുമ്പിൽ തലകുനിക്കേണ്ടിവന്നതാണ്.

അന്ന് അവൾ വളരെ വൈകുന്നതുവരെ ശവം കീറാൻ പോയില്ല. ഇതായിരുന്നു പേടി: മററു കുട്ടികൾ അവളുടെ അബദ്ധങ്ങൾ കണ്ടു പരിഹസിക്കും, അവൾ കഴിവില്ലാത്തവളാണെന്നു വെളിപ്പെടും. അതുകൊണ്ടു മററു വിദ്യാത്ഥികൾ താന്താങ്ങളുടെ ജോലികഴിഞ്ഞു സ്ഥലം വിട്ടപ്പോഴാണ് അവൾ ഡിസെക്ഷൻഹാളിൽ (ശവം കീറിപ്പഠിക്കുന്ന മുറിയിൽ) ചെന്നതു്. കത്തിയും കുത്തികളുമെടുത്തു് അവൾ ശവത്തിനടുത്തു ചെന്നു. കൈകാലുകൾ വിറയ്ക്കാൻ തുടങ്ങി. സമാധാനം ഇതു മാത്രമായിരുന്നു—ഒരു ജീവനുള്ള ശരീരമല്ലല്ലോ കീറുന്നതു്. അവൾ ഡിസെക്ഷൻ ഗൈഡ് (ശവം കീറിപ്പഠിക്കാനുള്ള സഹായഗ്രന്ഥം) മുമ്പിൽ മലത്തിവെച്ചു. കത്തി മൂച്ച്പ്പെടുത്തി ശവത്തിൽ പ്രയോഗിക്കാൻ തുടങ്ങുകയായിരുന്നു. ഗൈഡിൽ എഴുതിയിരുന്നു—ആദ്യം തൊലി മുറിക്കണം, അതിനടിയിൽ കൊഴുപ്പു കാണാം. രജനി കരുതി, തൊലിയുടെ അടുക്കു കട്ടിയുള്ളതായിരിക്കും. കത്തിയൊന്നു ബലത്തിൽ താഴ്ത്തി, റൊട്ടി മുറിക്കുന്നമാതിരി! അവൾ തൊലിയെന്നു കരുതിയതു പൊക്കിനോക്കിയപ്പോൾ അസ്ഥിയാണ് കണ്ടതു്.

"രജനി കത്തി മേശപ്പുറത്തു വെച്ചു സ്ംറവുളിന്മേൽ ചിന്താവശയായിട്ടിരുന്നു. പിന്നിൽ ഒരാഠം മധുരമായി ചിരിച്ചുകൊണ്ടു നില്ക്കുന്ന സംഗതി അവഠംക്കറിയാൻ കഴിഞ്ഞില്ല: ഇതിനിടയ്ക്കു മണിയടിച്ചു. ഡിസെക്ഷൻ ഹാഠം പതിനഞ്ചു മിനുട്ടിനുള്ളിൽ അടച്ചുപൂട്ടും. അവഠം സ്ംറവുളിൽനിന്നെണീററു. അപ്പോഴാണ് കണ്ണുകഠം പിന്നിൽ നില്ക്കുന്ന യുവാവിൽ പതിഞ്ഞതു്. അയാഠം അതേപടി ഇപ്പോഴും പുഞ്ചിരിതൂകുന്നുണ്ടായിരുന്നു. അവഠം അയാളെക്കണ്ടു ഭീതിപൂണ്ടു. യുവാവു ശവത്തിൻെറ നേരെ നോക്കി ചോദിച്ചു—"ജൂണിയറാണോ?"

രജനി മിണ്ടാതെ തലയാട്ടി സമ്മതഭാവം പ്രകടമാക്കി. യുവാവു ചിരിച്ചുകൊണ്ടു പറഞ്ഞു—"ഇതു പുല്ലു വെട്ടലാണോ? നിങ്ങഠം തൊലിയും കൊഴുപ്പും മാംസപേശികളും നാഡിഞരമ്പുകളും എല്ലാം ഒന്നിച്ചു വെട്ടി മുറിച്ചല്ലോ!"

"പിന്നെ ഇതിൽ ചിരിക്കാനെന്തിരിക്കുന്നു? നിങ്ങളും ഒരു കാലത്തു ജൂണിയറായിരുന്നില്ലേ?" രജനി അല്പം ക്രോധത്തോടെയാണ് പറഞ്ഞതു്.

യുവാവു് ആ ശവത്തിൽ രജനി കീറിമുറിച്ച ഭാഗത്തു കൈ വെയ്ക്കാൻ ഭാവിച്ചു. അയാളുടെ സംരംഭം കണ്ടു രജനി തടഞ്ഞുകൊണ്ടു പറഞ്ഞു—"അങ്ങനെ കിടന്നോട്ടെ. എനിക്കാവുന്ന മാതിരി ഞാൻ ചെയ്തോളാം. അല്ലെങ്കിൽ നാളെ ട്യൂട്ടറോടു ചോദിച്ചോളാം."

"നിങ്ങഠംക്കു ദേഷ്യംവരുന്നുണ്ടോ?"

“ഇല്ലാതെ? നിങ്ങൾ സീനിയറാണെന്നുവെച്ച് ജൂണിയറെ കളിയാക്കണമെന്നില്ല. കുറച്ച് ദിവസം കഴിയുമ്പോൾ ഞാനും സീനിയറാവും.”

“ക്ഷമിക്കണം. ഞാൻ തമാശ പറഞ്ഞതാണ്. ഞാൻ ഒരിക്കലും ജൂണിയറെ വെറുക്കുന്നില്ല, ആക്ഷേപിക്കുന്നില്ല. നിങ്ങൾ ഞാൻ പറഞ്ഞതു സീരിയസ്സായി (കാര്യമായി)ട്ടെടുക്കുകയാണോ?”

“നിങ്ങളുടെ പെരുമാററം മററാരാൾ എങ്ങനെയാണ് ധരിക്കുക?”

“ഞാൻ ഇതിൽ ഖേദിക്കുന്നു. സംഗതിയിതേയുള്ളൂ. നമ്മുടെ ലൈൻ വളരെ ശുഷ്കവും നീരസവുമാണ്! ഇടയ്ക്കല്പം ചിരിക്കുകയും വിനോദിക്കുകയും ചെയ്യില്ലെങ്കിൽ മുന്നോട്ടു പോകാൻ പ്രയാസമാകും.”

രജനി മൗനംപൂണ്ടു.

“നിങ്ങൾക്കു മനസ്സിലാകുന്നുണ്ടെന്നു വിചാരിക്കുന്നു.”

“ഉവ്വ്, എനിക്കിപ്പോൾ മനസ്സിലാവുന്നുണ്ട്.”

“ക്ഷമിക്കില്ലേ?”

“മറന്നേയ്ക്കണം.”

“ശരി, ഇപ്പോൾ സമയമായി. നാളെ നേരത്തെ നിങ്ങൾക്കു വരാനൊക്കുമെങ്കിൽ ഞാൻ ഈ ഭാഗത്തിന്റെ ഡിസെക്ഷൻ മനസ്സിലാക്കിത്തരാം.”

“നന്ദി!”

“അപ്പോൾ അതു മനസ്സിലാക്കുന്ന കാര്യം തീരുമാനിച്ചില്ലേ?”

"ഉവ്വ്."

"ഇതാണ് ശരി. ഒരു മെഡിക്കൽ സ്റ്റുഡൻറിന് ഇതേ ഗുണമാണ് വേണ്ടത്. എൻെറ പേരറിയണ്ടേ?"

"പറഞ്ഞാൽ കേൾക്കാം."

അയാൾ കാർഡു നീട്ടിക്കൊണ്ടു പറഞ്ഞു.—"സതീശൻ!"

രജനി കാർഡു വാങ്ങി കീസയിൽ വെച്ചു.

"നിങ്ങളുടെ കാർഡ്?" സതീശൻ ചോദിച്ചു:

"എൻെറ കൈയിൽ കാർഡില്ല. ഞാൻ ജൂണിയറാണ്. ബി. എസ്സ്‌സി.യല്ലതാനും." രജനി ചിരിച്ചുകൊണ്ടു പറഞ്ഞു—

"പേരുണ്ടായിരിക്കുമല്ലോ?" സതീശൻ അല്പം സങ്കോചത്തോടെ ചോദിച്ചു.

"രജനി."

"ഇരുണ്ടതോ തെളിഞ്ഞതോ?" സതീശൻ ചിരിച്ചുകൊണ്ടു ചോദിച്ചു.

രജനി മൗനംപൂണ്ടു.

അന്നുമുതൽ രണ്ടുപേക്കും തമ്മിൽ മൈത്രിക്കുള്ള കളമൊരുങ്ങി.

ശവം കീറുന്നതിൽ രജനിക്കു വലിയ ഭയമായിരുന്നു. അവൾക്കു പരീക്ഷയിൽ ജയിക്കുന്ന കാര്യം ആശിക്കാൻപോലും സാധ്യമായിരുന്നില്ല. എന്നാൽ സതീശൻ അവളുടെ മനസ്സിൽനിന്നു് ആ ഭയം നീക്കിക്കളഞ്ഞു.

അയാളുടെ സഹായത്താൽ രജനി അനാട്ടമിയിൽ പ്രശസ്തമായ വിജയംനേടി.

രജനീസതീശന്മാരുടെ പരിചയം മൈത്രിയായി പരിണമിച്ചു. മൈത്രി സ്നേഹത്തിൻെറയും സ്നേഹം പ്രേമത്തിൻെറയും രൂപം പൂണ്ടു. രണ്ടുപേരും പരസ്പരം പ്രേമിക്കാൻ തുടങ്ങി. സതീശൻെറ പ്രേമം നിയന്ത്രണാതീതമായിരുന്നു. അതിനു് ഏററിറക്കങ്ങളുണ്ടായിരുന്നു. ചിലപ്പോഠം ആ പ്രേമം ഭ്രാന്തിൻെറ രൂപം ധരിക്കും, ചിലപ്പോഠം ഉദാസീനമായി മാറും. എന്നാൽ രജനിയുടെ പ്രേമം പ്രശാന്തവും പ്രതിദിനം വളൎന്നുവരുന്നതുമായിരുന്നു. അതിൽ ഒരിടത്തും ശൈഥില്യമുണ്ടായിരുന്നില്ല. ആ പ്രേമബന്ധം മറെറാരാഠം പൊട്ടിച്ചു് അകത്തു കടക്കുമെന്നു ഭയപ്പെടാനില്ലാത്തവിധം സുദൃഢമായിരുന്നു. അവഠംക്കു സതീശൻെറ പ്രേമത്തെക്കുറിച്ചറിയാമായിരുന്നു. ചിലപ്പോഠം അയാളിൽ സന്ദേഹം തോന്നിയിരുന്നു. ചിലപ്പോഠം അയാളുടെ പ്രേമത്തെക്കുറിച്ചു സംശയം തോന്നിയിരുന്നു. എന്നാൽ ഉടൻതന്നെ അവഠം ഈ കാര്യങ്ങഠം മറന്നുകളയുമായിരുന്നു. സതീശൻ ഡോക്ടറായാലുടൻ രജനിയോടുള്ള പ്രണയബന്ധം സ്ഥിരീകരിക്കുമെന്നു വാക്കു കൊടുത്തിട്ടുണ്ടായിരുന്നതിനാൽ അവഠംക്കു് ഈവക കാര്യങ്ങളെക്കുറിച്ചു ചിന്തിക്കാനുണ്ടായിരുന്നില്ല. ആ സന്ദഭം വന്നെത്താൻ ഏതാനും മാസങ്ങഠംമാത്രമേ ബാക്കിയുണ്ടായിരുന്നുള്ളു.

രജനിയുടെ മാതാപിതാക്കഠം ഇതിനിടയ്ക്കു മരിച്ചു കഴിഞ്ഞിരുന്നു. അവർ രണ്ടു സഹോദരിമാരുണ്ടായിരു

നു. അനുജത്തിയായ ലത സ്വന്തം നഗരത്തിൽത്തന്നെ ഇൻററർസയൻസിനു പഠിക്കുകയായിരുന്നു. രജനിയുടെ പിതാവു ധാരാളം സമ്പാദിച്ചിട്ടുണ്ടായിരുന്നു. അതുകൊണ്ടാണു് രജനി തൻെറയും ലതയുടെയും ചെലവുകൾ നടത്തിയിരുന്നതു്. അവൾ ഇതുവരെ ലതയെ ബോംബെയിൽ കൊണ്ടുവന്നിട്ടുണ്ടായിരുന്നില്ല. കാരണം അവൾക്കറിയാമായിരുന്നു ലതയുടെ സ്വഭാവം ചഞ്ചലമാണെന്നു്. ബോംബെയിലെ അന്തരീക്ഷം ലതയ്ക്കു ദൂഷിതമായിത്തീരുമെന്നു്. അതുകൊണ്ടു് അവൾ ഒഴിവുകാലത്തു വീട്ടിൽ വന്നു ലതയുടെ കൂടെ കുറച്ചു ദിവസം താമസിച്ചു പോവുകയായിരുന്നു പതിവു്.

ലത അടുത്ത കാലത്തു് ഇൻറർമീഡിയററ് പാസായിരിക്കുന്നു. രജനിക്കാഗ്രഹമുണ്ടായി അവളെ ഒരു ബി. എസ്സ്സി. ആക്കണമെന്നു്. കാരണം, ഡോക്ടർ പഠിക്കണമെങ്കിൽ ബോംബെയിൽ വരണം. ലതയുടെ വിചാരം ഡോക്ടർ പഠിക്കണമെന്നായിരുന്നു. രജനി അവൾക്കു കത്തെഴുതി വളരെയുപദേശിച്ചു, ഡോക്ടർ പഠിക്കേണ്ടെന്നു്. വീട്ടിൽ ഒരു ഡോക്ടർ മതി. ബി. എസ്സ്സി. ക്കുശേഷം ഇംഗ്ലണ്ടിലേയ്ക്കയയ്ക്കാമെന്നുപോലും പ്രലോഭിപ്പിച്ചു. ലത ആ കത്തിനു മറുപടിയൊന്നും എഴുതിയില്ല. തന്മൂലം രജനി കരുതിയതു് അവൾ തൻെറയുപദേശം സ്വീകരിച്ചുവെന്നാണു്. പക്ഷേ രണ്ടു ദിവസത്തിനുശേഷം ലതയുടെ ഒരു കമ്പി അവൾക്കു കിട്ടി. അതിൽ എഴുതിയിരുന്നു—"ബോംബെയ്ക്കു വരുന്നു. രാത്രിയിലെ എക്സ്പ്രസ്സിനെത്തും. സ്റ്റേഷനിൽ വരണം."

രജനി എന്തു ചെയ്യും? സ്റ്റേഷനിലേയ്ക്കു പോകാൻ വട്ടം കൂട്ടി. ഇതിനിടയ്ക്കു സതീശനും വന്നെത്തി.

"ഇത്ര തിടുക്കത്തിൽ എവിടേയ്ക്കു പോകാനാണൊരുങ്ങുന്നതു്?" അയാഠം രജനിയോടു ചോദിച്ചു—

"ഇതു വായിക്കു." രജനി കമ്പിക്കത്തു സതീശന്റെ കൈയിൽ കൊടുത്തു. കമ്പി വായിച്ച സതീശൻ ചോദിച്ചു—"ഈ ലത ആരാണു്?"

"എന്റെ സഹോദരി."

"സഹോദരിയോ?"

"അതേ."

"എന്നാൽ ഇതുവരെ നിങ്ങഠംക്കൊരു സഹോദരിയുള്ള കാര്യം പറയുകയുണ്ടായില്ലല്ലോ."

"കുറച്ചു ദിവസത്തിനുള്ളിൽ നിങ്ങളെ വീട്ടിൽ കൊണ്ടുപോകുമ്പോഠം കാണിച്ചുതരാമെന്നു വിചാരിക്കയായിരുന്നു."

"അനുജത്തിയാണോ?"

"അതെ."

"അവിവാഹിത?"

"ഞാനും അങ്ങനെതന്നെ." രജനി ചിരിച്ചുകൊണ്ടു പറഞ്ഞു.

"ഇവിടെ എന്തിനു വരുന്നു? ബോംബെ കാണാനായിരിക്കും?"

"അറിഞ്ഞുകൂടാ. ഈ കമ്പിയിലുള്ളതേ എനിക്കറിവുള്ളൂ."

രണ്ടുപേരും കൂടി സ്റ്റേഷനിലേയ്ക്കു പോയി. ലത വന്നു.

"ഇദ്ദേഹം സതീശൻ—എൻെറയൊരു സുഹൃത്തു്." രജനി സതീശനെ ചൂണ്ടി ലതയോടു പറഞ്ഞു. ലത സതീശൻെറ നേരെ നോക്കി. സതീശൻ ലതയുടെ നേരെയും. രണ്ടുപേരും പരസ്പരം കൈകൊടുത്തു. ലത സതീശൻെറ നേരെ നോക്കി ചിരിച്ചു. സതീശനും ലതയുടെ നേരെ നോക്കി ചിരിച്ചു.

II

രണ്ടു ദിവസത്തിനുശേഷം മൂന്നുപേരും രജനിയുടെ മുറിയിൽ ചായ കുടിച്ചുകൊണ്ടിരിക്കുകയായിരുന്നു. സതീശൻ രജനിയുടെയും ലതയുടെയും നേക്കു മാറി മാറി നോക്കിയിരുന്നു. ഇരുവരും സഹോദരിമാർ, ഇരുവരും സുന്ദരിമാർ, ഇരുവരും വിദ്യാഭ്യാസമുള്ളവർ, ഇരുവരുടെയും വാക്കിൽ മാധുര്യമുണ്ടു്, ദൃഷ്ടിയിൽ മാദകതയുണ്ടു്. പക്ഷേ സതീശൻ ലതയെയാണു് കൂടുതൽ നോക്കിയിരുന്നതു്. അയാൾ ഒരിക്കലും രജനിയിൽ കണ്ടിട്ടില്ലാത്ത എന്തോ ഒന്നു ലതയിലുണ്ടായിരുന്നു. അവളിൽ എന്തൊരാകർഷണമാണുണ്ടായിരുന്നതെന്നറിഞ്ഞുകൂടാ, സതീശൻ അവളിലേയ്ക്കാകർഷിക്കപ്പെടുകയായിരുന്നു.

"ലതയിവിടെ ഇനിയെത്ര ദിവസമുണ്ടായിരിക്കും?" സതീശൻ രജനിയോടു ചോദിച്ചു.

"ഞാനെന്തു പറയും? അവൾ വരുന്ന വിവരം അറിഞ്ഞു, പോകുന്ന വിവരമറിഞ്ഞില്ല."

"അറിഞ്ഞിട്ടുണ്ടു്." ലത ചിരിച്ചുകൊണ്ടു പറഞ്ഞു.

"എന്തു്?" സതീശൻ ലതയോടു ചോദിച്ചു.

"ഞാൻ ഇവിടെനിന്നു പോകുന്നില്ല."

"വളരെ നല്ലതു്."

"സതീശൻ—" രജനി പറഞ്ഞു.

"എന്തു്?"

"ലത പറയുന്നതു വിശ്വസിക്കരുതു്."

"എന്തുകൊണ്ടു്?"

"ലതയിവിടെ താമസിക്കുന്നതു് എനിക്കിഷ്ടമല്ല. ഞാൻ അവളെ ബി. എസ്സ്.സി.ക്കു പഠിപ്പിക്കാൻ ഏർപ്പാടുചെയ്തിരിക്കുകയാണു്."

"അവൾ ഇവിടെ താമസിച്ചു പഠിക്കാനാണാഗ്രഹിക്കുന്നതെങ്കിൽ നിങ്ങൾക്കെന്താണു് കുഴപ്പം?"

"ഞാൻ അവളുടെ ഗാർഡിയ(രക്ഷകർത്താവു്)നാണു്. എനിക്കിഷ്ടമുള്ളിടത്തു് അവളെ പഠിപ്പിക്കാനവകാശമുണ്ടു്."

"നിങ്ങൾക്കവകാശമുണ്ടു്, ശരി. പക്ഷേ........"

ഇതിനിടയിൽ ലത ചിരിച്ചുകൊണ്ടു പറഞ്ഞു—"മതി, ഇപ്പോൾത്തന്നെ നിങ്ങൾ എൻെറ പേരിൽ വഴക്കടിക്കണ്ടോ. കുറച്ചു ദിവസങ്ങൾ കഴിഞ്ഞു് അതു തീരുമാനിക്കാം. എനിക്കിന്നു കപ്പൽ കാണാൻ പോകണമെന്നുണ്ടു്. ചേച്ചീ, വരാമോ കൂടെ?"

"എനിക്കിന്നു് ആശുപത്രിയിൽനിന്നൊഴിവു കിട്ടുകയില്ല. ഇനിയൊരിക്കൽ പോകാം." രജനി പറഞ്ഞു.

"സതീശനോ?"

"സതീശനു പരീക്ഷയടുത്തിരിക്കുന്നതുകൊണ്ടു സമയമെവിടെ കിട്ടും?"

ലത സതീശന്റെ നേരെ നോക്കി. സതീശൻ രജനിയുടെ നേരെ നോക്കിപ്പറഞ്ഞു—"ഇന്നു ലതയുടെ കൂടെ പോകാം. അവൾക്കു ദിവസേന കപ്പൽ കാണാൻ പോകണ്ടല്ലോ. ഞാൻ രാത്രി ഒരു മണിക്കൂർകൂടി ഉറക്കമൊഴിച്ചോളാം."

രജനി കടക്കണ്ണുകളാൽ സതീശന്റെ നേരെ നോക്കി. അവളുടെ നോട്ടത്തിൽ രോഷവും വേദനയും പ്രകടമായിരുന്നു. സതീശൻ അങ്ങോട്ടു നോക്കിയില്ല. അയാൾ ലതയോടു ചോദിച്ചു—"പോവുകയല്ലേ?"

"തീർച്ചയായും."

"എന്നാൽ പുറപ്പെട്ടോളൂ. താഴെ ചെന്നു ടാക്സിയെടുക്കാം. രജനീ, നിങ്ങളുമുണ്ടെങ്കിൽ വരൂ. ആശുപത്രിക്കടുത്തു ചെന്നിറങ്ങാം."

ലതയും സതീശനും തനിച്ചു പോകുന്നതു രജനിക്കിഷ്ടമായില്ല. താനും കൂടെപ്പോയാലോ എന്നു് അവൾക്കു തോന്നി. പക്ഷേ ആദ്യംതന്നെ സമയമില്ലെന്നു പറഞ്ഞുകഴിഞ്ഞു. അവൾ അവരുടെ കൂടെ ആശുപത്രിവരെ പോകാനും തയാറായില്ല.

## III

വളരെ ദിവസം ഇതേമാതിരി കഴിഞ്ഞു. രജനി പറഞ്ഞിട്ടും ലത ഇതുവരെ ബോംബെയിൽനിന്നു പോയിട്ടില്ല.

അന്നു് അധികരിച്ച ചിന്തയും ക്ഷോഭവുംകൊണ്ടു രജനിക്കു തലവേദനയെടുക്കുന്നുണ്ടായിരുന്നു. അവൾ ലതയോടു കടൽപ്പുറത്തു നടക്കാൻ പോകാമെന്നു പറഞ്ഞു. എന്നാൽ ലത സമ്മതിച്ചില്ല.

"ലതയ്ക്കു ഞാനെന്തെങ്കിലും പറഞ്ഞാൽ ലവലേശം ശ്രദ്ധയില്ലല്ലോ." രജനി പരാതിപ്പെട്ടു.

"ഇല്ലാതെന്തു്?" ലത മറുപടി കൊടുത്തു. "പക്ഷേ ഇപ്പോൾ പോരാൻ എനിക്കിഷ്ടമില്ല."

"ഇവിടെ എന്തു ചെയ്യാൻ പോകുന്നു?"

"ഇരിക്കും, കിടക്കും. പാടും, ചൂളംവിളിക്കും. പിന്നെ മിണ്ടാതിരിക്കും. ചെയ്യാനെന്താണില്ലാത്തതു്?"

"നീയിപ്പോൾ ഒരു പ്രശ്നമായിരിക്കയാണു്."

"അതെന്തു്?"

"നീ ബോംബെ വിട്ടുപോകാനിഷ്ടപ്പെടാത്തതെന്തു്?"

ലത മിണ്ടിയില്ല.

"പറയൂ." രജനി നിർബ്ബന്ധിച്ചു.

"വെറുതെ."

"വെറുതെയെന്നു പറഞ്ഞാൽ ഒരു കാരണവുമില്ലേ?"

"കാരണമുണ്ടാവാം, ഇല്ലെന്നും വരാം."

"തുറന്നു പറയാത്തതെന്തു്?"

"എന്തു്?"

"സതീശൻ........"

"അതെ."

"ഇങ്ങനെയൊരുങ്ങരുതു്. നിൻെറയീ പെരുമാററം എനിക്കെന്തൊണുണ്ടാക്കുന്നതെന്നു നിനക്കറിഞ്ഞുകൂടാ."

"ചേച്ചിക്കു്?"

"അതെ, എനിക്കു്. നിനക്കു പക്ഷെ അതു മനസ്സിലാക്കാനാവില്ല."

IV

രജനി മലബ്ബാർ ഹില്ലിലേയ്ക്കു പോവുകയായിരുന്നു. വാഹനമൊന്നും പിടിച്ചില്ല, നടന്നുതന്നെ പോവുകയായിരുന്നു. താൻ എങ്ങോട്ടാണു് പോവുന്നതെന്നു് അവൾക്കറിഞ്ഞുകൂടായിരുന്നു. എത്രയോ കാലത്തെ നിഷ്ഠയുടെ ഫലമായിട്ടാണു് അവൾക്കു സതീശനെ ലഭിച്ചതു്. സതീശൻെറ സഹായത്താൽത്തന്നെ അവൾ അനേകമനേകം സങ്കല്പഭവനങ്ങൾ നിർമ്മിച്ചുകഴിഞ്ഞിരുന്നു. സതീശൻെറ സഹകരണത്താൽത്തന്നെ അവൾ സ്വപ്നങ്ങളുടെ ഒരു സാമ്രാജ്യം കൈയടക്കി വെച്ചിരുന്നു. പക്ഷേ അതെല്ലാം ഇപ്പോൾ നശിക്കാൻ പോവുകയാണു്. തൻെറ സങ്കല്പഭവനങ്ങൾ പതുക്കെപ്പതുക്കെ തകൎന്നു വീണുകൊണ്ടിരിക്കയാണെന്നു്, തൻെറ സ്വപ്നസാമ്രാജ്യം നശിച്ചുകൊണ്ടിരിക്കയാണെന്നു്, അവൾക്കു മനസ്സിലാകാൻ തുടങ്ങിയിരിക്കുന്നു. ഇത്രയേറെ ദിവസങ്ങളാൽ തനിക്കു സ്വന്തമാക്കാൻ കഴിഞ്ഞ പുരുഷൻ ഇപ്പോൾ അപഹരിക്കപ്പെടുകയാണു്—താൻ പ്രാണനെപ്പോലെ പ്രി

യപ്പെട്ടവളെന്നു കരുതി അത്യധികം സ്നേഹിച്ചു വളർത്തി ക്കൊണ്ടുവന്ന സഹോദരിയാൽ അപഹരിക്കപ്പെട്ടുവെ ന്നതാണു് കൂടുതൽ ഖേദകരമായ സംഗതി. അവൾ ഇ തേ വിചാരങ്ങളാൽ തല പുണ്ണാക്കിക്കൊണ്ടു നടന്നുപോ കുമ്പോൾ അടുത്തുകൂടെ ഒരു കാറു കടന്നുപോയി. നോക്കി, അതിൽ മററാരുമല്ല, സതീശനും ലതയുമാണകത്തിരി ക്കുന്നതു്. അവളുടെ കാലുകൾ മുന്നോട്ടു നീങ്ങിയില്ല. അടുത്തുതന്നെ ഫുട്പാത്തിൽ ഒരു ബെഞ്ചു കിടന്നിരു ന്നു. അവൾ വേച്ചു വേച്ചു് അതിൽ ചെന്നിരുന്നു.

അവൾക്കിന്നു മനസ്സിലായി—ലോകം എത്ര നി ഷ്ഠുരമാണു്, കൃത്രിമമാണു്; കാപട്യപൂർണ്ണമാണു്! ഇതുവ രെ അവൾ ജീവിതത്തിൽ പ്രയാസങ്ങളനുഭവിച്ചിട്ടില്ല. ജീവിതം സുരഭിലസുമങ്ങൾ നിറഞ്ഞ ഒരു സുന്ദരോദ്യാ നമാണെന്നാണു് അവൾ കരുതിയിരുന്നതു്. ഇന്നു് അ വൾക്കു മനസ്സിലായി ഓരോ സുമത്തിന്റെയും കീഴിൽ ഓരോ മുള്ളുകൂടി മറഞ്ഞിരുപ്പുണ്ടെന്നു്. ഭാഗ്യശാലികളു ടെ കൈകളിൽ അതു കുത്തിക്കൊള്ളുന്നില്ലെന്ന കാര്യം വേറെ. ഭാഗ്യംകെട്ടവർക്കാണു് അതിനിരയാവേണ്ടിവരു ന്നതു്. ചിന്തകളങ്ങനെ തീവണ്ടിപോലെ ഇരച്ചുപാഞ്ഞു കയായിരുന്നു. ബാല്യകാലത്തെക്കുറിച്ചുള്ള സ്മരണകൾ —സുഖസമൃദ്ധമായ വീട്ടിൽ താൻ സ്വച്ഛയം വിഹരിച്ചു കൊണ്ടിരിക്കുന്നതായിട്ടവൾ കണ്ടു. യൗവനകാലത്തെ സ്മരണകൾ—ആദ്യം സഹോദരിയുടെ സാന്നിധ്യത്തി ലും പിന്നീടു സതീശന്റെ സാന്നിധ്യത്തിലും അവൾ സുഖമനുഭവിച്ചിരുന്നു. പിന്നെ ആ അടുത്തുകഴിഞ്ഞ ദി

വസങ്ങളെക്കുറിച്ചോക്കുമ്പോഠം—അവഠം അതേ സഹോ ദരിയും കാമുകനും മൂലംതന്നെ സന്താപസങ്കുലമായ ജീ വിതം കഴിച്ചുകൂട്ടുകയായിരുന്നു.

രജനി ഇതേ ചിന്തകളിൽ മുഴുകിയിരിക്കുമ്പോഠം മുമ്പിലൂടെ വന്ന കാറിൽ വീണ്ടും ലതയും സതീശനും പ്ര ത്യക്ഷപ്പെട്ടു. ഇരുവരെയും കണ്ടു് അവളുടെ ആത്മാവു് അസൂയപ്പെടുവാൻ തുടങ്ങിയതുപോലെ തോന്നി. മന സ്സിൽ എന്തോ കിടന്നു പിടയാൻ തുടങ്ങി. ആദ്യം സ തീശനിലും പിന്നീടു ലതയിലും കുമഞ്ഞു കുമഞ്ഞു കോ പം കയറാൻ തുടങ്ങി. പ്രതികാരത്തിൻെറ നാളങ്ങഠം ഹൃദയത്തിൽ നാമ്പെടുക്കാൻ തുടങ്ങി. അവഠം അന്വേ ഷിച്ചു, ഒരു ടാക്സി കിട്ടിയെങ്കിൽ കയറി അവരെ പിന്തു ടരാമായിരുന്നു. പക്ഷേ ടാക്സി കിട്ടിയില്ല. ഗത്യന്തരമി ല്ലാതെ ചൗപ്പാത്തിയിലേയ്ക്കിറങ്ങി. അവിടെനിന്നു ബ സ്സിൽക്കയറി വീട്ടിലേയ്ക്കു തിരിച്ചു. അവഠംക്കെങ്ങനെ യോ ഉറപ്പു തോന്നി, അവർ അങ്ങോട്ടുതന്നെയായിരി ക്കും പോയിരിക്കുകയെന്നു്.

വീട്ടിലെത്തി, വാതിലടച്ചിരുന്നു. അകത്തു വെളി ച്ചമുണ്ടായിരുന്നു. പഴുതിലൂടെ നോക്കി, ലത മേശപ്പുറ ത്തിരിക്കുന്നു. സതീശൻ മേശയിൽച്ചാരി അവളോടു ചേ ന്നുനില്ക്കുന്നു. ഇരുവരും സംഭാഷണത്തിലാണു്. രജനി കേഠംക്കാൻ തുടങ്ങി—

"ഇങ്ങനെ പറയരുതു്." സതീശൻ പറഞ്ഞു.

"എന്തുകൊണ്ടു്?"

“കാരണം, എൻെറ ഹൃദയം തകൻുപോകും, ഒപ്പം തന്നെ നിങ്ങളുടെയും.”

“എനിക്കറിയാം. പക്ഷേ രജനിക്കു ഹൃദയമുണ്ടു്. അവളെക്കുറിച്ചു നിങ്ങഠം ചിന്തിക്കാത്തതെന്തു്?”

“ഞാൻ വളരെ ചിന്തിച്ചു, പക്ഷേ, ലതേ, നിങ്ങഠംക്കെല്ലാമറിയാം. നിങ്ങളില്ലാതിരുന്നപ്പോളെല്ലാം ശരിയായിരുന്നു. എന്നാൽ ഇപ്പോഠം സംഗതി മറിച്ചാണു്. രജനിക്കു് എൻെറ ഹൃദയത്തിൽ ഒരു പ്രത്യേകമായ സ്ഥാനമുണ്ടു്. പക്ഷേ വാസ്തവത്തിൽ ഞാനവളെ സ്നേഹിച്ചിരുന്നോ എന്ന കാര്യത്തിൽ സന്ദേഹമാണു്. പ്രേമം—യഥാൎത്ഥപ്രേമം എന്താണെന്നു നിങ്ങളെ കാണുന്നതിനുമുമ്പു് എനിക്കറിഞ്ഞുകൂടായിരുന്നു. ഇതുവരെ ഒന്നും പിഴച്ചിട്ടില്ല. രജനിക്കിനിയും മററാരെയെങ്കിലും........”

“ഇല്ല സതീശാ, ചേച്ചിയെ ഞാനറിയുന്നമാതിരി നിങ്ങളറിയില്ല. ഈ സംഭവം അവളുടെ അവസാനമെത്തിക്കും. സംഗതി ഇവിടംവരെ വന്നെത്തുമെന്നു് ഞാൻ കരുതിയില്ല. എങ്കിൽ ഒരു ദിവസംപോലും ബോംബെയിൽ താമസിക്കില്ലായിരുന്നു. നിങ്ങളോടടുക്കാൻ........”

“പക്ഷേ വരാനുള്ളതു വന്നുകഴിഞ്ഞു.”

“ഇതുപോലെതന്നെ ഇനി ഒരു കാര്യംകൂടി നടന്നുകൂടായ്കയില്ല.”

“ഇനിയൊരു കാര്യം?”

“അതെ”

“അതെന്താണു്?”

"നിങ്ങളും രജനിയും തമ്മിലുള്ള വിവാഹം."

"ഒരിക്കലുമില്ല."

"എന്തുകൊണ്ടില്ല?"

"അതുകൊണ്ടു നാം മൂന്നുപേരുടെയും ജീവിതങ്ങൾ നശിക്കും. ഞങ്ങൾക്കു സുഖമുണ്ടാവില്ലെന്നുതന്നെയല്ല, നിങ്ങൾക്കും."

"എന്നാൽ ഞാനും നിങ്ങളും തമ്മിലുള്ള വിവാഹവും നടക്കാൻ പോകുന്നില്ല. എന്നെ ഇത്രത്തോളമെത്തിച്ച ചേച്ചിയെ ദുഃഖിക്കാൻ തള്ളിവിട്ട് എനിക്കു നിങ്ങളോടുകൂടി സുഖിച്ചിരിക്കാൻ പററില്ല."

"രജനിക്കെല്ലാം മനസ്സിലാകും. അവൾക്കു നമ്മോടു പൊറുക്കാനാവും. ഒരു ജീവിതത്തിനു വേണ്ടി മൂന്നു ജീവിതങ്ങൾ നശിപ്പിക്കരുത് ലതേ."

"ഈ എൻെറയും നിങ്ങളുടെയും ജീവിതമെന്താണ്? ഒന്നോ രണ്ടോ കൊല്ലം ഒന്നിച്ചു താമസിച്ചു കഴിയുമ്പോൾ നാം ഇന്നാശിക്കുന്നത്ര സുഖത്തോടെ ജീവിക്കാൻ എനിക്കും നിങ്ങൾക്കും കഴിയുമെന്നാക്കറിയാം? നമ്മുടെ ജീവിതങ്ങളിൽ നിഷ്കർഷയും ത്യാഗത്തിനും ഒരു മുഖ്യമായ സ്ഥാനമുണ്ട്. ഒന്നുകിൽ രജനി ആ ത്യാഗം ചെയ്യണം. അല്ലെങ്കിൽ ഞാൻ."

"നിങ്ങൾ?"

"അതേ."

"ലതേ?"

"ഇതു് എൻെറ ഒടുവിലത്തെ നിശ്ചയമാണ്, സതീശാ. ഞാൻ നാളെ ഇവിടെനിന്നു പോവുകയാണ്."

നിങ്ങറം ഇപ്പോറം പൊയ്ക്കോളൂ. എന്നെന്നേയ്ക്കുമായി പൊയ്ക്കോളൂ. ഇനിയൊരിക്കലും എന്നെ കാണണ്ടാ. ഒരിക്കലും ഈ ദിവസങ്ങളെക്കുറിച്ചോർക്കണ്ടാ. ഒരു സ്വപ്നം കണ്ടുണന്നതുപോലെ വിചാരിച്ചാൽ മതി. രജനിയോടും അതേ മാതിരി........" ഇതു പറഞ്ഞു ലത നിറഞ്ഞ കണ്ണുകളാൽ സതീശൻെറ നേക്കു നോക്കി.

രജനി എല്ലാം കേട്ടു. അവറം സ്തംഭിച്ചു നിന്നുപോയി. അവളുടെ കോപം തണുത്തു. പ്രതികാരം പറപറന്നു. ലതയുടെ ഹൃദയം ഇത്ര വിശാലമായിരിക്കുമെന്നു് അവളറിഞ്ഞിരുന്നില്ല. ലതയുടെ നേരെ സ്നേഹത്തിൻെറയൊരു വേലിയേററമുണ്ടായി. അവറം കരയാൻ തുടങ്ങി. രണ്ടു മിനുററുനേരം വാതിൽപ്പഴുതിലൂടെ ലതയെയും സതീശനെയും ബഹുമാനപൂർവ്വം നോക്കിനിന്നു. പിന്നെ കണ്ണീരൊഴുക്കിക്കൊണ്ടു താഴോട്ടിറങ്ങി ഇരുളിൽ മറഞ്ഞു.

## V

അടുത്ത ദിവസം വത്തമാനപ്പത്രങ്ങളിൽ ഇങ്ങനെയൊരു വാത്ത വന്നു—

"മെഡിക്കൽ കോളേജിലെ രജനിയെന്ന ഒരു വിദ്യാത്ഥിനി സമുദ്രത്തിൽ മുങ്ങി മരിച്ചു. ഇതുവരെ ശവം കിട്ടീട്ടില്ല. കുറെ വസ്ത്രങ്ങളും ഒരു കത്തും ജുഹുവിൽ കരയ്ക്കു കിടന്നു കിട്ടീട്ടുണ്ടു്."

ഈ വാത്ത വായിച്ചു ലതയും സതീശനും പോലീസ് സ്റ്റേഷനിലെത്തി. അവർ രജനിയുടെ ബാഗ്ഗും തുവാ

ലയും കത്തും തിരിച്ചറിഞ്ഞു. ശവത്തെക്കുറിച്ചോ മററു വസ്തുങ്ങളെക്കുറിച്ചോ ഒരു വിവരവും കിട്ടിയില്ല. ഇരുവരും കത്തു തുറന്നു വായിച്ചു. അതിൽ എഴുതിയിരുന്നു—

“ഈ ജീവിതമെന്താണു്? ഈ ലോകംതന്നെയുമെന്താണു്? എല്ലാം ഒരു തരം വിഷമപ്രശ്നങ്ങൾ. അവ മനസ്സിലാക്കാൻ ശ്രമിക്കുംതോറും അധികമധികം കുഴപ്പത്തിലേയ്ക്കിറങ്ങുകയാണു്. ഞാൻ ആർക്കുവേണ്ടി എന്തും ചെയ്യാൻ തയ്യാറായിരുന്നുവോ അയാൾ വിചാരിക്കുന്നു, തനിക്കു് ഇവളുടെ കൂടെ സുഖത്തോടെ ജീവിക്കാൻ സാധ്യമാവില്ലെന്നു്. അയാൾ സ്നേഹിക്കുന്നതു മറെറാരുവളെ. അവർക്കിരുവർക്കും ഒന്നിച്ചു സുഖത്തോടെ ജീവിക്കാൻ സാധിക്കും. എന്നാൽ അയാളുടെ കാമുകിക്കു് ഒരു ഹൃദയമുണ്ടു്. ഞാൻ ആ ഹൃദയത്തിൻെറയും അവളുടെ സുഖജീവിതത്തിൻെറയും ഇടയ്ക്കു നില്ക്കുകയാണു്. ഞാൻ ഇതിൽ കുററക്കാരിയല്ലെന്നെനിക്കറിയാം. ആ പുരുഷനിൽ ആദ്യത്തെയവകാശം എനിക്കാണു്. പക്ഷേ ഇതുകൊണ്ടു ഞാൻ ഈ മൂന്നുപേരുടെയും ജീവിതങ്ങൾ വിഷമിപ്പിക്കുകയെന്ന കുററമേല്ക്കേണ്ടിവരും. ഈയവസ്ഥയിൽ ഒരേയൊരുപായമേയുള്ളൂ—ഞാൻ ആ രണ്ടു പേരുടെ സുഖത്തിനുവേണ്ടി എൻെറ സകലഭാവിയും ത്യജിക്കണം. അതു ഞാനിന്നു ചെയ്യുകയാണു്. അവരിരുവരും സുഖത്തോടെ ജീവിക്കുമെന്നു ഞാനാശിക്കുന്നു.”

കരുത്തേറിയ കാലം ഈ സംഭവത്തിനു മറവിയുടെ മൂടുപടമിട്ടപ്പോൾ ലതയും സതീശനും വിവാഹിതരായി.